Newspaper for malayalees Worldwide
CHICAGO/TORONTO ◆ Estd.2020

വാചകം
VACHAKAM

Canada | America | India | Keralam | Socialmedia | Cinema | Sports | Technology | World

TORONTO
Vol.1 / Issue 23/ Pages32
05
നവംബർ 2026
വ്യാഴാഴ്ച
1202 തുലാം 19

www.vachakam.com
canada@vachakam.com
news@vachakam.com



സാമ്പത്തിക നയം സാധാരണക്കാരന് ആശ്വാസമാകുമോ?

കനേഡിയൻ ബജറ്റ്: വ്യവസായ മേഖലയ്ക്ക് നികുതിയിളവുമായി കാർണി

കനേഡിയൻ സാമ്പത്തിക വ്യവസ്ഥയ്ക്ക് പുതിയ ദിശാബോധം പകർന്നുനൽകുക എന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ നേതൃത്വത്തിലുള്ള സർക്കാർ പുതിയ ബജറ്റ് അവതരിപ്പിക്കാൻ ഒരുങ്ങുകയാണ്. രാജ്യത്തേക്ക് കൂടുതൽ വ്യവസായ നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനും സാമ്പത്തിക വളർച്ചയുടെ വേഗം വർദ്ധിപ്പിക്കുന്നതിനുമായി ബിസിനസ് മേഖലയ്ക്ക് ഏകദേശം 36 ബില്യൺ ഡോളറിന്റെ ഭീമമായ നികുതി ഇളവുകൾ ബജറ്റിൽ പ്രഖ്യാപിക്കുമെന്നാണ് സൂചന. സാങ്കേതിക മുന്നേറ്റത്തിനും വ്യവസായിക വികസനത്തിനും മുൻഗണന നൽകുന്ന ദീർഘകാല കാഴ്ചപ്പാടോടെയാണ് സർക്കാർ ഈ തുക മാറ്റിവെക്കുന്നത്.

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന ഈ നികുതി ഇളവുകൾ കാനഡയിലെ പ്രമുഖ വ്യവസായ സ്ഥാപനങ്ങൾക്കും നിർമ്മാണ മേഖലയ്ക്കും വലിയ ഉണർവ് സമ്മാനിക്കും. പ്രത്യേകിച്ച്, പുതിയ ഉൽപ്പാദന ഉപകരണങ്ങൾ സ്വന്തമാക്കുന്നതിനും അത്യാധുനിക സാങ്കേതികവിദ്യകളിൽ നിക്ഷേപം നടത്തുന്നതിനും കമ്പനികൾക്ക് നൽകുന്ന ഈ ഇളവുകൾ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ സഹായിക്കും. എന്നാൽ, കോർപ്പറേറ്റ് മേഖലയ്ക്ക് നൽകുന്ന ഇത്തരം ആനുകൂല്യങ്ങൾ രാജ്യത്തിന്റെ മൊത്തത്തിലുള്ള സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുമെങ്കിലും സാധാരണക്കാരായ ജനങ്ങളിലേക്ക് ഇതിന്റെ ഗുണം എത്രത്തോളം എത്തിച്ചേരുമെന്ന ചോദ്യം ശക്തമായി ഉയരുന്നുണ്ട്. മറുഭാ

ശേഷം പേജ് 8ൽ

ഭരിക്കാൻ ആരും ഇല്ലാതെ ഇരുന്നെങ്കിൽ! (സി. രാധാകൃഷ്ണൻ എഴുതുന്നു)..... പേജ് 25
കുതിപ്പകന്നും കിതച്ചും നോർക്ക കെയർ ഇൻഷുറൻസ് .....പേജ് 14
അധ്യാപകർ പഠിപ്പിക്കാത്ത (പഠിക്കാത്ത) പാഠങ്ങൾ .....പേജ് 21
സ്വാമീസ് ലോഡ്ജിലെ കസേരയും വിസ്മയനടനിലേക്കുള്ള ദൂരവും .....പേജ് 18
ബ്രോ, അഴിമതിയുടെ നിലയില്ലാ ചതുപ്പിൽ എന്തിനാണ് ഈ 'വെള്ള' പുതപ്പിക്കൽ .....പേജ് 20
അണയുമോ അണക്കെട്ടിന്റെ കനത്ത കനലുകൾ? സിയാങ് താഴ്‌വരയും ഹിമാലയത്തിന്റെ കണ്ണീരും .....പേജ് 27

പണപ്പെരുപ്പം 3.5 ശതമാനത്തിലേക്ക്; ബാങ്ക് ഓഫ് കാനഡ പലിശ നിരക്കുകൾ വീണ്ടും ഉയർത്തിയേക്കും



പണപ്പെരുപ്പത്തിന്റെ അനിയന്ത്രിതമായ കുതിച്ചുചാട്ടം തടയാൻ ഒട്ടാവ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കാനഡയുടെ കേന്ദ്ര ബാങ്ക് വീണ്ടും പോളിസി പലിശ നിരക്കുകളിൽ കടുത്ത നിയന്ത്രണങ്ങൾക്ക് വഴിയൊരുക്കുന്നു!

ബാങ്ക് ഓഫ് കാനഡയുടെ അടിയന്തിര മോണിറ്ററി പോളിസി തിരുമാന പ്രകാരം, പണപ്പെരുപ്പം ഈ വർഷത്തിന്റെ അവസാനത്തോടെ 3.5 ശതമാനത്തിലേക്ക് ഉയരുമെന്ന പ്രവചനത്തിന്റെ പശ്ചാത്തലത്തിൽ പോളിസി നിരക്ക് 25 ബേസിസ് പോയിന്റ് വർദ്ധിപ്പിച്ച് 2.50 ശതമാനമാക്കിയിരിക്കുകയാണ്. മൂന്ന് വർഷത്തെ ഇടവേളയ്ക്ക് ശേഷം ആദ്യമായി നടപ്പിലാക്കിയ ഈ നിരക്ക് വർദ്ധനയ്ക്ക് പുറമെ, വരും മാസങ്ങളിലും പലിശ നിരക്കുകൾ കൂടുതൽ ഉയർത്തേണ്ടി വരു

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com
വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

CARITAS
HOSPITAL & INSTITUTE OF HEALTH SCIENCES

CARITAS HOSPITAL
BISHOP MAR THOMAS THARAYIL BLOCK

Get home for good health

NRI Health Checkup Packages

Platinum - Female Package
Package Rate: ~~21,200~~
₹14,999

Gold - Female Package
Package Rate: ~~15,900~~
₹10,999

Platinum - Male Package
Package Rate: ~~18,250~~
₹12,999

Gold - Male Package
Package Rate: ~~14,000~~
₹9,999

For Booking: +91 9496 555 900



CARE Away
Just A Call

For Booking Telemedicine:
+91 8129 222 106

Caritas Hospital and Institute of Health Sciences, Kottayam - 686630
0481 6811110 | +91 96452 54777

Caritas Matha Hospital, Thellakom | Caritas HDP Hospital, Kaippuzha | Caritas KMM Hospital, Puthenangady | Caritas Family Hospital, Kalathipady

Newspaper for malayalees Worldwide
CHICAGO/TORONTO ◆ Estd.2020

വാചകം
VACHAKAM

Canada | America | India | Keralam | Socialmedia | Cinema | Sports | Technology | World

TORONTO
Vol.1 / Issue 23/ Pages32
05
നവംബർ 2026
വ്യാഴാഴ്ച
1202 തുലാം 19

www.vachakam.com
canada@vachakam.com
news@vachakam.com

സുപ്രീം കോടതിയുടെ സുപ്രധാന വിധി

അറസ്റ്റിനും കസ്റ്റഡിക്കും ഇനി വേർതിരിവില്ല!

24 മണിക്കൂറിനുള്ളിൽ ഹാജരാക്കണം



ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്ന നിമിഷം മുതൽ 24 മണിക്കൂറിനുള്ളിൽ മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കണമെന്ന സുപ്രധാന വിധി പുറപ്പെടുവിച്ച് സുപ്രീം കോടതി. അറസ്റ്റും തടങ്കലും തമ്മിൽ വേർതിരിവ് കൽപ്പിക്കുന്ന ഹൈക്കോടതികളുടെ നിലപാടുകൾ പൂർണ്ണമായും തള്ളിക്കൊണ്ടാണ് ഈ സുപ്രധാന ഉത്തരവ്. ഔദ്യോഗികമായി അറസ്റ്റ് രേഖപ്പെടുത്തുന്നതിന് മുമ്പ് ഒരാളെ തടങ്കലിൽ വെച്ച് ഭരണഘടനാപരമായ സംരക്ഷണം ഒഴിവാക്കാൻ കഴിയില്ലെന്ന് കോടതി വ്യക്തമാക്കി. ജസ്റ്റിസുമാരായ ഉജ്ജൽ ഭൂയാൻ, എ എസ് ചന്ദൂർക്കർ എന്നിവരടങ്ങിയ ബെഞ്ചാണ് ഈ വിധി പുറപ്പെടുവിച്ചത്. 24 മണിക്കൂർ സമയപരിധി കർശനമാണെന്നും ഇതിൽ ഒരു വിട്ടുവീഴ്ചയും പാടില്ലെന്നും കോടതി ഊന്നിപ്പറഞ്ഞു. ഒഡീഷ, കേരള, മദ്രാസ് ഹൈക്കോടതികൾ തടങ്കലിനും അറസ്റ്റിനും ഇടയിൽ കൃത്രിമമായ ഒരു ബഫർ പിരീഡ് ഉണ്ടാക്കാൻ ശ്രമിക്കുന്നത് തികച്ചും തെറ്റും അനാവശ്യവുമാണെന്ന് ജസ്റ്റിസ് ഭൂയാൻ നിരീക്ഷിച്ചു.

സ്വാതന്ത്ര്യത്തിൽ താൽക്കാലിക തടസ്സം എന്ന ഒന്നില്ലെന്നും അത്തരം ഏതൊരു വ്യാഖ്യാനവും ഭരണഘടനാ വിരുദ്ധമാണെന്നും ജസ്റ്റിസ് ഭൂയാൻ വ്യക്തമാക്കി. ഭരണഘടനയുടെ 22(2) അനുച്ഛേദം അനുസരിച്ചുള്ള സുരക്ഷാ മാനദണ്ഡ

ശേഷം പേജ് 10ൽ

'ഇന്ത്യൻ വിരുദ്ധ ഫണ്ടിംഗ്' ആരോപണവുമായി കേന്ദ്രം

കോക്രോച്ച് പാർട്ടിക്ക് പാക് സഹായവും!

കോക്രോച്ച് ജനതാ പാർട്ടി (സിജെപി) വിദേശ ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ശത്രുതാപരമായ ബാഹ്യ ശൃംഖലകളിൽ നിന്നും അനധികൃത ഫണ്ട് സ്വീകരിച്ച് ഇന്ത്യയിൽ അശാന്തി വളർത്തുന്നതായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ആരോപിച്ചു. സിജെപി സ്ഥാപകൻ അഭിജിത് ദിപ്കെ, തന്ത്രജ്ഞൻ അശുതോഷ് രാങ്ക എന്നിവർക്ക് വിദേശ ധനസഹായം ലഭിക്കുന്നതിന് വ്യക്തമായ തെളിവുകളുണ്ടെന്നും അദ്ദേഹം ബെംഗളൂരുവിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇന്ത്യ വിരുദ്ധ എൻജിഒകളിൽ നിന്നും രാജ്യത്തിനകത്തും പുറത്തുമുള്ള ഇന്ത്യ വിരുദ്ധ സംഘടനകളിൽ നിന്നും ഇവർക്ക് ഫണ്ട് ലഭിക്കുന്നുണ്ടെന്നും ജിതേന്ദ്ര സിംഗ് വ്യക്തമാക്കി. അമേരിക്കൻ ആസ്ഥാനമായുള്ള ദാതാക്കളിൽ നിന്ന് അഭി



ജിത് ദിപ്കെയ്ക്ക് പണം ലഭിക്കുന്നുണ്ടെന്നും അശുതോഷ് രാങ്കയ്ക്ക് പാകിസ്ഥാൻ രാഷ്ട്രീയക്കാർ പണം നൽകുന്നുണ്ടെന്നും ജിതേന്ദ്ര സിംഗ് വെളിപ്പെടുത്തി. ഈ വിദേശ ധനസഹായം ലഭിക്കുന്ന എൻജിഒകളും മറ്റ് ശക്തികളും ചേർന്ന് ഒരു പുതിയ വിവരണം സൃഷ്ടിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സിജെപിയുടെ സമീപകാല പ്രതിഷേധങ്ങൾ രാജ്യതലസ്ഥാനത്ത് ഉത്സവകാലത്ത് അരാജകത്വം സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ളതാണെന്ന് ബിജെപി വക്താവ് തുഹിൻ എ സിൻഹ എൻഡിടിവിയോട് പറഞ്ഞു. കഴിഞ്ഞ ഒരു മാസമായി സിജെപിയുടെ തന്ത്രങ്ങൾ

ശേഷം പേജ് 10ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com
വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ

ടൊറന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയ്ക്ക് സ്വന്തം ദേവാലയം



ടൊറന്റോ: കാനഡയിലെ ക്നാനായ കത്തോലിക്കാ സഭാ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച ടൊറന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവക, ഒന്റാറിയോയിലെ സെന്റർ വെല്ലിംഗ്ടണിൽ മൂന്ന് ഏക്കർ സ്ഥലത്തോടുകൂടിയ ദേവാലയം സ്വന്തമാക്കി.

പന്ത്രണ്ട് വർഷത്തെ പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും കാത്തിരിപ്പിന്റെയും ഫലമായാണ് ഇടവകയുടെ ഈ നേട്ടം. സ്വന്തമായി ഒരു ദേവാലയം എന്ന ഇടവകയുടെ ദീർഘകാല ലക്ഷ്യം ഇതോടെ സാക്ഷാത്കരിക്കപ്പെട്ടു.

ഇടവക വികാരി റവ. ഫാ. മാത്യു മേലേടത്ത്, കൈക്കാരന്മാരായ ജോൺ അരയത്ത്, അനീഷ് തെക്കേടത്ത്, ബിൽഡിംഗ് കമ്മിറ്റി ചെയർമാൻ തോമസ് ആയിരവേലിൽ, കമ്മിറ്റി അംഗങ്ങളായ ജോബി വലിയപുത്തൻപുരയിൽ, സാം കാരിക്കൊമ്പിൽ, ദീപു മലയിയിൽ എന്നിവരുടെ നേതൃത്വത്തിലും സഹകരണത്തിലുമാണ് ഈ നേട്ടം കൈവരിച്ചത്.


ഡയറക്ടറേറ്റ് ചെയർമാൻ റോയ് പുത്തൻകളം, സെക്രട്ടറി ജോഷി പാലത്തടത്തിൽ, ഡയറക്ടറേറ്റ് ബോർഡ് അംഗങ്ങൾ, പാരിഷ് കൗൺസിൽ അംഗങ്ങൾ, ഇടവകാംഗങ്ങൾ, നോർത്ത് അമേരിക്കയിലെ വിവിധ ക്നാനായ കത്തോലിക്കാ ഇടവയിലെ അഭ്യുദയകാംഷികൾ എന്നിവരുടെ കൂട്ടായ പങ്കാളിത്തവും ഈ ദേവാലയം സ്വന്തമാക്കുന്നതിൽ നിർണായകമായി.

കാനഡയിലെ ക്നാനായ കത്തോലിക്കരുടെ ഡയറക്ടറേറ്റ് എന്ന സഭാസംവിധാനത്തിന്റെ കീഴിൽ സ്വന്തമായി ദേവാലയം ലഭിക്കുന്ന രണ്ടാമത്തെ ദേവാലയമാണിത്.

ദേവാലയം സ്വന്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും മറ്റു വിവിധ മാർഗങ്ങളിലൂടെയും സഹകരിച്ച എല്ലാവർക്കും ഇടവക നന്ദി അറിയിക്കുന്നു.

ജോൺ കുരുവിള അരയത്ത്

സ്കൂൾ ബോർഡ് ട്രസ്റ്റിയായി ഡോ.തോമസ് തോമസിന് ഏഴാമത് വിജയം



ടൊറോന്റോ: മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ സ്കൂൾ ബോർഡ് ട്രസ്റ്റിയായി ഏഴാം തവണ ഡോ.തോമസ് തോമസ്, വമ്പിച്ച ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു. ഒക്ടോബർ 26 തിങ്കളാഴ്ച നടന്ന മുനിസിപ്പൽ സ്കൂൾ ബോർഡ് തെരഞ്ഞെടുപ്പുകളിൽ മിസ്സിസ്സാഗ വാർഡ് 5 ൽ നിന്നുമാണ് അദ്ദേഹം ഡഫറിൻ പീൽ കാത്തലിക്ക് ഡിസ്ട്രിക്ട് സ്കൂൾ ബോർഡ് ട്രസ്റ്റിയായി വിജയിച്ചത്.

കോട്ടയം തലയോലപ്പറമ്പ് മരങ്ങോലിൽ കുടുംബാംഗമായ ഡോ. തോമസ് തോമസ് തുടർച്ചയായ ഏഴ് തവണ വിജയിച്ചതോടെ, കാൽ നൂറ്റാണ്ടിലേറെ ഒരേ വാർഡിനെ പ്രതിനിധീകരിച്ചു സ്കൂൾ ബോർഡ് ട്രസ്റ്റിയായി വിജയിക്കുകയെന്ന ഒരു അത്യപൂർവ്വ നേട്ടത്തിനാണ് അദ്ദേഹം അർഹനായത്. നേരിട്ടാൽ തോൽപ്പിക്കാനാവില്ലയെന്നതിനാൽ കഴിഞ്ഞ തവണ എതിരാളിയായി ആരും അദ്ദേഹത്തിനെതിരെ തെരഞ്ഞെടുപ്പ് രംഗത്തു എത്തിയിരുന്നില്ല. തന്റെ വാർഡിലുള്ള വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും സ്കൂളുകളുമായി ബന്ധപ്പെട്ട ദൈനംദിന പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാരം കാണാനായി അവരോടൊപ്പം നിലകൊള്ളുകയും ചെയ്തതിന് ജനങ്ങൾ നൽകിയ ട്രസ്റ്റ് ആണ് ഈ വിജയമെന്ന് അദ്ദേഹം പറഞ്ഞു.

നിലവിൽ ഡഫറിൻ പീൽ കാത്തലിക് സ്കൂൾ ബോർഡ് ട്രസ്റ്റിയും ചെയർമാനുമായ തോമസ്, ബോർഡിന്റെ നിരവധി കമ്മറ്റികളിൽ ചെയറും വൈസ് ചെയറുമായിരുന്നു. കൂടാതെ ഒന്റാരിയോ കാത്തലിക് സ്കൂൾ ട്രസ്റ്റീസ് അസോസിയേഷൻ (ഓ.സി.എസ്.ടി.എ) ഡെഫറിൻ പീൽ റീജിയണൽ ഡയറക്ടറുമായിരുന്നു. പിളർപ്പിന് മുമ്പുള്ള ഫൊക്കാനയുടെയും കനേഡിയൻ മലയാളി അസോസിയേഷന്റെയും പ്രസിഡന്റായിരുന്ന അദ്ദേഹം കേരള ക്രിസ്ത്യൻ എക്യൂമെനിക്കൽ ഫെല്ലോഷിപ്പ് സെക്രട്ടറി, കനേഡിയൻ മലയാളി അസോസിയേഷൻ രക്ഷാധികാരി, ഫോമാ കാനഡ റീജിയണൽ വൈസ് പ്രസിഡന്റ്, പനോരമ ഇന്ത്യാ ഡയറക്ടർ തുടങ്ങിയ നിരവധി നിലകളിൽ സേവനമനുഷ്ഠിച്ചു കനേഡിയൻ മലയാളികളുടെ ഇടയിൽ ഇപ്പോഴും സജീവ സാന്നിധ്യമാണ്.

ഈ വർഷത്തെ മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ മിസ്സിസ്സാഗായിൽ നിരവധി മലയാളികൾ രംഗത്തുണ്ടായിരുന്നു. പബ്ലിക് സ്കൂൾ ബോർഡ് ട്രസ്റ്റിയായി സൂസൻ ബെഞ്ചമിനും, കാത്തലിക്ക് സ്കൂൾ ബോർഡ് ട്രസ്റ്റിയായി അനീഷ തോമസും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.





ഷാലു പുന്നൂസ് ഫോമ കൺവെൻഷൻ 2028 ചെയർ



ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസിന്റെ 2028 കൺവെൻഷൻ ചെയറായി ഫിലാഡൽഫിയയിൽ നിന്നുള്ള മുൻ ഫോമാ വൈസ് പ്രസിഡന്റ് ഷാലു പുന്നൂസിനെ തിരഞ്ഞെടുത്തു. ഫോമയുടെ ദേശീയ നേതൃത്വമാണ് ഷാലു പുന്നൂസിനെ ഈ സ്വപ്രധാന ചുമതലയിലേക്ക് തിരഞ്ഞെടുത്തത്. വിവിധ സംഘടനകളിലും സാമൂഹിക, സാംസ്കാരിക, ആരോഗ്യപരിപാലന മേഖലകളിലും ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന ഷാലു പുന്നൂസിന്റെ നേതൃത്വപരിചയം 2028 കൺവെൻഷന്റെ സംഘാടനത്തിന് മുതൽക്കൂട്ടാകുമെന്നാണ് പ്രതീക്ഷ.

ഫോമ പ്രസിഡന്റ് ബിജു തോണിക്കടവിൽ, ജനറൽ സെക്രട്ടറി പോൾ പി. ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡന്റ് സാമുവൽ മത്തായി, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ എന്നിവരടങ്ങുന്ന ദേശീയ നേതൃത്വമാണ് നിലവിൽ ഫോമയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. അദ്ദേഹത്തിന്റെ ചുമതല ഫോമയുടെ ദേശീയ തലത്തിലുള്ള പ്രധാന ഉത്തരവാദിത്വമായാണ് വിലയിരുത്തപ്പെടുന്നത്.

സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിൽ ട്രസ്റ്റിയായാണ് ഷാലു പുന്നൂസ് സാമൂഹിക പ്രവർത്തനരംഗത്ത് സജീവമാകുന്നത്. എക്കുമെനിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യൻ ചർച്ചസിൽ ട്രസ്റ്റി സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയയുടെ പ്രസിഡന്റായും ഫോമ നാഷണൽ കമ്മിറ്റി അംഗമായും ഫോമ വൈസ് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുള്ള ഷാലു പുന്നൂസിന് സംഘടനാ രംഗത്ത് വിപുലമായ അനുഭവസമ്പത്തുണ്ട്.

ഫിലാഡൽഫിയയിലെ ബഡി ബോയ്സ് ഫിലാഡൽഫിയയുടെ സ്ഥാപകനായ അദ്ദേഹം ഫിലാഡൽഫിയ പോലീസ് അഡൈസറി ബോർഡ് അംഗം, മോണ്ട്ഗോമറി കൗണ്ടി ഹെൽത്ത് അഡൈസറി കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ആരോഗ്യപരിപാലന രംഗത്തും ഷാലു പുന്നൂസിന് വിപുലമായ പ്രവർത്തന പരിചയമുണ്ട്. ഫിലാഡൽഫിയ കറക്ഷൻ ഡിപ്പാർട്ട്മെന്റിൽ നഴ്സായി സേവനമനുഷ്ഠിച്ച അദ്ദേഹം ഹോം കെയർ, അഡൾട്ട് ഡേ കെയർ മേഖലകളിൽ സംരംഭകനായും പ്രവർത്തിക്കുന്നു. സാമൂഹികസംഘടനാ പ്രവർത്തനങ്ങൾക്കൊപ്പം കലാരംഗത്തും സാന്നിധ്യമറിയിച്ചിട്ടുള്ള ഷാലു പുന്നൂസ് രണ്ട് സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്.

2028ലെ ഫോമ കൺവെൻഷന്റെ സംഘാടന പ്രവർത്തനങ്ങൾക്ക് ഷാലു പുന്നൂസിന്റെ നേതൃത്വത്തിൽ തുടക്കം കുറിക്കും. അമേരിക്കൻ മലയാളി സമൂഹത്തിന്റെ വിവിധ മേഖലകളെ ഒരുമിപ്പിക്കുന്ന ദേശീയ വേദിയെന്ന നിലയിൽ കൺവെൻഷനെ വിജയകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായിരിക്കും ഇനി മുൻഗണന. ഷാലു പുന്നൂസിന്റെ തിരഞ്ഞെടുപ്പിനെ ഫോമ ദേശീയ ഭാരവാഹികളും വിവിധ അംഗസംഘടനാ പ്രതിനിധികളും അഭിനന്ദിച്ചു.

വേൾഡ് മലയാളി കൗൺസിൽ ബ്രാംപ്ടൺ പ്രൊവിൻസ് കനേഡിയൻ മന്ത്രി റൂബി സഹോട്ട ഉദ്ഘാടനം ചെയ്തു

ബ്രാംപ്ടൺ (കാനഡ): വേൾഡ് മലയാളി കൗൺസിലിന്റെ (ഡബ്ല്യു.എം.സി) അമേരിക്ക റീജിയന് കീഴിൽ പുതുതായി രൂപീകരിച്ച ബ്രാംപ്ടൺ പ്രൊവിൻസിന്റെ ഔദ്യോഗിക ഉദ്ഘാടനവും പ്രഥമ ഭരണസമിതിയുടെ സ്ഥാനാരോഹണവും ഒക്ടോബർ 31 ശനിയാഴ്ച നടന്ന ചടങ്ങിൽ കാനഡ പാർലമെന്റ് അംഗവും ഫെഡറൽ സ്റ്റേറ്റ് സെക്രട്ടറിയുമായ റൂബി സഹോട്ട മുഖ്യാതിഥിയായി പങ്കെടുത്ത് ഉദ്ഘാടനം നിർവഹിച്ചു.



മലയാളികളുടെ തനത് സാംസ്കാരിക പൈതൃകം പുതുതലമുറയ്ക്ക് പകർന്നു നൽകുന്നതിനൊപ്പം പ്രവാസി സമൂഹത്തിൽ സാമൂഹിക പ്രതിബദ്ധതയും ജീവകാരുണ്യ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് ഭാരവാഹികൾ വ്യക്തമാക്കി.

ഡബ്ല്യു.എം.സി അമേരിക്ക റീജിയൻ പ്രസിഡന്റ് പിന്റോ കണ്ണമ്പള്ളി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. അമേരിക്ക റീജിയൻ അഡൈസറി ബോർഡ് ചെയർമാൻ ചാക്കോ കോയിക്കലത്ത് 2026-2028 കാലയളവിലേക്കുള്ള പുതിയ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. അമേരിക്ക റീജിയൻ വനിതാ ഫോറം പ്രസിഡന്റ് ഡോ. സൂസൻ ചാണ്ടി ചടങ്ങുകൾ ഏകോപിപ്പിച്ചു. ഒന്റാറിയോ പ്രൊവിൻസ് പ്രതിനിധി മുരളി പണിക്കർ മുഖ്യാതിഥിയെ സദസ്സിന് പരിചയപ്പെടുത്തി. വൈസ് ചെയർമാൻ സംഗീത് മാലിയ്ക്കൽ മുഖ്യാതിഥിക്ക് നന്ദിയും ബ്രാംപ്ടൺ പ്രൊവിൻസ് ചെയർമാൻ സുനിൽകുമാർ ശങ്കുണ്ണി സമാപന കൃത ജ്ഞതയും രേഖപ്പെടുത്തി.

ഡബ്ല്യു.എം.സി ഗ്ലോബൽ ചെയർമാൻ ജോൺ മത്തായി, ഗ്ലോബൽ പ്രസിഡന്റ് ജോളി തടത്തിൽ, ഗ്ലോബൽ ജനറൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗീസ്, ഗ്ലോബൽ ട്രഷറർ ജോൺസൺ തലച്ചെല്ലൂർ, അമേരിക്ക റീജിയൻ ചെയർമാൻ ജോണി കുന്നംപുറം, ജനറൽ സെക്രട്ടറി അനീഷ് ജെയിംസ്, ട്രഷറർ നിവിൻ വിൽഫ്രഡ്, ആൽബർട്ട പ്രൊവിൻസ് പ്രസിഡന്റ് ബെനോയ് ജോസഫ്, ഒന്റാറിയോ പ്രൊവിൻസ് പ്രസിഡന്റ് ഡേവിസ് ഫെർണാണ്ടസ് എന്നിവർ പുതിയ നേതൃത്വത്തിന് ആശംസകൾ നേർന്നു.

തുടർന്ന് അഞ്ജന ശ്രീകുമാറിന്റെ സംഗീതവിരുന്നും കാൽഗറി 'നോത്തേൺ ഗ്രൂവേഴ്സ്' അവതരിപ്പിച്ച നൃത്തശില്പവും അരങ്ങേറി.

പ്രഥമ ഭരണസമിതി ഭാരവാഹി (2026-2028) കളായി സുനിൽകുമാർ ശങ്കുണ്ണി (ചെയർമാൻ), ബിന്ദു സുനിൽ (പ്രസിഡന്റ്), സംഗീത് മാലിയ്ക്കൽ (വൈസ് ചെയർമാൻ), അവന്തിക തരകൻ (വൈസ് ചെയപേഴ്സൺ), സുമി രാജ് (സെക്രട്ടറി), തുഷാർ സുദർശനൻ (അസോസിയേറ്റ് സെക്രട്ടറി), ജോയ്സ് അഗസ്റ്റിൻ (ട്രഷറർ).



കാനഡയിൽ ഗാർഹിക പീഡനത്തിന് ഇരയാകുന്നവർക്ക് അഭയം അന്യമാകുന്നു; ഭവനരഹിതരാകുമെന്ന ഭയത്തിൽ പലരും ദുരിതജീവിതത്തിൽ!

അഭയകേന്ദ്രങ്ങളെ സമീപിക്കുന്നവരുടെ എണ്ണം കുറഞ്ഞെങ്കിലും കാനഡയിലെ ആൽബർട്ടയിൽ ഗാർഹിക പീഡനങ്ങൾ വർദ്ധിക്കുന്നതായി പുതിയ റിപ്പോർട്ട്. ദുരിതത്തിലാകുന്നവർക്ക് അഭയം തേടാൻ കഴിയുന്നില്ല എന്നതാണ് ഈ കണക്കുകൾക്ക് പിന്നിലെ ഞെട്ടിക്കുന്ന യാഥാർത്ഥ്യം. താമസ ചിലവുകളും മറ്റ് സാമ്പത്തിക ബുദ്ധിമുട്ടുകളും കാരണം പലരും ദുരിത ജീവിതം തുടരേണ്ടി വരികയാണ്.

ആൽബർട്ട കൗൺസിൽ ഓഫ് വുമൺസ് ഷെൽട്ടേഴ്സ് പുറത്തിറക്കിയ 2024-26 ലെ റിപ്പോർട്ടിലാണ് ഈ വിവരങ്ങൾ. 50ൽ അധികം കുടുംബങ്ങൾക്കുള്ള അഭയകേന്ദ്രങ്ങളിലെ ഗാർഹിക പീഡന പ്രവണതകളും പ്രവർത്തനങ്ങളും റിപ്പോർട്ട് വിശദീകരിക്കുന്നുണ്ട്. 2023-24 വർഷത്തിനു ശേഷം അഭയകേന്ദ്രങ്ങളിൽ എത്തുന്നവരുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധി കാരണം ആളുകൾക്ക് ദുരിത ബന്ധങ്ങളിൽ നിന്ന് പുറത്തുകടക്കാൻ കഴിയുന്നില്ലെന്ന് റിപ്പോർട്ടിന്റെ പ്രധാന എഴുത്തുകാരിയും അഇണ്ട-ലെ ഗവേഷണ, മൂല്യനിർണ്ണയ മാനേജരുമായ മിറാൻഡാ പിലിപ്പ്ചുക് പറഞ്ഞു. സുരക്ഷിതമായ ഒരു ജീവിതം ആരംഭിക്കുന്നതിനുള്ള വർദ്ധിച്ചുവരുന്ന ചിലവ് ഗാർഹിക പീഡനത്തിന്റെ ഇരകൾക്ക് സുരക്ഷിതമായി താമസിക്കാനും കഴിയാതാക്കുന്നു. പുതിയൊരു വീട്ടിലേക്ക് മാറാൻ വാടക, ഡാമേജ് ഡെപ്പോസിറ്റ്, യൂട്ടിലിറ്റി ഡെപ്പോസിറ്റുകൾ, ഒരു വീട് മുഴുവൻ സജ്ജീകരിക്കാനുള്ള ചിലവുകൾ എന്നിവ ഉൾപ്പെടെ വലിയ തുക ആവശ്യമാണെന്ന് അഇണ്ട എക്സിക്യൂട്ടീവ് ഡയറക്ടർ കാറ്റ് ഷാംപെയ്ൻ ചൂണ്ടിക്കാട്ടി.



അപകടകരമായ ബന്ധങ്ങളിൽ കഴിയുന്ന പലരും സാമ്പത്തിക നിയന്ത്രണം ഉൾപ്പെടെയുള്ള പീഡനങ്ങൾക്ക് ഇരയാകുന്നുണ്ട്. പല സ്ത്രീകൾക്കും ബാങ്ക് അക്കൗണ്ടുകൾ പോലും ലഭ്യമല്ലെന്നും, അക്കൗണ്ടുകൾ മരവിപ്പിക്കപ്പെടുയോ അല്ലെങ്കിൽ അവരുടെ പങ്കാളി സാമ്പത്തിക പീഡനത്തിനുള്ള ഒരു ഉപാധിയായി ധനകാര്യം ഉപയോഗിക്കുയോ ചെയ്യുന്നതായും കാറ്റ് ഷാംപെയ്ൻ വെളിപ്പെടുത്തി. ഭവനരഹിതരാകുമെന്നോ ഭക്ഷണമില്ലാതെ വരുമെന്നോ ഉള്ള ഭയം കാരണം പലരും പീഡനപരമായ സാഹചര്യങ്ങളിൽ തുടരാൻ നിർബന്ധിതരാകുന്നു.

2025 നും 2026 നും ഇടയിൽ അഭയകേന്ദ്രങ്ങളിൽ പ്രവേശനം ആവശ്യപ്പെട്ട 82 ശതമാനം കോളുകൾക്കും പ്രവേശനം ലഭിച്ചിട്ടില്ലെന്ന് 'ദി കോസ്റ്റ് ഓഫ് ലീവിംഗ്: ദി 2024-26 അഇണ്ട ഷെൽട്ടർ ഇംപാക്ട് റിപ്പോർട്ട്' പറയുന്നു. അഭയകേന്ദ്രങ്ങളിലേക്കുള്ള കോളുകളിൽ കുറവ് വരുന്നത് ഗാർഹിക പീഡനത്തിൽ കുറവ് വന്നുവെന്ന് അർത്ഥമാക്കുന്നില്ലെന്ന് കാറ്റ് ഷാംപെയ്ൻ വ്യക്തമാക്കി. സ്ത്രീകൾ എവിടേക്കാണ് പോകുന്നത്, എന്തുകൊണ്ടാണ് അവർ അഭയകേന്ദ്രങ്ങളിലേക്ക് വരാത്തത് എന്നതാണ് അഇണ്ട നെ സംബന്ധിച്ച് ഏറ്റവും വലിയ ആശങ്ക.

ഇരകൾക്ക് അടിയന്തര അഭയകേന്ദ്രങ്ങളിലും രണ്ടാം ഘട്ട അഭയകേന്ദ്രങ്ങളിലും കൂടുതൽ കാലം താമസിക്കേണ്ടി വരുന്നത് പുതിയ ആളുകളെ ഉൾക്കൊള്ളാനുള്ള സൗകര്യങ്ങൾ പരിമിതപ്പെടുത്തുന്നു. 2019ന് ശേഷം അടിയന്തര അഭയകേന്ദ്രങ്ങളിലെ ശരാശരി താമസ ദൈർഘ്യം ഏദേശം 50 ശതമാനം വർദ്ധിച്ചതായി റിപ്പോർട്ട് പറയുന്നു. എഡ്മന്റണിൽ 10,000ത്തിലധികം ആളുകളും കാൽഗറിയിൽ 7,500 ആളുകളും താങ്ങാനാവുന്ന ഭവന പദ്ധതികൾക്കായി കാത്തിരിപ്പ് പട്ടികയിലാണെന്ന് അഇണ്ട പറയുന്നു.

ഭവനരഹിതർക്ക് സുരക്ഷിതവും താങ്ങാനാവുന്നതുമായ താമസസൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ അവർക്ക് അഭയകേന്ദ്രങ്ങളിൽ കൂടുതൽ കാലം താമസിക്കേണ്ടി വരുന്നു. ഇത് കൂടുതൽ ആളുകൾക്ക് അഭയം നിഷേധിക്കപ്പെടുന്ന അവസ്ഥയിലേക്ക് എത്തിക്കുന്നുവെന്ന് കാറ്റ് ഷാംപെയ്ൻ പറഞ്ഞു. ചില അതിജീവിച്ചവർ അനുഭവിക്കുന്ന അക്രമങ്ങളുടെ തീവ്രത വർദ്ധിക്കുന്നതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

2024 നും 2025 നും ഇടയിൽ, 72 ശതമാനം പേരും മുൻ വർഷത്തേക്കാൾ ശാരീരിക പീഡനം വർദ്ധിച്ചതായി റിപ്പോർട്ട് ചെയ്തു.

ഒരു സ്ത്രീയെ അവളുടെ പങ്കാളി കൊല്ലാനുള്ള സാധ്യത മഹാമാരിക്ക് മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതലാണെന്ന് കാറ്റ് ഷാംപെയ്ൻ പറഞ്ഞു. പീഡനപരമായ സാഹചര്യങ്ങളിൽ നിന്ന് പുറത്തുവന്ന ശേഷം ഇരകൾക്ക് സുരക്ഷിതമായി പുതിയൊരു ജീവിതം കെട്ടിപ്പടുക്കുന്നത് എളുപ്പമാക്കുന്നതിനുള്ള നടപടികൾ അഇണ്ട ശുപാർശ ചെയ്യുന്നുണ്ട്. ഭവനത്തിന് മുൻഗണനാ പ്രവേശനം, വാടകയ്ക്കും ഡാമേജ് ഡെപ്പോസിറ്റുകൾക്കും സഹായം, സാമ്പത്തിക സഹായം വേഗത്തിൽ ലഭ്യമാക്കുക എന്നിവ ശുപാർശ ചെയ്ത നടപടികളിൽ ഉൾപ്പെടുന്നു.

അൽബെർട്ടയുടെ എസ്കേപ്പിംഗ് അബ്യൂസ് ബെനിഫിറ്റ് പോലുള്ള ചില സഹായങ്ങൾ നിലവിലുണ്ടെങ്കിലും, അവ ലഭ്യമാകുന്നതിന് തടസ്സങ്ങളുണ്ടെന്ന് കാറ്റ് ഷാംപെയ്ൻ പറഞ്ഞു. പ്രവിശ്യയുടെ വരുമാന പിന്തുണ സംവിധാനം ഇരകൾക്ക് നേരിടേണ്ടി വരുന്ന തടസ്സങ്ങൾക്ക് ഒരു ഉദാഹരണമാണെന്നും അവർ ചൂണ്ടിക്കാട്ടി. ഒരു അഭയകേന്ദ്രം ഒരു അതിജീവിച്ച വ്യക്തിയെ സഹായത്തിനായി വിളിക്കാൻ സഹായിച്ചാൽ, പിന്നീട് വരുമാന പിന്തുണ ഉദ്യോഗസ്ഥർ തിരികെ വിളിക്കുമ്പോൾ അവരെ ബന്ധപ്പെടാൻ കഴിഞ്ഞില്ലെങ്കിൽ അവരുടെ ഫയൽ ക്ലോസ് ചെയ്യാൻ സാധ്യതയുണ്ടെന്നും കാറ്റ് ഷാംപെയ്ൻ പറഞ്ഞു.

അഭയകേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നവർ അതിജീവിച്ചവരെ സഹായിക്കാൻ ആഗ്രഹിക്കുമ്പോൾ റിപ്പോർട്ടിംഗ് ആവശ്യകതകളെക്കുറിച്ചോ ചുവപ്പ് നാട പ്രശ്നങ്ങളെക്കുറിച്ചോ വിഷമിക്കേണ്ടതില്ലെന്ന് കാറ്റ് ഷാംപെയ്ൻ വ്യക്തമാക്കി. നിലവിലുള്ള സഹായങ്ങൾ അതിജീവിച്ചവർക്ക് എളുപ്പത്തിലും വേഗത്തിലും ലഭ്യമാക്കണമെന്നും ഭരണപരമായ തടസ്സങ്ങൾ കുറയ്ക്കണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു. ആൽബർട്ടയിലെ അഭയകേന്ദ്രങ്ങൾക്ക് ജീവനക്കാരുടെ ഉയർന്ന നിലവാരത്തിലുള്ള വിറ്റുവരവ് നിരക്കുണ്ടെന്നും ഇത് ദുർബലരായ താമസക്കാരെ സേവിക്കാനുള്ള അവരുടെ കഴിവിനെ ബാധിക്കുന്നുവെന്നും കാറ്റ് ഷാംപെയ്ൻ ചൂണ്ടിക്കാട്ടി.

കഠിനമായ ജോലി, വിഭവങ്ങളുടെ കുറവ്, ആളുകൾക്ക് ശരിയായ രീതിയിൽ ശമ്പളം നൽകാനും പരിശീലിപ്പിക്കാനുമുള്ള കഴിവില്ലായ്മ എന്നിവ അഭയകേന്ദ്രങ്ങൾക്ക് ഇരകളെ സേവിക്കാനുള്ള കഴിവിനെ ബാധിക്കുന്നതായി കാറ്റ് ഷാംപെയ്ൻ പറഞ്ഞു. 2024 നും 2026 നും ഇടയിൽ 11,332 മുതിർന്നവരെയും 6,277 കുട്ടികളെയും അഇണ്ട അംഗ അഭയകേന്ദ്രങ്ങളിൽ പ്രവേശിപ്പിച്ചതായി റിപ്പോർട്ട് പറയുന്നു.

ഇതേ കാലയളവിൽ, അഇണ്ട അംഗ അഭയകേന്ദ്രങ്ങൾ എല്ലാ പ്രോഗ്രാമുകളിലുമായി ക്ലയിന്റുകൾക്ക് 35,000ത്തിലധികം റഫറലുകളും 71,000 സേവനങ്ങളും നൽകി.



അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പ് ഫലത്തിലും കാനഡയുടെ വ്യാപാര ശ്രദ്ധയ്ക്ക് മാറ്റമില്ല; ഡെമോക്രാറ്റിക് മുന്നേറ്റം സ്വാഗതം ചെയ്ത് കനേഡിയൻ നേതാക്കൾ



അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റുകൾ ജനപ്രതിനിധി സഭയിലും സെനറ്റിലും വലിയ വിജയം നേടിയെങ്കിലും, അമേരിക്കയുമായുള്ള വ്യാപാര ചർച്ചകളിൽ കാനഡയുടെ ശ്രദ്ധയ്ക്ക് മാറ്റമൊന്നുമില്ലെന്ന് കാനഡ-യുഎസ് വ്യാപാര മന്ത്രി ഡൊമിനിക് ലെബ്ലാങ്ക് വ്യക്തമാക്കി. നിലവിലെ കോൺഗ്രസ് ജനുവരി വരെ അധികാരത്തിൽ തുടരുമെന്നും, അതുവരെ നിലവിലുള്ള പ്രതിനിധികളുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പ് ഫലങ്ങളെ നയിച്ച കാരണങ്ങൾ വിലയിരുത്തുന്നത് ക്രിയാത്മകമാകില്ലെന്നും, അമേരിക്കക്കാർ തിരഞ്ഞെടുത്ത ആളുകളുമായി പ്രവർത്തിക്കുക എന്നതാണ് തങ്ങളുടെ ദൗത്യമെന്നും ലെബ്ലാങ്ക് കൂട്ടിച്ചേർത്തു. ഇറാനിലെ യുദ്ധവും ജീവിതച്ചെലവിലെ വർദ്ധനവുമാണ് തിരഞ്ഞെടുപ്പ് ഫലങ്ങളിൽ വലിയ പങ്ക് വഹിച്ചതെന്നാണ് വോട്ടെടുപ്പ് ഫലങ്ങൾ സൂചിപ്പിക്കുന്നത്.

ഇറാൻ സംഘർഷവും യുഎസ് ഭരണകൂടം കാനഡയ്ക്കും മറ്റ് രാജ്യങ്ങൾക്കുമെതിരെ നടത്തിയ വ്യാപാര യുദ്ധവും ജീവിതച്ചെലവ് കുതിച്ചുയരാൻ കാരണമായിട്ടുണ്ട്. അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പ് ഫലങ്ങൾ, തുടരുന്ന വ്യാപാര യുദ്ധത്തിൽ അമേരിക്കക്കാർക്ക് എത്രമാത്രം മടുപ്പുണ്ടെന്ന് കാണിക്കുന്നതായി ചില വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു. ഓട്ടാവയും വാഷിംഗ്ടണും തമ്മിലുള്ള വ്യാപാര ചർച്ചകൾ ഓഗസ്റ്റിൽ പൊളിഞ്ഞത് കനേഡിയൻ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ താരിഫുകൾ ചുമത്തുന്നതിന് കാരണമായിരുന്നു.

ഇതിന് മറുപടിയായി കാനഡ ഏകദേശം 27.6 ബില്യൺ ഡോളർ വിലമതിക്കുന്ന യുഎസ് ഇറക്കുമതി ഉൽപ്പന്നങ്ങൾക്ക് 15 മുതൽ 50 ശതമാനം വരെ കൗണ്ടർ താരിഫുകൾ ഏർപ്പെടുത്തി. വ്യാപാര വൈവിധ്യവൽക്കരണത്തിനായി കാനഡ ചൈനയിലും ഇന്ത്യയിലും സമീപകാലത്ത് സന്ദർശനം നടത്തുകയും യൂറോപ്യൻ യൂണിയനിൽ അസോസിയേറ്റ് അംഗമായി ചേരുകയും ചെയ്തിട്ടുണ്ട്.

കാനഡയുടെ മുന്നോട്ടുള്ള തന്ത്രം സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കുക, വ്യാപാര പങ്കാളികളെ വൈവിധ്യവൽക്കരിക്കുക, അമേരിക്കയുമായുള്ള വെല്ലുവിളികളിലൂടെ മുന്നോട്ട് പോകുക എന്നിവയാണെന്നും അദ്ദേഹം വ്യക്തമാക്കി. യുഎസ് പ്രസിഡന്റ് ട്രംപുമായി വാരാന്ത്യത്തിൽ നടത്തിയ ഫോൺ സംഭാഷണത്തിന് പിന്നാലെ അമേരിക്കയുമായുള്ള കൂടുതൽ തീവ്രമായ വ്യാപാര ചർച്ചകൾ ആരംഭിച്ചതായി പ്രധാനമന്ത്രി മാർക്ക് കാർണി ചൊവ്വാഴ്ച അറിയിച്ചു. കൺസർവേറ്റീവ് നേതാവ് പിയറി പോലിയേവ്രെ അഭിപ്രായപ്പെട്ടു.

ഇടക്കാല തിരഞ്ഞെടുപ്പിന്റെ അപാരമായ സ്വാധീനം ഉപയോഗിച്ച് അമേരിക്കയുമായി ഒരു നല്ല കരാർ ഉറപ്പാക്കാൻ മാർക്ക് കാർണി ശ്രമിക്കണമെന്ന് കൺസർവേറ്റീവ് നേതാവ് പിയറി പോലിയേവ്രെ അഭിപ്രായപ്പെട്ടു. അമേരിക്കക്കാർ താരിഫുകളെ വെറുക്കുന്നുവെന്നും, കാനഡയ്ക്ക് മേലുള്ള താരിഫ് അമേരിക്കക്കാർക്ക് ഒരു നികുതിയാണെന്നും ഫലങ്ങൾ തെളിയിക്കുന്നതായി പിയറി പോലിയേവ്രെ പറഞ്ഞു. ഇടക്കാല തിരഞ്ഞെടുപ്പ് ഫലങ്ങളിൽ താൻ ആഹ്ലാദവാനാണെങ്കിലും, അമേരിക്കയും കാനഡയും തമ്മിലുള്ള ബന്ധം വഷളായി തുടരുമെന്ന് ഒന്റാറിയോ പ്രീമിയർ ഡഗ് ഫോർഡ് പറഞ്ഞു.

പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർ ജനുവരി അവസാനത്തോടെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്ന മുറയ്ക്ക് സെനറ്റർമാരുമായും, കോൺഗ്രസ് അംഗങ്ങളുമായും, ഗവർണർമാരുമായും വ്യാപാര ബന്ധം ചർച്ച ചെയ്യാൻ തന്റെ മന്ത്രിമാരോട് വാഷിംഗ്ടണിലേക്ക് പോകാൻ നിർദ്ദേശിക്കുമെന്നും ഡഗ് ഫോർഡ് കൂട്ടിച്ചേർത്തു. അതിർത്തിക്ക് തെക്ക് ഒരു നയതന്ത്ര മുന്നേറ്റം ആരംഭിക്കാൻ തന്റെ സർക്കാർ പദ്ധതിയിടുന്നതായി ക്യൂബെക്ക് പ്രീമിയർ പോൾ സെന്റ്പിയർ പ്ലാമോണ്ടൺ പറഞ്ഞു.

അമേരിക്കക്കാർ സംസാരിക്കുകയും സാഹചര്യം മാറുകയും ചെയ്തതിനാൽ ഒരു പരിഹാരം കണ്ടെത്താൻ ക്യൂബെക്ക് മികച്ച നിലയിലാണെന്ന് അദ്ദേഹം ക്യൂബെക്ക് സിറ്റിയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. സോഫ്റ്റ്വുഡ് ലംബർ, അലുമിനിയം, വിവിധ നിർമ്മിത ഭക്ഷണങ്ങൾ എന്നിവയെ ലക്ഷ്യം വെച്ചുള്ള യുഎസ് താരിഫുകൾ ഏറ്റവും കൂടുതൽ ബാധിച്ച പ്രവിശ്യകളിലൊന്നാണ് ക്യൂബെക്ക്. നേരിട്ടുള്ള വ്യാപാര അറിയിപ്പുകൾ ഉടൻ നടത്താൻ താൻ ഉദ്ദേശിക്കുന്നില്ലെന്നും, ആദ്യം ചർച്ചകൾക്കുള്ള വഴികൾ തുറക്കാനാണ് താൽപ്പര്യമെന്നും പോൾ സെന്റ്പിയർ പ്ലാമോണ്ടൺ വ്യക്തമാക്കി.

അമേരിക്കയുമായുള്ള വ്യാപാര ത്തോടുള്ള തന്റെ സർക്കാരിന്റെ സമീപനത്തെ ശരിവെക്കുന്നതാണ് ഇടക്കാല തിരഞ്ഞെടുപ്പ് ഫലങ്ങളെന്ന് ആൽബെർട്ട പ്രീമിയർ ഡാനിയൽ സ്മിത്ത് പറഞ്ഞു. താരിഫുകൾ കാനഡയ്ക്കും അമേരിക്കക്കാർക്കും ദോഷകരമാണെന്ന് അറിയാമെന്നും, അവരോടുള്ള തങ്ങളുടെ സമീപനത്തെ ഫലങ്ങൾ ശരിവെക്കുന്നതായും ആൽബെർട്ട എപ്പോഴും താരിഫുകളെ എതിർത്തിരുന്നുവെന്നും ഡാനിയൽ സ്മിത്ത് കൂട്ടിച്ചേർത്തു. അതിർത്തിയുടെ ഇരുവശത്തും ചെലവ് കുറയ്ക്കാൻ ഒരുമിച്ച് പ്രവർത്തിക്കാൻ താൻ ആഗ്രഹിക്കുന്നുവെന്ന് മാനിറ്റോബ പ്രീമിയർ വാബ് കിന്യൂ സോഷ്യൽ മീഡിയ പ്രസ്താവനയിൽ പറഞ്ഞു.

ഇറാനിലെ യുദ്ധം (പെട്രോൾ, ഡീസൽ വില) അവസാനിപ്പിച്ചും ട്രംപിന്റെ താരിഫുകൾ (മറ്റെല്ലാ വിലകളും) നിർത്തലാക്കിയും ചെലവ് കുറയ്ക്കാൻ കഴിയുമെന്ന് വാബ് കിന്യൂ വ്യക്തമാക്കി. സെനറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യ തദ്ദേശീയ വനിതയായ മിനസോട്ട സെനറ്റർ ഇലക്ട് പെഗ്ഗി ഫ്ലാനഗനെയും, യുഎസ് ഗവർണറായി സേവനമനുഷ്ഠിക്കുന്ന ആദ്യ തദ്ദേശീയ വനിതയായി ന്യൂ മെക്സിക്കോയെ നയിക്കുന്ന ഡെബ് ഹാലൻഡിനെയും അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു. സെനറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യ മുസ്ലീമായ മിഷിഗണിലെ അബ്ദുൾ എൽസയീദിനും വാബ് കിന്യൂ പ്രത്യേക അഭിനന്ദനം അറിയിച്ചു.

ന്യൂ ബ്രൺസ്വിക്ക് പ്രീമിയർ സൂസൻ ഹോൾട്ട് സാധ്യമായ ഏറ്റവും മികച്ച വ്യാപാര കരാറിനായി പോരാട്ടം തുടരുമെന്ന് പറഞ്ഞു. പുതിയ ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നത് ന്യൂ ബ്രൺസ്വിക്കിലെ സംരംഭകർക്കും തൊഴിലാളികൾക്കും മെച്ചപ്പെട്ട വ്യാപാര സാഹചര്യങ്ങൾക്ക് കാരണമാകുമെന്ന് അവർ കൂട്ടിച്ചേർത്തു. ഡെമോക്രാറ്റുകളുടെ വിജയം അമേരിക്കയുമായുള്ള ബന്ധം പുനഃസ്ഥാപിക്കാനും രണ്ട് രാജ്യങ്ങൾക്കുമിടയിൽ സ്വതന്ത്രവും നീതിയുക്തവുമായ വ്യാപാരം പുനഃസ്ഥാപിക്കാനും കാനഡയ്ക്ക് ഒരു അവസരമാണെന്ന് സസ്കാച്ചെവൻ പ്രീമിയർ സ്കോട്ട് മോ സോഷ്യൽ മീഡിയ പ്രസ്താവനയിൽ പറഞ്ഞു.

TRADITIONAL KERALA AYURVEDA
Mississauga · Serving since 2014

Aayush
Wellness Center Ltd.

Ayurveda, Registered Massage Therapy & Osteopath

We speak English, Malayalam, Tamil & Hindi

✓ Covered by most health plans · Direct billing

Female doctors & therapists



Relief from pain & stress, the Kerala way.

Our Treatments

Shirodhara (third-eye treatment)
Abhyanga full-body massage
Kizhi · Pizhichil · Panchakarma
Cupping · Gua sha · K-taping
Post-natal massage

We Help With

Back, neck & joint pain
Arthritis & sports injuries
Headache & migraine
Stress & emotional wellbeing
Skin conditions

Dr. K.C. Hareendran
BAMS, PhD, DNM (Canada)
Ayurveda & Naturopath Physician

Dr. Shana Fathima
BAMS

Dr. Shreya Bhatia
BAMS, MD (Ayurveda)

CALL TO BOOK
905-279-9777
Mobile 647-629-8841
Open 7 days · evenings & weekends

79 Dundas St. W, Suite 108
Mississauga, ON L5B 1H7
Near Hurontario & Dundas
Free parking at rear

Scan to visit



സാമ്പത്തിക നയം സാധാരണക്കാരന് ആശ്വാസമാകുമോ ?

(ഒന്നാം പേജ് തുടർച്ച)

ഗത്ത്, അനുദിനം കുതിച്ചുയരുന്ന ഗ്രോസറി വിലയും ജീവിതാവശ്യങ്ങൾക്കായുള്ള ചെലവുകളും കാനഡയിലെ സാധാരണ കുടുംബങ്ങളുടെ ജീവിതം കടുത്ത പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. പച്ചക്കറി, പാൽ തുടങ്ങി ദിവസേന ആവശ്യമുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം കാരണം നട്ടംതിരിയുന്ന ജനങ്ങൾ വലിയ പ്രതീക്ഷയോടെയാണ് വരാനിരിക്കുന്ന ബജറ്റിനെ ഉറ്റുനോക്കുന്നത്. ബിസിനസ് നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനൊപ്പം തന്നെ, സാധാരണക്കാരന് താങ്ങാനാവുന്ന രീതിയിൽ ജീവിതച്ചെലവുകൾ നിയന്ത്രിക്കാനും പ്രത്യേക സാമ്പത്തിക സഹായങ്ങളോ ആനുകൂല്യങ്ങളോ പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ എന്നാണ് രാജ്യം കാത്തിരിക്കുന്നത്.

സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതോടൊപ്പം ജനങ്ങളുടെ ദൈനംദിന ഭാരം കുറയ്ക്കുകയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന ഇരട്ട വെല്ലുവിളിയാണ് മാർക്ക് കാർണി സർക്കാരിന് മുന്നിലുള്ളത്. വൻകിട ബിസിനസുകൾക്കുള്ള പ്രോത്സാഹനങ്ങൾക്കൊപ്പം ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്ക് മുൻഗണന നൽകുന്ന പ്രഖ്യാപനങ്ങൾ ബജറ്റിൽ ഉണ്ടാകുമോ എന്ന് വരും മണിക്കൂറുകളിൽ വ്യക്തമാകും.

ബജറ്റിലെ പ്രധാന നിർദ്ദേശങ്ങൾ

സാധാരണക്കാർക്ക് നേരിട്ടുള്ള ആശ്വാസം: കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓട്ടോമേറ്റഡ് സിസ്റ്റം നടപ്പിലാക്കും. ജി.എസ്.ടി ക്രെഡിറ്റ്, കാനഡ ചൈൽഡ് ബെനഫിറ്റ് എന്നിവ കൂടുതൽ കുടുംബങ്ങളിലേക്ക് വ്യാപിപ്പിക്കും.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി: ദേശീയ സ്കൂൾ ഭക്ഷണ പദ്ധതി സ്ഥിരപ്പെടുത്തുന്നതിലൂടെ ഏകദേശം 4,00,000 കുട്ടികൾക്ക് പ്രയോജനം ലഭിക്കും. രണ്ടു കുട്ടികളുള്ള ഒരു കുടുംബത്തിന് പ്രതിവർഷം ശരാശരി 800 ഡോളർ വരെ ഇതിലൂടെ ലാഭിക്കാം.

മൂലധന നിക്ഷേപവും വികസനവും: സർക്കാർ ചെലവഴിക്കലിനെ നിത്യനിദാന ചെലവുകൾ, അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള മൂലധന നിക്ഷേപം എന്നിങ്ങനെ രണ്ടായി തിരിച്ചാണ് പ്രവർത്തിക്കുന്നത്. 202728 സാമ്പത്തിക വർഷത്തോടെ പ്രവർത്തനച്ചെലവുകൾ ഘടനാപരമായി സന്തുലിതമാക്കുകയാണ് ലക്ഷ്യം.

ഭവന നിർമ്മാണവും തൊഴിൽ അവസരങ്ങളും: കൂടുതൽ വീടുകൾ നിർമ്മിക്കുന്നതിനും, വ്യവസായ മേഖലയിൽ പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമുള്ള വലിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

രാജ്യത്തെ വീണ്ടും ശക്തമാക്കാനുള്ള വ്യക്തമായ പ്ലാനാണ് ഈ ബജറ്റ്. പൗരന്മാരുടെ നിത്യജീവിതച്ചെലവുകൾ കുറയ്ക്കാനും കാനഡയിലുടനീളം വൻകിട വികസന പദ്ധതികൾ നടപ്പിലാക്കാനും ഇതിലൂടെ സാധിക്കുമെന്നാണ് ഫെഡറൽ സർക്കാരിന്റെ വിലയിരുത്തൽ.

പണപ്പെരുപ്പം 3.5 ശതമാനത്തിലേക്ക്; ബാങ്ക് ഓഫ് കാനഡ പലിശ നിരക്കുകൾ വീണ്ടും ഉയർത്തിയേക്കും

(ഒന്നാം പേജ് തുടർച്ച)



പണപ്പെരുപ്പം 3.5 ശതമാനത്തിലേക്ക്; ബാങ്ക് ഓഫ് കാനഡ പലിശ നിരക്കുകൾ വീണ്ടും ഉയർത്തിയേക്കും

മെന്ന കർശന മുന്നറിയിപ്പും ഗവർണർ ടിഫ് മാക്ലെം നൽകിക്കഴിഞ്ഞു. അന്താരാഷ്ട്ര എണ്ണവില വർദ്ധനവും ജീവിതച്ചെലവുകളിലെ കുതിപ്പും കാനഡയിൽ ജീവിക്കുന്ന ഇന്ത്യൻ വംശജരുടെയും തൊഴിൽ തേടിയെത്തിയ വിദഗ്ദ്ധരുടെയും കുടുംബ ബജറ്റുകളിൽ വരുത്തുന്ന അടിയന്തിര സാമ്പത്തിക ആഘാതങ്ങൾ താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്തുന്നു...

പണപ്പെരുപ്പ ഭീഷണികളും ബാങ്ക് ഓഫ് കാനഡയുടെ പലിശ വർദ്ധന നയങ്ങളും

ആഗോള വിപണിയിലെ സമ്മർദ്ദങ്ങളും ആഭ്യന്തര ഉത്പാദന നിരക്കുകളും കേന്ദ്ര ബാങ്കിന്റെ തീരുമാനങ്ങളെ സ്വാധീനിക്കുന്ന പ്രധാന ചാലകശക്തികളാണ്.

പണപ്പെരുപ്പം 3.5 ശതമാനത്തിലേക്ക് കുതിക്കുമെന്ന മുന്നറിയിപ്പുകൾ

നടപ്പു വർഷത്തിന്റെ അവസാനത്തോടെ കാനഡയിലെ വാർഷിക പണപ്പെരുപ്പ നിരക്ക് 3.5 ശതമാനത്തിൽ എത്തും എന്ന് ബാങ്ക് ഓഫ് കാനഡയുടെ മോണിറ്ററി പോളിസി പ്രവചിക്കുന്നു. ഇന്ധന വിലയിലുണ്ടായ വർദ്ധനവും ഗതാഗത ചെലവുകളും ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ വിലക്കയറ്റത്തിന് കാരണമായി മാറിയിട്ടുണ്ട്.

മൂന്ന് വർഷത്തിന് ശേഷമുള്ള ആദ്യ പലിശ വർദ്ധനകൾ

പോളിസി നിരക്ക് 2.50 ശതമാനത്തിലേക്ക് ഉയർത്തിയത് വഴി പണലഭ്യത കുറയ്ക്കാനും വിപണിയിലെ അനിയന്ത്രിതമായ ചെലവഴിക്കലുകൾക്ക് തടയിടാനുമാണ് കേന്ദ്ര ബാങ്ക് ലക്ഷ്യമിടുന്നത്. കൂടുതൽ പലിശ വർദ്ധനകൾ വരും മാസങ്ങളിലും വേണ്ടി വന്നേക്കാമെന്ന് ഗവർണിംഗ് കൗൺസിൽ വ്യക്തമാക്കുന്നു.

എണ്ണവില വർദ്ധനവും ആഗോള സപ്ലൈ ചെയിൻ കുരുക്കുകളും

അന്താരാഷ്ട്ര തർക്കങ്ങളും പേർഷ്യൻ ഉൾക്കടലിലെ നാവിക ഭീഷണികളും കാരണം ക്രൂഡോയിൽ വില ഉയർന്നത് വിപണിയിലെ പെട്രോൾ, ഡീസൽ നിരക്കുകളിൽ വലിയ കുതിച്ചുചാട്ടമുണ്ടാക്കി. ഈ വിലക്കയറ്റം ഉൽപ്പന്ന നിർമ്മാണ ചെലവുകൾ ഇരട്ടിയാക്കി മാറ്റിയിട്ടുണ്ട്.

ജിഡിപി വളർച്ചയും വിപണി ശേഷികളും

കാനഡയിലെ സാമ്പത്തിക പ്രവർത്തനങ്ങൾ 2026ൽ 1 ശതമാനം വളർച്ച നേടുമെന്ന് പ്രവചിക്കപ്പെടുമ്പോഴും, വിപണിയിലെ ഉപയോഗിക്കപ്പെടാത്ത ശേഷികൾ വീണ്ടെടുക്കുന്നതിന് നിരക്ക് വർദ്ധന അനിവാര്യമാണെന്ന് ബാങ്ക് നിലപാടെടുത്തു.

മോർട്ട്ഗേജ് നിരക്കുകളിലെ കുതിപ്പും റിയൽ എസ്റ്റേറ്റ് മേഖലയിലെ ആഘാതങ്ങളും

കേന്ദ്ര ബാങ്കിന്റെ പലിശ വർദ്ധന രാജ്യത്തെ ബാങ്കിംഗ് സംവിധാനങ്ങളിലും ഭവന വായ്പകളിലും വലിയ ചലനങ്ങൾ സൃഷ്ടിക്കും.

വേരിയബിൾ മോർട്ട്ഗേജ് പലിശ നിരക്കുകളിൽ ഉണ്ടാകുന്ന വർദ്ധനകൾ

ബാങ്ക് ഓഫ് കാനഡ നിരക്ക് ഉയർത്തിയതോടെ വാണിജ്യ ബാങ്കുകളുടെ പ്രൈം ലെൻഡിംഗ് റേറ്റുകൾ വർദ്ധിക്കും. വേരിയബിൾ നിരക്കിൽ ഭവന വായ്പകൾ എടുത്ത ഉടമകളുടെ മാസാന്ത അടവുകളിലോ മുതലിലേക്ക് പോകുന്ന തുകയുടെ അനുപാതത്തിലോ ഉടനടി മാറ്റപ്രതിഷ്ഠകൾ ഉണ്ടാകും.

ഫിക്സഡ് മോർട്ട്ഗേജുകളിലെ ബോണ്ട് ഈൽഡ് സ്വാധീനങ്ങൾ

കേന്ദ്ര ബാങ്കിന്റെ പലിശ ഉയർത്തൽ സൂചനകൾ കാരണം ബോണ്ട് ഈൽഡുകൾ ഉയർന്ന നിലവാരത്തിലേക്ക് മാറിക്കഴിഞ്ഞു. ഇത് പുതിയ ഫിക്സഡ് നിരക്ക് ഭവന വായ്പകൾ എന്റർ ചെയ്യുന്നവർക്ക് ഉയർന്ന വായ്പാ ചെലവുകൾ സമ്മാനിക്കും.

ഭവന വിപണിയിലെ വാങ്ങൽ ശേഷിയും സമ്മർദ്ദങ്ങളും

മോർട്ട്ഗേജ് നിരക്കുകൾ ഉയരുന്നത് പുതിയ വീട് വാങ്ങാൻ ആഗ്രഹിക്കുന്നവരുടെ വാങ്ങൽ ശേഷിയെ ബാധിക്കും. ടെസ്റ്റ് നിരക്കുകൾ കടന്നുപോകാൻ അപേക്ഷകർ കൂടുതൽ വരുമാനം കാണിക്കേണ്ടി വരും.

വാടക വിപണികളിലെ തുടർച്ചയായ നിരക്ക് വർദ്ധനകൾ

വായ്പാ നിരക്കുകൾ ഉയർതോടെ വീട് വാങ്ങുന്നവരുടെ എണ്ണം കുറയുകയും വാടക വീടുകൾക്ക് ഡിമാൻഡ് കുതിച്ചുയരുകയും ചെയ്യും. ഇത് ഒട്ടാവ, ടൊറന്റോ, വാൻകൂവർ മേഖലകളിൽ വാടക നിരക്കുകൾ ഇനിയും വർദ്ധിക്കാൻ ഇടയാക്കും.

ഇന്ത്യൻ വംശജരായ പ്രൊഫഷണലുകളെയും കുടുംബങ്ങളെയും ബാധിക്കുന്ന സാമ്പത്തിക മാറ്റങ്ങൾ

കാനഡയിൽ താമസമാക്കിയ ഭാരതീയരുടെ ജീവിതച്ചെലവുകളിൽ ഉണ്ടാകുന്ന പ്രായോഗിക ആഘാതങ്ങൾ താഴെ നൽകുന്നു:

കുടുംബ ബജറ്റുകളിൽ നേരിടുന്ന മാസാന്ത ബാധ്യതകൾ

നിത്യോപയോഗ സാധനങ്ങളുടെയും ഇന്ധനത്തിന്റെയും വിലക്കയറ്റവും ഭവന വായ്പാ അടവുകളുടെ കുതിപ്പും ഇന്ത്യൻ വംശജരുടെ പ്രതിമാസ സമ്പാദ്യങ്ങളെ പ്രതികൂലമായി ബാധിക്കും. ക്രെഡിറ്റ് കാർഡ് അഡ്വാൻസുകളുടെ പലിശയും ഉയരും.

തൊഴിൽ വിപണിയിലെ കരുതലുകളും കോർപ്പറേറ്റ് ചെലവ് വെട്ടിച്ചുരുക്കലുകളും

കേന്ദ്ര ബാങ്ക് കടമെടുപ്പ് ചെലവേറിയതാക്കുതോടെ പ്രമുഖ കമ്പനികൾ തങ്ങളുടെ വികസന പദ്ധതികൾ മരവിപ്പിച്ചേക്കാം. ഇത് ഐടി, സാങ്കേതിക മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന ഇന്ത്യൻ ജീവനക്കാരുടെ പുതിയ തൊഴിൽ അവസരങ്ങളെ മന്ദഗതിയിലാക്കും.

ചെറുകിട കച്ചവടക്കാരുടെ ഓപ്പറേറ്റിംഗ് വായ്പാ പ്രതിസന്ധികൾ

ഗ്രോസറി, ട്രാക്കിംഗ്, റീട്ടെയിൽ ബിസിനസ്സുകൾ നടത്തുന്ന ഇന്ത്യൻ വംശജരായ സംരംഭകർക്ക് വാണിജ്യ വായ്പകളുടെ പലിശ ഭാരം ഉയരും. പ്രവർത്തന മൂലധനം കണ്ടെത്തുന്നതിൽ കൂടുതൽ സങ്കീർണ്ണതകൾ വരും.

പ്ലാൻ ബി ക്രമീകരണങ്ങളും സമ്പാദ്യ സുരക്ഷാ മുൻകരുതലുകളും

ഉയർന്ന പലിശ നിരക്കുകളുടെ പശ്ചാത്തലത്തിൽ, അനാവശ്യ ചെലവുകൾ വെട്ടിച്ചുരുക്കാനും ഉയർന്ന പലിശ ലഭിക്കുന്ന ഹൈഈൽഡ് സേവിംഗ്സ് ആക്കൗണ്ടുകളിലേക്ക് പണം മാറ്റാനും സാമ്പത്തിക വിദഗ്ദ്ധർ ഉപദേശിക്കുന്നു.

യുഎസ് ഇടക്കാല തിരഞ്ഞെടുപ്പ് കാനഡയിൽ ട്രോൾ മഴ; ബന്ധം ഇനിയെങ്കിലും മെച്ചപ്പെടും എന്ന പ്രതീക്ഷ!

അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പ് ഫലങ്ങൾ കാനഡയിൽ വലിയ ശ്രദ്ധ നേടി, ഇരു രാജ്യങ്ങളും തമ്മിലുള്ള അടുത്ത സാമ്പത്തിക, രാഷ്ട്രീയ ബന്ധങ്ങളാണ് ഇതിന് കാരണം. ഡെമോക്രാറ്റുകൾ ജനപ്രതിനിധിസഭയിലും സെനറ്റിലും ഉടനീളം വൻ വിജയം നേടി, ഇത് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനും റിപ്പബ്ലിക്കൻമാർക്കും വലിയ തിരിച്ചടിയായി. പരമ്പരാഗത ശക്തികേന്ദ്രങ്ങൾക്കപ്പുറം ടെക്സാസിലും ഡെമോക്രാറ്റിക് പാർട്ടിക്ക് കാര്യമായ വിജയങ്ങൾ നേടാൻ കഴിഞ്ഞു.

ഈ തിരഞ്ഞെടുപ്പ് ഫലങ്ങളോടുള്ള കാനഡക്കാരുടെ പ്രതികരണം ആശ്വാസം, ട്രോളുകൾ, കനേഡിയൻ ശൈലിയിലുള്ള താരതമ്യങ്ങൾ എന്നിവ നിറഞ്ഞതായിരുന്നു. ടൊറന്റോയിലായിരിക്കുമ്പോൾ പോലും തിരഞ്ഞെടുപ്പിൽ താൻ അമിതമായി ശ്രദ്ധ ചെലുത്തിയെന്ന് ഒരു എക്സ് ഉപയോക്താവ് കുറിച്ചു. മറ്റൊരു എക്സ് ഉപയോക്താവ് ഇതിനെ തെറ്റായ രാജ്യത്തിരുന്ന് ഒരു കായിക മത്സരം കാണുന്നതിനോട് ഉപമിച്ച് ഒരു മീം പങ്കുവെച്ചു.

ലേക്ക് ഒന്റാരിയോയെ ലേക്ക് അമേരിക്ക എന്ന് തെറ്റായി രേഖപ്പെടുത്തിയ ഒരു ഗൂഗിൾ മാപ്സ് ചിത്രം



വ്യാപകമായി പ്രചരിച്ചു. ബുധനാഴ്ച പലരും ലേക്ക് ഒന്റാരിയോ തിരിച്ചെത്തിയോ എന്ന ലളിതമായ ചോദ്യം ഉന്നയിച്ചു. പതിറ്റാണ്ടുകളായി റിപ്പബ്ലിക്കൻമാരുടെ ശക്തികേന്ദ്രമായിരുന്ന ടെക്സാസിൽ ഡെമോക്രാറ്റുകൾക്ക് സെനറ്റ് മത്സരത്തിലും ഗവർണർ പദവിയിലും വിജയിക്കാൻ കഴിഞ്ഞു.

ടെക്സാസ് നീലയായതിനെ ജോസ് ബൗട്ടിസ്റ്റയുടെ 2015ലെ ടെക്സാസ് റേഞ്ചേഴ്സിനെതിരായ പ്രശസ്തമായ പ്ലേഓഫ് ഹോം റണ്ണുമായി ഒരു കനേഡിയൻ താരതമ്യം ചെയ്തു. ടെക്സാസ് ഇപ്പോൾ ആൽബെർട്ട യെക്കാൾ ലിബറലാണെന്ന് മറ്റൊരു കനേഡിയൻ തമാശയായി പറഞ്ഞു. ഡെമോക്രാറ്റുകളുടെ മുന്നേറ്റം താരിഫുകൾക്കെതിരായ തന്റെ സർക്കാരിന്റെ നിലപാടിന് കിട്ടിയ അംഗീകാരമാണെന്ന് ആൽബെർട്ട പ്രീമിയർ ഡാനിയേൽ സ്മിത്ത് അഭിപ്രായപ്പെട്ടു.

വ്യാപാരയുദ്ധത്തിന്റെ സാമ്പത്തിക ചെലവുകൾ യുഎസ് വോട്ടർമാരും അനുഭവിക്കുന്നുണ്ടെന്ന് ഈ ഫലങ്ങൾ കാണിക്കുന്നതായും അവർ വാദിച്ചു. ഇത് കാനഡ യുഎസ് ബന്ധം മെച്ചപ്പെടുത്താനുള്ള വഴി തുറക്കുമെന്നും ആൽബെർട്ട പ്രീമിയർ ഡാനിയേൽ സ്മിത്ത് പറഞ്ഞു. എന്നിരുന്നാലും, തർക്കം അവസാനിച്ചിട്ടില്ലെന്ന് അവർ മുന്നറിയിപ്പ് നൽകി.

അതിർത്തി കടന്നുള്ള പോരാട്ടം തുടരുന്നതിനാൽ, ചെറിയ സർക്കാർ കരാറുകൾക്കായി ആൽബെർട്ടയിലെയും കനേഡിയൻ കമ്പനികൾക്കും മുൻഗണന നൽകുമെന്ന് ബുധനാഴ്ച ആൽബെർട്ട പ്രഖ്യാപിച്ചു. ട്രംപിന്റെ താരിഫുകളും കാനഡയുമായുള്ള വർദ്ധിച്ചുവരുന്ന വ്യാപാരബന്ധത്തിലെ പിരിമുറുക്കവും ഒട്ടാവയ്ക്ക് പ്രധാന വിഷയങ്ങളായിരുന്നു. ഡെമോക്രാറ്റുകൾക്ക് കോൺഗ്രസിൽ ഭൂരിപക്ഷം ലഭിച്ചത് ട്രംപിന്റെ വ്യാപാര നയങ്ങളെക്കുറിച്ച് അന്വേഷിക്കാനും താരിഫുകൾ റദ്ദാക്കാനുള്ള വോട്ടുകൾ മുന്നോട്ട് കൊണ്ടുപോകാനും അവർക്ക് കൂടുതൽ അധികാരം നൽകുന്നു.

എങ്കിലും, ട്രംപിന് വീറ്റോ അധികാരവും വ്യാപാരത്തിൽ വിശാലമായ എക്സിക്യൂട്ടീവ് അധികാരവും നിലനിർത്താൻ കഴിയും. ചർച്ചകളോടുള്ള തങ്ങളുടെ സമീപനത്തിൽ മാറ്റമില്ലെന്ന് ഒട്ടാവ പറയുന്നു. ഈ ഫലം സർക്കാരിന്റെ പ്രവർത്തനത്തിൽ കാര്യമായ സ്വാധീനം ചെലുത്തില്ലെന്ന് കാനഡയുഎസ് വ്യാപാര മന്ത്രി ഡൊമിനിക് ലെബ്ലാങ്ക് ബുധനാഴ്ച വ്യക്തമാക്കി.

ചില ഓൺലൈൻ അഭിപ്രായക്കാർ ഈ ഫലത്തെ ശുഭാപ്തിവിശ്വാസത്തിനുള്ള കാരണമായി കണ്ടു. രാഷ്ട്രീയ മാറ്റം കാനഡയിൽ സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കുമോ എന്നും ചിലർ ഉടനടി ചിന്തിച്ചു തുടങ്ങി. യുഎസിൽ ഡാറ്റാ സെന്ററുകളോടുള്ള വർദ്ധിച്ചുവരുന്ന എതിർപ്പിലേക്ക് നിരവധി പോസ്റ്റുകൾ വിരൽചൂണ്ടുകയും കാനഡയുടെ ശുദ്ധമായ ഊർജ്ജവും തണുത്ത കാലാവസ്ഥയും ലഭ്യമായ ഭൂമിയും ഒരു ആകർഷകമായ ബദലാക്കാമെന്ന് വാദിക്കുകയും ചെയ്തു.

Get personalized advice
from a Scotiabank®
Home Financing Advisor.



Scotiabank.



Ashok Mamkottil
Home Financing Advisor
647-895-8195
Ashok.Mamkottil@scotiabank.com

® Registered trademark of The Bank of Nova Scotia.

അറസ്റ്റിനും കസ്റ്റഡിക്കും ഇനി വേർതിരിവില്ല!

സുപ്രീം കോടതിയുടെ സുപ്രധാന വിധി

(മൂന്നാം പേജ് തുടർച്ച)



ങ്ങൾ ഒഴിവാക്കി ഒരാളുടെ സ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്ന ഒരു കൃത്രിമ കാലയളവ് അനുവദിക്കാനാവില്ലെന്നും വിധിയിൽ പറയുന്നു. എൻഡിപിഎസ് നിയമപ്രകാരമുള്ള ഒരു കേസിൽ അറസ്റ്റിലായ നാല് പേർ നൽകിയ അപ്പീലുകളിലാണ് ഈ വിധി.

2025 സെപ്തംബർ 29 ന് ഉച്ചയ്ക്ക് 2 മണിക്ക് ത്രിപുരയിൽ 11.03 കിലോ യാബ ഗുളികകൾ പിടിച്ചെടുത്ത കേസുമായി ബന്ധപ്പെട്ടാണ് ഇവരെ തടങ്കലിൽ എടുത്തത്. എന്നാൽ, പിറ്റേദിവസം രാവിലെ 11 മണിക്ക് മാത്രമാണ് ഇവരുടെ അറസ്റ്റ് ഔദ്യോഗികമായി രേഖപ്പെടുത്തിയത്. ഇവരെ തടങ്കലിൽ എടുത്ത നിമിഷം മുതൽ 24 മണിക്കൂറിനുള്ളിൽ മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കേണ്ടതായിരുന്നുവെന്നും, ഏകദേശം 18 മണിക്കൂറോളം ജുഡീഷ്യൽ മേൽനോട്ടമില്ലാതെ തടങ്കലിൽ വെച്ചത് ആർട്ടിക്കിൾ 22(2)ന്റെ ലംഘനമാണെന്നും അതിനാൽ ഉടനടി മോചനം ആവശ്യമാണെന്നും ബെഞ്ച് വിധിച്ചു.

ഈ വിധിആർട്ടിക്കിൾ22(2)ന്റെവ്യാപ്തിയെക്കുറിച്ചുള്ള സുപ്രധാന ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു. ഒരാളുടെ സ്വാതന്ത്ര്യം ഫലപ്രദമായി തടസ്സപ്പെടുത്തുന്ന നിമിഷം മുതൽ ഭരണഘടനാപരമായ സമയപരിധി ആരംഭിക്കുന്നുവെന്ന് വ്യക്തമാക്കുന്നതിലൂടെ, ഔദ്യോഗികമായി അറസ്റ്റ് രേഖപ്പെടുത്തേണ്ട സമയം തീരുമാനിക്കാനുള്ള അന്വേഷണ ഏജൻസികളുടെ അധികാരം കോടതി ഇല്ലാതാക്കി. അറസ്റ്റ്, തടങ്കൽ എന്നീ വാക്കുകൾ ആർട്ടിക്കിൾ 22(2) അനുസരിച്ച് ഒരുമിച്ച് വായിക്കേണ്ടതാണെന്നും 24 മണിക്കൂർ സമയപരിധി തടങ്കലിൽ വെക്കുന്ന നിമിഷം മുതൽ ആരംഭിക്കണമെന്നും ജസ്റ്റിസ് ഭുയാൻ പറഞ്ഞു.

ഔദ്യോഗിക അറസ്റ്റിന് മുമ്പുള്ള തടങ്കലിനെ സ്വാതന്ത്ര്യത്തിന്റെ താൽക്കാലികമോ അനുവദനീയമോ ആയ തടസ്സമായി കണക്കാക്കാനാകില്ലെന്ന വാദം കോടതി തള്ളി. അത്തരം ഒരു വ്യാഖ്യാനം ഭരണഘടന ഉറപ്പുനൽകുന്ന മൗലിക സംരക്ഷണം ദുർബലപ്പെടുത്തുമെന്ന് കോടതി വ്യക്തമാക്കി. പ്രത്യേക നിയമങ്ങളോ മറ്റോ ഭരണഘടനയ്ക്ക് വഴികാട്ടിയാകരുതെന്നും മൗലികാവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്ന രീതിയിലായിരിക്കണം വ്യാഖ്യാനങ്ങളെന്നും ബെഞ്ച് കൂട്ടിച്ചേർത്തു.

പരിശോധനയുടെയും പിടിച്ചെടുക്കലിന്റെയും പേരിൽ ഒരാളെ 24 മണിക്കൂറിലധികം തടങ്കലിൽ വെക്കുന്നത് ആർട്ടിക്കിൾ 21 ഉറപ്പുനൽകുന്ന ജീവിക്കാനും വ്യക്തിഗത സ്വാതന്ത്ര്യത്തിനുമുള്ള അവകാശത്തിന് വിരുദ്ധമാണെന്നും കോടതി പറഞ്ഞു. ആര്യമൻ പട്നായിക് (2025) കേസിലെ ഒഡീഷ ഹൈക്കോടതിയുടെയും, അരുൺ കെ തോമസ് (2026) കേസിലെ കേരള ഹൈക്കോടതിയുടെയും, കണ്ണൻ (2025) കേസിലെ മദ്രാസ് ഹൈക്കോടതിയുടെയും വിധികൾ കോടതി പ്രത്യേകമായി റദ്ദാക്കി. ഈ വിധികൾ ഔദ്യോഗിക അറസ്റ്റിന് മുമ്പുള്ള കാലയളവ് 24 മണിക്കൂർ സമയപരിധി കണക്കാക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ അനുവദിച്ചിരുന്നു.

കസ്റ്റഡി പീഡനത്തിന്റെ പശ്ചാത്തലത്തിൽ ഈ ഭരണഘടനാപരമായ സംരക്ഷണം വളരെ പ്രധാനമാണെന്ന് കോടതി അടിവരയിട്ടു. ഔദ്യോഗികമായി അറസ്റ്റ് രേഖപ്പെടുത്താതെ പോലീസ് കസ്റ്റഡിയിൽ വെക്കുമ്പോഴാണ് പലപ്പോഴും കസ്റ്റഡി പീഡനങ്ങൾ നടക്കുന്നതെന്ന് കോടതി നിരീക്ഷിച്ചു. ഭഗൽപൂർ ബ്ലൈൻഡിംഗ് കേസ് ഉൾപ്പെടെയുള്ള നിരവധി മുൻകാല വിധികൾ കസ്റ്റഡി പീഡനം ഒരു അംഗീകൃത യാഥാർത്ഥ്യമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടെന്നും ബെഞ്ച് വ്യക്തമാക്കി.

ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്ന തീയതിയും സമയവും, നിയമപാലകർ തടസ്സപ്പെടുത്തുന്നതുൾപ്പെടെയുള്ള, 24 മണിക്കൂർ സമയപരിധിയുടെ ആരംഭമായി കണക്കാക്കണമെന്ന് ബെഞ്ച് നിർദ്ദേശിച്ചു. അറസ്റ്റ് രേഖപ്പെടുത്തുന്നതിന് മുമ്പ് കസ്റ്റഡിയിൽ ചെലവഴിച്ച ഒരു സമയവും ഒഴിവാക്കാൻ കഴിയില്ല, അറസ്റ്റ് നടന്ന സ്ഥലത്ത് നിന്ന് മജിസ്ട്രേറ്റിന്റെ അടുത്തേക്കുള്ള യാത്രയ്ക്ക് യഥാർത്ഥത്തിൽ ആവശ്യമായ സമയം ഒഴികെ. വാറന്റില്ലാതെയുള്ള ഏതൊരു തടങ്കലും ന്യായമായ സമയത്തേക്ക് മാത്രമായിരിക്കണമെന്നും ബെഞ്ച് പറഞ്ഞു.

തടങ്കലിൽ വെച്ച വ്യക്തിയെ സ്വീകരിക്കുന്ന മജിസ്ട്രേറ്റ്, വ്യക്തിയുടെ സ്വാതന്ത്ര്യം തടസ്സപ്പെടുത്തിയ കൃത്യമായ തീയതിയും സമയവും രേഖപ്പെടുത്തണം.

24 മണിക്കൂർ ഭരണഘടനാപരമായ സമയപരിധി പാലിച്ചിട്ടുണ്ടോയെന്ന് മജിസ്ട്രേറ്റ് പരിശോധിക്കണം. ലംഘനം ഉണ്ടായാൽ, ആ വ്യക്തിയെ മോചിപ്പിക്കേണ്ടിവരുമെന്നും കോടതി വിധിയിൽ വ്യക്തമാക്കി.

'ഇന്ത്യൻ വിരുദ്ധ ഫണ്ടിംഗ്' ആരോപണവുമായി കേന്ദ്രം

(മൂന്നാം പേജ് തുടർച്ച)



ഉത്സവകാലത്ത് തലസ്ഥാനത്ത് പ്രക്ഷോഭങ്ങളും അരാജകത്വവും ഉണ്ടാക്കുകയായിരുന്നു എന്നും ഇത് ദുരുദ്ദേശ്യപരമാണെന്നും അദ്ദേഹം ആരോപിച്ചു. സിജെപിയും കോൺഗ്രസ് പാർട്ടിയും ഒരേ സമയം ജുഡീഷ്യറിയെ ലക്ഷ്യമിട്ടതായും തുഹിൻ എ സിൻഹ പറഞ്ഞു. കോടതി നടപടികൾക്കിടെ രാഹുൽ ഗാന്ധി സുപ്രീം കോടതിയിലേക്ക് മാർച്ച് നടത്തിയതായും ഏകോപിപ്പിച്ച പ്രതിഷേധങ്ങൾ ഇന്ത്യയുടെ ജനാധിപത്യ സ്ഥാപനങ്ങളെ ആഗോളതലത്തിൽ ദുർബലപ്പെടുത്താൻ ലക്ഷ്യമിട്ടുള്ളതാണെന്നും തുഹിൻ എ സിൻഹ പറഞ്ഞു. ഇന്ത്യയുടെ പ്രതിച്ഛായ നശിപ്പിക്കാനും രാജ്യത്തെ ജനാധിപത്യത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് സംശയങ്ങൾ ഉണ്ടാക്കാനും വേണ്ടി വളരെ ആസൂത്രിതമായ നീക്കമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സിജെപി വക്താക്കളായ സൗരവ് ദാസിനെയും രാങ്കയെയും ഡൽഹി പോലീസ് ക്രൈംബ്രാഞ്ച് ചോദ്യം ചെയ്യാൻ വിളിപ്പിതോടെയാണ് രാഷ്ട്രീയ പ്രക്ഷോഭം രൂക്ഷമായത്.

ഔദ്യോഗിക നിരോധനാജ്ഞ ലംഘിച്ചതിനും അനുമതിയില്ലാതെ ജന്തർ മന്ദിറിൽ പ്രവേശിച്ചതിനും മറ്റൊരു പാർട്ടിയുടെ സ്വത്തിൽ അതിക്രമിച്ചു കയറിയതിനും അന്വേഷണ ഉദ്യോഗസ്ഥർ സൗരവ് ദാസിനെയും രാങ്കയെയും ചോദ്യം ചെയ്യുകയാണ്. ഡൽഹിയിൽ പെട്ടെന്നുള്ള തെരുവ് പ്രതിഷേധങ്ങൾ തുടങ്ങിയതിന് ശേഷം സിജെപി നേതൃത്വം നിയമപരമായ പല വ്യവസ്ഥകളും ലംഘിച്ചതിനെ തുടർന്നാണ് ഈ സമൻസ്. ഒക്ടോബർ 10ന് ദാസിനെയും രാങ്കയെയും ഡൽഹി പോലീസ് കസ്റ്റഡിയിലെടുക്കുകയും ഓരോരുത്തരും 50,000 രൂപയുടെ സമാധാന ബോണ്ടിൽ ഒപ്പിട്ട് ഒരു വർഷത്തേക്ക് സമാധാന ലംഘന പ്രവർത്തനങ്ങളിൽ ഏർപ്പെടില്ലെന്ന് ഉറപ്പ് നൽകിയതിന് ശേഷം വിട്ടയക്കുകയും ചെയ്തിരുന്നു.

72 മണിക്കൂറിനുള്ളിൽ ദാസും രാങ്കയും സിജെപി അംഗം അജിൻക്യ ഷിൻഡെയും ഒക്ടോബർ 13ന് പോലീസ് ബാരിക്കേഡുകൾ മറികടന്ന് ജന്തർ മന്ദിറിന്റെ പൂട്ടിയിട്ട ഗേറ്റുകൾ കടന്ന് ബോണ്ട് വ്യവസ്ഥകൾ ലംഘിച്ചതായി ആരോപിക്കപ്പെടുന്നു. ജന്തർ മന്ദിർ ഒരു പ്രതിഷേധ സ്ഥലമായി നേരത്തെ തന്നെ നിരോധിച്ചിരുന്നു. സ്പെഷ്യൽ ഇൻടെൻസീവ് റിവിഷൻ (എസ്ഐആർ) അഭ്യാസത്തെച്ചൊല്ലി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ട് മുദ്രാവാക്യം വിളിച്ചു.

മേയിൽ അമേരിക്കയിലായിരിക്കുമ്പോൾ സിജെപി വെബ്സൈറ്റും സോഷ്യൽ മീഡിയ ഹാൻഡിലുകളും സ്ഥാപിച്ചതിന് ശേഷമാണ് ദിപ്കെ ആദ്യമായി വാർത്തകളിൽ ഇടംനേടിയത്. ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽ നിന്ന് പബ്ലിക് റിലേഷൻസ് ബിരുദധാരിയായ അഭിജിത് ദിപ്കെ സിജെപി വെബ്സൈറ്റിനെയും സോഷ്യൽ മീഡിയ ഹാൻഡിലുകളെയും ഒരു സറ്റയർ സൃഷ്ടിയെന്ന് വിശേഷിപ്പിച്ചു. 2020 മുതൽ 2023 വരെ ആം ആദ്മി പാർട്ടിയുമായി (എഎപി) ദിപ്കെയ്ക്ക് ബന്ധമുണ്ടായിരുന്നതായും പാർട്ടിയുടെ സോഷ്യൽ മീഡിയ ടീമിൽ സന്നദ്ധപ്രവർത്തകനായിരുന്നതായും റിപ്പോർട്ടുകൾ പറയുന്നു.

ബിജെപി നേതൃത്വത്തിലുള്ള കേന്ദ്രത്തിന്റെ വിദേശ കൈകളുണ്ടെന്ന ആരോപണങ്ങളെ പ്രതിപക്ഷം തള്ളിക്കളഞ്ഞു. ബെംഗളൂരുവിൽ കർണാടക ആഭ്യന്തര മന്ത്രി പ്രിയങ്ക് ഖാർഗെ, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, വിദേശകാര്യ മന്ത്രി എസ് ജയശങ്കർ, ഇന്റലിജൻസ് ബ്യൂറോ (ഐബി), റിസർച്ച് ആൻഡ് അനാലിസിസ് വിംഗ് (ആർ&എഡബ്ല്യു) എന്നിവർക്കെതിരെ തെളിവുകളില്ലാതെ ആരോപണങ്ങൾ ഉന്നയിച്ചതിന് വിമർശനം ഉന്നയിച്ചു. കോൺഗ്രസിന് വിദേശ ഏജൻസികളിൽ നിന്ന് ഫണ്ട് ലഭിക്കുന്നുണ്ടെന്ന് ബിജെപി പറയുകയാണെങ്കിൽ, അവർക്ക് ഒരു തുണ്ട് കടലാസുകളോ തെളിവുകളോ ഹാജരാക്കാൻ കഴിയുന്നില്ലെങ്കിൽ ഇത് അമിത് ഷാ, ജയശങ്കർ, ആർ&എഡബ്ല്യു എന്നിവരുടെ കഴിവില്ലായ്മയെയാണ് കാണിക്കുന്നതെന്ന് പ്രിയങ്ക് ഖാർഗെ മാധ്യമങ്ങളോട് പറഞ്ഞു.


ഐബിയും ആർ&എഡബ്ല്യുവും എന്താണ് ചെയ്യുന്നതെന്നും ഈ അഭിപ്രായങ്ങൾ എന്തിന്റെ അടിസ്ഥാനത്തിലാണ് പറയുന്നതെന്നും പ്രിയങ്ക് ഖാർഗെ ചോദ്യം ചെയ്തു. പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ഒരു പൊതു സംവാദത്തിന് വെല്ലുവിളിച്ച കോൺഗ്രസ് എംപി രാഹുൽ ഗാന്ധിയുടെ ഓൺലൈൻ വോട്ടെടുപ്പിനെ പ്രിയങ്ക് ഖാർഗെ പിന്തുണച്ചു. കോൺഗ്രസ്, ബിജെപി, ആർഎസ്എസ് എന്നിവയുടെ ഫണ്ടിംഗിനെക്കുറിച്ച് ബിജെപിയുടെ പ്രത്യയശാസ്ത്ര ഉപദേഷ്ടാവായ രാഷ്ട്രീയ സ്വയംസേവക് സംഘിന്റെ (ആർഎസ്എസ്) തലവൻ മോഹൻ ഭാഗവത് ഒരു ചർച്ചക്ക് മധ്യസ്ഥത വഹിക്കണമെന്ന് പ്രിയങ്ക് ഖാർഗെ നിർദ്ദേശിച്ചു.

ബ്രിട്ടീഷ് കൊളംബിയ സ്കൂൾ വിവരങ്ങൾ ഡാർക്ക് വെബിൽ! റഷ്യൻ ഹാക്കർ സംഘം വിവരങ്ങൾ ചോർത്തിയതായി റിപ്പോർട്ട്

ബ്രിട്ടീഷ് കൊളംബിയയിലെ ബേൺബി സ്കൂൾ ഡിസ്ട്രിക്റ്റിൽ നിന്നുള്ള വിവരങ്ങൾ ഡാർക്ക് വെബിൽ പ്രസിദ്ധീകരിച്ചതായി റഷ്യൻ ഹാക്കർ സംഘം അവകാശപ്പെടുന്നു. ബേൺബി സ്കൂൾ ഡിസ്ട്രിക്റ്റിൽ നിന്ന് ചോർത്തിയ ഒരു ഡാറ്റാബേസ് ഡാർക്ക് വെബ് സൈറ്റിൽ സിബിസി ന്യൂസ് കണ്ടെത്തിയിട്ടുണ്ട്. റഷ്യയിൽ നിന്ന് പ്രവർത്തിക്കുന്നതായി കരുതുന്ന 'കിലിൻ' എന്ന കുപ്രസിദ്ധ റാൻസംവെയർ സംഘമാണ് ഈ ഡാർക്ക് വെബ് സൈറ്റ് നടത്തുന്നത്.

ഹാക്ക് ചെയ്യപ്പെട്ട ഡാറ്റയുടെ സ്ക്രീൻഷോട്ടുകളിൽ 'പേറോൾ', 'ഹരാസ്മെന്റ് ഇൻവെസ്റ്റിഗേഷൻസ്' തുടങ്ങിയ പേരുകളിലുള്ള ഫോൾഡറുകൾ കാണാം. ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും മെഡിക്കൽ വിവരങ്ങൾ, വിശദമായ പഠന വിലയിരുത്തലുകൾ, വ്യക്തിഗത വിവരങ്ങൾ എന്നിവ ചോർന്ന ഡാറ്റയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് സ്കൂൾ അധികൃതർ പറയുന്നു. റാൻസംവെയർ ആക്രമണങ്ങൾ നടത്താൻ ഹാക്കർമാർക്ക് ടൂളുകൾ നൽകുന്ന 'റാൻസംവെയർ ആസ്എസർവീസ്' ദാതാവായി 'കിലിൻ' അറിയപ്പെടുന്നു.

സെപ്തംബറിൽ ബേൺബി സ്കൂൾ ഡിസ്ട്രിക്റ്റിന് നേരെ നടന്ന സൈബർ ആക്രമണം രക്ഷിതാക്കളിലും വിദ്യാർത്ഥികളിലും വലിയ ആശങ്ക ഉയർത്തിയിരുന്നു. കുട്ടികളുടെ



വിവരങ്ങൾ സൈബർ കുറ്റവാളികളുടെ കൈകളിലെത്തിയോ എന്ന ആശങ്കയുമായി നിരവധി രക്ഷിതാക്കളും വിദ്യാർത്ഥികളും സിബിസി ന്യൂസുമായി ബന്ധപ്പെട്ടിരുന്നു. ഹാക്കർമാർ ഡാർക്ക് വെബിൽ വിവരങ്ങൾ പ്രസിദ്ധീകരിച്ചതായി സ്കൂൾ ഡിസ്ട്രിക്റ്റ് രക്ഷിതാക്കൾക്ക് ഇമെയിൽ വഴി മുന്നറിയിപ്പ് നൽകിയതിന് തൊട്ടുപിന്നാലെയാണ് സിബിസി ന്യൂസ് ഈ ഡാറ്റാബേസ് കണ്ടെത്തിയത്.

കിലിന്റെ ഡാർക്ക് വെബ് സൈറ്റിൽ ലോകമെമ്പാടുമുള്ള വിവിധ ഏജൻസികളിൽ നിന്നും കമ്പനികളിൽ നിന്നും വ്യക്തികളിൽ നിന്നും മോഷ്ടിച്ച ഡാറ്റയുടെ വലിയൊരു പട്ടികയാണുള്ളത്. ഓൺലൈനിൽ പോസ്റ്റ് ചെയ്ത സ്ക്രീൻഷോട്ടുകൾ പ്രകാരം, ഫയലുകളിൽ ഒരു ടെറാബൈറ്റ് മൂല്യമുള്ള ഡാറ്റ അടങ്ങിയിരിക്കുന്നു. ഒക്ടോബർ 15ന് ആദ്യമായി പരസ്യമായി പോസ്റ്റ് ചെയ്തതിന് ശേഷം ഈ ഫയലുകൾ ഏകദേശം 4,000 തവണ കണ്ടിട്ടുണ്ടെന്ന് സൂചനയുണ്ട്.

'ഹരാസ്മെന്റ് ഇൻവെസ്റ്റിഗേഷൻസ്', 'ഡിസിപ്ലിൻ', 'പേറോൾ', 'മെന്റൽ ഹെൽത്ത് ആൻഡ് വെൽനസ്' തുടങ്ങിയ ഫോൾഡറുകൾ സ്ക്രീൻഷോട്ടുകളിൽ കാണാം. എന്നാൽ, ഈ ഫോൾഡറുകളിലെ ഉള്ളടക്കം സിബിസി ന്യൂസ് പരിശോധിച്ചിട്ടില്ല.

ഡാർക്ക് വെബിൽ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ, ചോർന്ന വിവരങ്ങളുടെ സ്വഭാവവും വ്യാപ്തിയും സ്ഥിരീകരിക്കാൻ ഒരു ബാഹ്യ വിദഗ്ദ്ധനെ നിയോഗിച്ചിട്ടുണ്ടെന്ന് ബേൺബി സ്കൂൾ ഡിസ്ട്രിക്റ്റ് സിബിസി ന്യൂസിനോട് പറഞ്ഞു. സെപ്തംബർ 21 നാണ് ഹാക്കർമാർ ഡിസ്ട്രിക്റ്റിന്റെ സിസ്റ്റങ്ങളിലേക്ക് കടന്നുകയറിയതെന്ന് സ്കൂൾ അധികൃതർ വ്യക്തമാക്കി.

നൽകപ്പെട്ട വിവരങ്ങളിൽ ഭൂരിഭാഗവും സുരക്ഷിതമാണെന്ന് സൂപ്രണ്ട് കരീം ഹാച്ലാഫ് രക്ഷിതാക്കൾക്ക് ഒക്ടോബർ 14ന് എഴുതിയ കത്തിൽ പറഞ്ഞിരുന്നു. എന്നിരുന്നാലും, ചില ബസ് ടൂറിംഗ് വിവരങ്ങൾ, വിദ്യാർത്ഥികളുടെ ഇടപെടൽ രേഖകൾ, മറ്റ് വിദ്യാർത്ഥി വിലയിരുത്തലുകൾ എന്നിവ കുറഞ്ഞ കേസുകളിൽ ചോർന്നിട്ടുണ്ടെന്ന് അദ്ദേഹം സൂചിപ്പിച്ചു. ബ്രിട്ടനിലെ നാഷണൽ ഹെൽത്ത് സർവീസിന് നേരെയുണ്ടായ 2024ലെ സൈബർ ആക്രമണം ഉൾപ്പെടെ നിരവധി ഉന്നത റാൻസംവെയർ ആക്രമണങ്ങളുമായി കിലിൻ ഗ്രൂപ്പിന് ബന്ധമുണ്ട്.



നാസയുടെ മുൻ മുഖ്യ സാമ്പത്തിക വിദഗ്ധൻ കനേഡിയൻ ബഹിരാകാശ ഏജൻസിയുടെ പുതിയ അധ്യക്ഷൻ!

നാസയുടെ മുൻ മുഖ്യ സാമ്പത്തിക വിദഗ്ധനായ അലക്സാണ്ടർ മാക്ഡൊണാൾഡിനെ കനേഡിയൻ ബഹിരാകാശ ഏജൻസിയുടെ പുതിയ അധ്യക്ഷനായി നിയമിച്ചു. ബുധനാഴ്ച വൈകുന്നേരമാണ് ഈ സുപ്രധാന പ്രഖ്യാപനം വന്നത്. ആർട്ടെമിസ് ദൗത്യം ഉൾപ്പെടുന്ന 'മൂൺ ടു മാർസ്' തന്ത്രം രൂപപ്പെടുത്തുന്നതിൽ മാക്ഡൊണാൾഡ് പ്രധാന പങ്ക് വഹിച്ചിരുന്നു.

കാനഡയിൽ നിന്ന് ബഹിരാകാശത്തേക്ക് യാത്ര ചെയ്ത ആദ്യ വ്യക്തിയായ മാർക്ക് ഗാർനോയുടെ അനുസ്മരണ ചടങ്ങിലാണ് വ്യവസായ മന്ത്രി മെലാനി ജോളി ഈ പ്രഖ്യാപനം നടത്തിയത്. ബഹിരാകാശം കാനഡയുടെ ശക്തിക്കും ഭാവിക്കും



എന്നത്തേക്കാളും പ്രധാനമാണെന്നും ആഗോള ബഹിരാകാശ നേതൃത്വത്തിൽ ലോകം കാനഡയെ ഉറ്റുനോക്കുന്നുണ്ടെന്നും മാക് ഡൊണാൾഡ് ഓട്ടാവയിൽ പറഞ്ഞു.

സർക്കാർ വാർത്താക്കുറിപ്പ് അനുസരിച്ച്, നാസയുടെ ആദ്യത്തെ മുഖ്യ സാമ്പത്തിക വിദഗ്ധനായി അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈ വർഷം കനേഡിയൻ ബഹിരാകാശ സഞ്ചാരി ജെറമി ഹാൻസൺ ചന്ദ്രനെ ചുറ്റിയ ആർട്ടെമിസ് കക ദൗത്യം ഉൾപ്പെടുന്ന 'മൂൺ ടു മാർസ്' തന്ത്രം സ്ഥാപിക്കുന്നതിന് അദ്ദേഹം സഹായിച്ചു.

ബഹിരാകാശത്ത് കനേഡിയൻസിന്റെ ഭാവി സാധ്യതകളിൽ താൻ കൂടുതൽ ആവേശത്തിലാണെന്നും മാക് ഡൊണാൾഡ് കൂട്ടിച്ചേർത്തു.

2020 മുതൽ ഈ സ്ഥാനത്തുണ്ടായിരുന്ന ലിസ കാംബെല്ലിന് പകരക്കാരനായാണ് മാക്ഡൊണാൾഡ് എത്തുന്നത്. കാനഡയുടെ ബഹിരാകാശ ശേഷി വികസിപ്പിക്കാൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ സർക്കാർ ശ്രമിക്കുന്ന സമയത്താണ് ഈ നിയമനം. ഈ മാസം ആദ്യം, പുതിയ ബഹിരാകാശ തന്ത്രം വികസിപ്പിക്കുന്നതിനുള്ള പ്രത്യേക ഉപദേഷ്ടാവായി ജെറമി ഹാൻസണെ ജോളി നിയമിച്ചിരുന്നു.

ഫെബ്രുവരിയിൽ പുറത്തിറക്കിയ പുതിയ പ്രതിരോധ വ്യാവസായിക തന്ത്രത്തിൽ നിരീക്ഷണത്തിനായി ബഹിരാകാശ അധിഷ്ഠിത പ്ലാറ്റ്ഫോമുകൾക്ക് ഫെഡറൽ സർക്കാർ മുൻഗണന നൽകിയിരുന്നു. യൂറോപ്യൻ യൂണിയനുമായുള്ള നിർദ്ദിഷ്ട പങ്കാളിത്തത്തിന്റെ ഭാഗമായി യൂറോപ്യൻ രാജ്യങ്ങളുമായി ബഹിരാകാശ സഹകരണം വിപുലീകരിക്കാനും ട്രൂഡോ സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

ബ്രിട്ടനിൽ കുടിയേറ്റ നിയമങ്ങളിൽ വൻ പരിഷ്കാരം; സ്ഥിരതാമസത്തിന് ഇനി 10 വർഷം, നഴ്സുമാർക്കും കെയർ വർക്കർമാർക്കും ഇളവ്

ഉയർന്ന വരുമാനക്കാർക്കും പൊതുസേവന മേഖലകളിലെ ജീവനക്കാർക്കും പ്രത്യേക ഇളവ്; അനധികൃതമായി എത്തുന്നവർക്ക് 30 വർഷം വരെ കാത്തിരിക്കേണ്ടിവരും



ലണ്ടൻ: ബ്രിട്ടനിലെ കുടിയേറ്റ നിയമങ്ങളിൽ നിർണായക മാറ്റങ്ങൾ പ്രഖ്യാപിച്ച് ലേബർ സർക്കാർ. വിദേശികൾക്ക് അഞ്ചുവർഷത്തെ താമസത്തിനുശേഷം സ്ഥിരതാമസത്തിന് അപേക്ഷിക്കാൻ അവസരം നൽകുന്ന നിലവിലെ വ്യവസ്ഥയിൽ മാറ്റം വരുത്തി, സാധാരണ കാലപരിധി പത്തു വർഷമാക്കാനാണ് സർക്കാർ തീരുമാനം. 'Earned Settlement' എന്ന പുതിയ സംവിധാനത്തിന്റെ വിശദാംശങ്ങൾ നവംബർ രണ്ടിന് ആഭ്യന്തര സെക്രട്ടറി ഷബാന മഹ്മൂദ് ബ്രിട്ടീഷ് പാർലമെന്റിൽ അവതരിപ്പിച്ചു.

പുതിയ സംവിധാനത്തിൽ ബ്രിട്ടനിൽ എത്ര വർഷം താമസിച്ചു എന്നതുമാത്രമല്ല, രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്കും പൊതുസേവനങ്ങൾക്കും നൽകുന്ന സംഭാവന, വരുമാനം, തൊഴിൽ, നിയമാനുസൃതമായ പെരുമാറ്റം, ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം എന്നിവയും സ്ഥിരതാമസത്തിനുള്ള യോഗ്യത നിർണയിക്കും.

നിലവിലെ 'Indefinite Leave to Remain' (ILR) സംവിധാനത്തിൽ പല തൊഴിൽവിസ വിഭാഗങ്ങൾക്കും അഞ്ചു വർഷത്തിനുശേഷം സ്ഥിരതാമസത്തിന് അപേക്ഷിക്കാം. എന്നാൽ പുതിയ പരിഷ്കാരത്തോടെ ഭൂരിഭാഗം കുടിയേറ്റക്കാർക്കും കുറഞ്ഞത് പത്തുവർഷം കാത്തിരിക്കേണ്ടിവരും.

വാർഷിക വരുമാനം 50,271 പൗണ്ടിൽ കൂടുതലുള്ളവർക്കും ഡോക്ടർമാർ, നഴ്സുമാർ, അധ്യാപകർ തുടങ്ങിയ നിർദിഷ്ട പൊതുസേവന മേഖലകളിലെ ജീവനക്കാർക്കും അഞ്ചുവർഷത്തെ കാലപരിധി തുടരും. 1,25,000 പൗണ്ടിൽ കൂടുതൽ വരുമാനമുള്ളവർക്കും പ്രത്യേക പ്രതിഭാ വിസ പദ്ധതികളിലൂടെ എത്തുന്നവർക്കും മൂന്നുവർഷത്തിനുശേഷം സ്ഥിരതാമസത്തിന് അപേക്ഷിക്കാൻ അവസരമുണ്ടാകും.

കെയർ വർക്കർമാർക്ക് പ്രത്യേക സംരക്ഷണം

ബ്രിട്ടനിലെ ആരോഗ്യപരിചരണ മേഖലയിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് വിദേശികൾക്ക് ആശ്വാസം നൽകുന്ന ഇളവുകളും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വിസാ വ്യവസ്ഥകൾ പാലിക്കുകയും പ്രതിവർഷം കുറഞ്ഞത് 25,000 പൗണ്ട് സമ്പാദിക്കുകയും ചെയ്ത അർഹരായ കെയർ വർക്കർമാർക്ക് അഞ്ചുവർഷത്തിനുശേഷം സ്ഥിരതാമസത്തിന് അപേക്ഷിക്കാം.

2022 മുതൽ 2025 വരെയുള്ള കാലഘട്ടത്തിൽ കെയർ മേഖലയിൽ എത്തിയവർക്കാണ് ഈ പ്രത്യേക പരിവർത്തന ക്രമീകരണം പ്രധാനമായും ബാധകമാകുക. നിബന്ധനകൾ പാലിക്കാൻ കഴിയാതിരുന്നവർക്ക് പുതിയ അഞ്ചുവർഷത്തെ കെയർ വിസയിലൂടെ യോഗ്യത നേടാനുള്ള അവസരവും നൽകും. കോവിഡ് മഹാമാരിക്കുശേഷം ബ്രിട്ടനിലെ ആരോഗ്യപരിചരണ സംവിധാനത്തെ പിന്തുണച്ച വിദേശ തൊഴിലാളികളുടെ സംഭാവന പരിഗണിച്ചാണ് ഇളവെന്ന് സർക്കാർ വ്യക്തമാക്കി.

അനധികൃത കുടിയേറ്റത്തിന് കടുത്ത നിയന്ത്രണം

അനധികൃതമായി ബ്രിട്ടനിൽ പ്രവേശിക്കുന്നവർക്കുള്ള സ്ഥിരതാമസ നടപടികൾ കൂടുതൽ കർശനമാക്കും. അംഗീകൃത സുരക്ഷിതവും നിയമാനുസൃതവുമായ മാർഗങ്ങളിലൂടെയല്ലാതെ അഭയാർഥികളായി എത്തുന്നവർക്ക് സാധാരണയായി 20 വർഷമാണ് നിർദിഷ്ട കാലപരിധി. ചെറുബോട്ടുകളിലൂടെ അനധികൃതമായി പ്രവേശിക്കുന്നവർക്ക് പത്തുവർഷം കൂടി കൂട്ടിച്ചേർത്ത് 30 വർഷം വരെ കാത്തിരിക്കേണ്ടിവരും.

അതേസമയം, അംഗീകൃത നിയമാനുസൃത അഭയാർഥി പാതകളിലൂടെ എത്തുന്നവർക്ക് അഞ്ചുവർഷത്തിനുശേഷം സ്ഥിരതാമസത്തിന് അവസരമുണ്ടാകും. ചില അഭയാർഥികൾക്ക് ജോലിയിലോ പഠനത്തിലോ ഏർപ്പെടുന്നതിലൂടെ കാത്തിരിപ്പ് കാലം കുറയ്ക്കാനും സാധിക്കും.

ഇംഗ്ലീഷ് ഭാഷയും സാമ്പത്തിക സംഭാവനയും നിർണായകം

പുതിയ വ്യവസ്ഥപ്രകാരം സ്ഥിരതാമസത്തിന് അപേക്ഷിക്കുന്നവർ ഉയർന്ന നിലവാരത്തിലുള്ള ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം തെളിയിക്കണം. എ ലെവൽ നിലവാരത്തിന് തുല്യമായ ഇംഗ്ലീഷ് പ്രാവീണ്യമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. കൂടാതെ, ക്രിമിനൽ പശ്ചാത്തല പരിശോധന, സർക്കാരിനോടുള്ള കുടിശ്ശികകൾ ഇല്ലാതിരിക്കുക, കുറഞ്ഞത് മൂന്നുവർഷത്തെ നാഷണൽ ഇൻഷുറൻസ് സംഭാവന എന്നിവയും പ്രധാന നിബന്ധനകളാണ്.

സർക്കാർ ആനുകൂല്യങ്ങൾ സ്വീകരിച്ചിട്ടുള്ളവർ സ്ഥിരതാമസത്തിന് അപേക്ഷിക്കുന്നതിന് മുമ്പ് തുടർച്ചയായ അഞ്ചുവർഷം അത്തരം ആനുകൂല്യങ്ങളെ ആശ്രയിക്കാതെ കഴിയേണ്ടിവരും.

നിലവിൽ ബ്രിട്ടനിലുള്ളവർക്കും മാറ്റം ബാധകമായേക്കും

ബ്രിട്ടനിൽ ഇപ്പോൾ ജോലി ചെയ്യുകയും സ്ഥിരതാമസത്തിനുള്ള കാലാവധി പൂർത്തിയാക്കാൻ കാത്തിരിക്കുകയും ചെയ്യുന്നവരെയും പുതിയ വ്യവസ്ഥകൾ ബാധിച്ചേക്കാം. എന്നാൽ 2025 മേയ് മാസത്തിനുമുമ്പ് ചില കെയർ, പൊതുസേവന മേഖലകളിലെ വിസാ പാതകളിൽ പ്രവേശിച്ചവർക്ക് പ്രത്യേക ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

ഹോങ്കോങ്ങിൽനിന്നുള്ള ബ്രിട്ടീഷ് നാഷണൽ (ഓവർസീസസ്) വിസാ ഉടമകൾ, ബ്രിട്ടീഷ് സായുധസേനാംഗങ്ങൾ, ബ്രിട്ടനുമായി നിർദിഷ്ട കുടുംബബന്ധമുള്ളവർ തുടങ്ങിയ ചില വിഭാഗങ്ങളുടെ നിലവിലെ സ്ഥിരതാമസ വ്യവസ്ഥകൾ തുടരും. സർക്കാരിന്റെ കണക്കുകൂട്ടലനുസരിച്ച് അഞ്ചുലക്ഷത്തിലധികം ആളുകൾക്ക് സ്ഥിരതാമസത്തിനായി അഞ്ചുവർഷത്തിലധികം കാത്തിരിക്കേണ്ടിവരും.

പുതിയ നിയമങ്ങൾ 2027ൽ പ്രാബല്യത്തിലേക്ക്

നവംബർ രണ്ടിന് പ്രഖ്യാപിച്ച നയ പരിഷ്കാരങ്ങൾ ഉടൻ പൂർണമായി പ്രാബല്യത്തിൽ വരുന്നതല്ല. ഡിസംബറിൽ ഇമിഗ്രേഷൻ ചട്ടഭേദഗതികൾ അവതരിപ്പിച്ചുതുടങ്ങുമെന്നും 2027ൽ ഘട്ടംഘട്ടമായി നടപ്പാക്കുമെന്നും ആഭ്യന്തര സെക്രട്ടറി പാർലമെന്റിൽ അറിയിച്ചു.

കുടിയേറ്റത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനൊപ്പം രാജ്യത്തിന് സാമ്പത്തികവും സാമൂഹികവുമായ സംഭാവന നൽകുന്നവർക്ക് സ്ഥിരതാമസത്തിൽ മുൻഗണന നൽകുകയാണ് ലക്ഷ്യമെന്ന് സർക്കാർ വിശദീകരിച്ചു.

അതേസമയം, നിലവിൽ നിയമാനുസൃതമായി ബ്രിട്ടനിൽ കഴിയുന്നവർക്കും ഇതിനകം സ്ഥിരതാമസത്തിലേക്കുള്ള നടപടികൾ ആരംഭിച്ചവർക്കും മാറ്റങ്ങൾ ബാധകമാക്കുന്നതിനെക്കുറിച്ച് പാർലമെന്റിൽ ആശങ്കകളും ഉയർന്നു. നിലവിലുള്ള കുടിയേറ്റക്കാർക്ക് കൂടുതൽ സംരക്ഷണം നൽകണമെന്ന ആവശ്യവും ചില എംപിമാർ ഉന്നയിച്ചു.

ഇന്ത്യയിൽനിന്നും കേരളത്തിൽനിന്നും ബ്രിട്ടനിലെ ആരോഗ്യ, സാമൂഹിക പരിചരണ, വിദ്യാഭ്യാസ, ഐടി മേഖലകളിൽ ജോലി തേടിയെത്തിയവർക്കും കുടുംബങ്ങൾക്കും പുതിയ നിയമങ്ങൾ പ്രധാനപ്പെട്ടതാകും. പ്രത്യേകിച്ച് സ്ഥിരതാമസം പ്രതീക്ഷിച്ച് വർഷങ്ങളായി ബ്രിട്ടനിൽ കഴിയുന്നവർക്ക് അന്തിമ ചട്ടങ്ങളും പരിവർത്തന വ്യവസ്ഥകളും നിർണായകമായിരിക്കും.

അനിൽ മറ്റത്തിക്കുന്നേൽ

ഡെമോക്രാറ്റിക് മുന്നേറ്റം കാനഡയ്ക്ക് ആശ്വാസമാകുമോ? താരിഫ് യുദ്ധം അമേരിക്കൻ രാഷ്ട്രീയത്തിൽ പ്രധാന ചർച്ചയായി



അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റുകൾ നേടിയ വിജയം കാനഡയുമായുള്ള താരിഫ് യുദ്ധത്തിൽ ആശ്വാസം നൽകിയേക്കുമെന്ന പ്രതീക്ഷകൾക്ക് ഉറപ്പില്ലെന്ന് വിലയിരുത്തൽ. റിപ്പബ്ലിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നയങ്ങൾക്കെതിരെയുള്ള വിമർശനമായിട്ടാണ് അതിർത്തി സംസ്ഥാനങ്ങളിലെ ഡെമോക്രാറ്റിക് വിജയം കാണുന്നത്. കാനഡയുമായുള്ള വ്യാപാര യുദ്ധം അതിർത്തിയിലെ പല സംസ്ഥാനങ്ങളിലും തിരഞ്ഞെടുപ്പ് വിഷയമായി മാറിയിരുന്നു. മെയ്നിലെ ഡെമോക്രാറ്റ് ട്രോയ് ജാക്സൺ, ദീർഘകാലമായി സെനറ്ററായിരുന്ന റിപ്പബ്ലിക്കൻ സൂസൻ കോളിൻസിനെ പരാജയപ്പെടുത്തി. തങ്ങളുടെ സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയെ യുഎസ്-കാനഡ വ്യാപാര യുദ്ധം പ്രതികൂലമായി ബാധിച്ചുവെന്നും താരിഫുകൾ നീക്കം ചെയ്യണമെന്നും ട്രോയ് ജാക്സണും സൂസൻ കോളിൻസും പറഞ്ഞിരുന്നു.

ട്രംപിന്റെ നയങ്ങൾ നിയന്ത്രിക്കുന്നതിൽ കോളിൻസ് വേണ്ടത്ര ശ്രമിച്ചില്ലെന്ന് ചില വോട്ടർമാർ ആരോപിക്കുകയും കാനഡയ്ക്കെതിരായ താരിഫുകൾ തങ്ങളുടെ തീരുമാനത്തിൽ സ്വാധീനം ചെലുത്തിയെന്ന് പറയുകയും ചെയ്തു. എന്നാൽ, താരിഫുകൾ നടപ്പാക്കാൻ ട്രംപ് ഉപയോഗിച്ച എക്സിക്യൂട്ടീവ് അധികാരങ്ങൾ അദ്ദേഹത്തിന് ഇപ്പോഴും ഉണ്ടെന്ന് ന്യൂ ബ്രൺസ്വിക് സർവകലാശാലയിലെ പൊളിറ്റിക്കൽ സയൻസ് പ്രൊഫസർ ഡൊണാൾഡ് റൈറ്റ് ചൂണ്ടിക്കാട്ടി. തിരഞ്ഞെടുപ്പ് ഫലങ്ങളുടെ പേരിൽ ട്രംപ് പിന്മാറാൻ സാധ്യതയില്ലെന്നും അദ്ദേഹം വിലയിരുത്തി. മെയ്നെ ശിക്ഷിക്കുന്നതിന്റെ ഭാഗമായി കനേഡിയൻ ഉൽപ്പന്നങ്ങൾക്ക് മേലുള്ള നികുതി വർദ്ധിപ്പിക്കാൻ പ്രസിഡന്റ് ഈ ഫലം ഒരു ഒഴികഴിവായി എടുത്തേക്കാമെന്നും റൈറ്റ് പറഞ്ഞു.

കഴിഞ്ഞ മാസം, കോളിൻസിനെ സഹായിക്കാനായി ചില കനേഡിയൻ വന ഉൽപ്പന്നങ്ങൾക്കും കാർഷിക ഉപകരണങ്ങൾക്കും ട്രംപ് 50 ശതമാനം നികുതി ഇളവ് നൽകിയിരുന്നു. എന്നാൽ പ്രതികാരബുദ്ധിയുള്ള ഒരു പ്രസിഡന്റ് മെയ്നെ ദ്രോഹിക്കാൻ ആഗ്രഹിച്ചാൽ, അദ്ദേഹം എടുത്തുമാറ്റിയ ചില താരിഫുകൾ വീണ്ടും നടപ്പാക്കാൻ സാധ്യതയുണ്ടെന്നും ഡൊണാൾഡ് റൈറ്റ് അഭിപ്രായപ്പെട്ടു.

കാനഡയ്ക്ക് കോളിൻസിൽ ഒരു വക്താവിനെ നഷ്ടപ്പെട്ടേക്കാമെന്ന് മെമ്മോറിയൽ യൂണിവേഴ്സിറ്റിയിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം മേധാവി സ്കോട്ട് മാത്യൂസ് പറഞ്ഞു. കോളിൻസില്ലാതെ വാഷിംഗ്ടണിലെ റിപ്പബ്ലിക്കൻ പാർട്ടിയുടെ മിതവാദി ശബ്ദങ്ങളിൽ ഒന്ന് നഷ്ടമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം, പുതുതായി തിരഞ്ഞെടുക്കപ്പെട്ട യുഎസ് ഉദ്യോഗസ്ഥരുമായി ബന്ധം സ്ഥാപിക്കാൻ തന്റെ ലിബറൽ സർക്കാർ കാത്തിരിക്കുകയാണെന്ന് ന്യൂ ബ്രൺസ്വിക് പ്രധാനമന്ത്രി സൂസൻ ഹോൾട്ട് ബുധനാഴ്ച രാവിലെ അറിയിച്ചു. അവരുടെ നേതൃത്വം ന്യൂ ബ്രൺസ്വിക്കിലെ സംരംഭകർക്കും തൊഴിലാളികൾക്കും മെച്ചപ്പെട്ട വ്യാപാര സാഹചര്യങ്ങൾ നൽകുമെന്ന് താൻ പ്രതീക്ഷിക്കുന്നതായും സൂസൻ ഹോൾട്ട് വ്യക്തമാക്കി.

കാനഡയുമായി ഒരു വലിയ കരാർ ആസന്നമാണെന്ന് ട്രംപ് ചൊവ്വാഴ്ച ഫോക്സ് ന്യൂസിനോട് പറഞ്ഞിരുന്നു. യുഎസ് ചില ആവശ്യങ്ങളിൽ നിന്ന് പിന്മാറിയതിന് ശേഷം ഇരുപക്ഷവും പുരോഗതി നേടിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി മാർക്ക് കാർണി അറിയിച്ചു.

GIMVS
Global Immigration And Visa Services

"Where dreams take flight, your future begins with us."

OUR SERVICES
- Permanent Residency & PNP
- College Admission & Study Visa
- Visitor Visa / Super Visa / Caregiver Visa
- PR Card Renewal / Citizenship
- Family Sponsorship (Spousal / PGP)
- PGWP/Spouse Work Permit / LMIA Work Permit
- Business / Investor Program
- PFL/Rejection/Misrepresentation Cases
- Intra Company Transfer

Sini Isaac
Regulated Canadian Immigration Consultant
R530967
RCIC Regulated Canadian Immigration Consultant

T: +1 289 210-0222
E: info@gimvs.com
www.gimvs.com

Follow us on



നിരീക്ഷണം വാചകം

കുതിപ്പകന്നും കിതച്ചും നോർക്ക കെയർ ഇൻഷുറൻസ്





ബാബു കദളിക്കാട്

ഗുണദോഷങ്ങൾ സൂക്ഷ്മമായി വിലയിരുത്താതെ വോട്ടിൽ മാത്രം കണ്ണുനട്ടും കൈയടി മോഹിച്ചും നടപ്പാക്കുന്ന പദ്ധതികൾ നാടിനു ബാധ്യതയാകുമെന്ന തിരിച്ചറിവ് ഭരണാധികാരികൾക്കില്ലെങ്കിൽ വൈതരണി വന്നുപെടും. നോർക്ക കെയർ ഇൻഷുറൻസ് പദ്ധതിയിലെ പ്രീമിയം മൂന്നിരട്ടിയായി വർദ്ധിപ്പിച്ച തീരുമാനം പ്രവാസികൾക്ക് വലിയ തിരിച്ചടിയായെന്ന വിലാപത്തിനിടെ മറ നീക്കി പുറത്തുവരുന്നുണ്ട് മുൻ സർക്കാർ ഈ പദ്ധതി നടപ്പാക്കിയതിനു പിന്നിലെ നിഷ്കർഷാ രാഹിത്യവും സങ്കുചിത രാഷ്ട്രീയവും. പദ്ധതിയുടെ മറവിൽ പിണറായി സർക്കാർ കുഴിച്ച വാരിക്കുഴി കണ്ടറിഞ്ഞിട്ടും രക്ഷാതന്ത്രം കാണാനാകുന്നില്ല വി.ഡി. സതീശനെന്ന നിരീക്ഷണവുമുണ്ട്.

പശ്ചിമേഷ്യയിലെ സംഘർഷം കാരണം പ്രവാസികൾ അവരുടെ ഏറ്റവും പരിതാപകരമായ കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. പ്രതിസന്ധി അനുദിനം രൂക്ഷമായി വരുന്നതിനിടെ ഉയർത്തിയ പ്രീമിയം തുക താങ്ങാവുന്നതിലുമധികമാണെന്ന് പ്രവാസി സംഘടനകൾ പരിതപിക്കുന്നു. അഞ്ചു ലക്ഷം രൂപയുടെ ഫാമിലി ഫ്ളോട്ടർ പോളിസി പ്രീമിയം 13,411 രൂപയിൽ നിന്ന് ഒറ്റയടിക്ക് 35,664 രൂപ മുതൽ 77,773 രൂപ വരെയാണ് ഉയർത്തിയത്. പ്രവാസി മലയാളികൾ, വിദേശത്ത് പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾ, ഇതര സംസ്ഥാനങ്ങളിലുള്ള പ്രവാസികൾ എന്നിവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി നോർക്ക റൂട്ട്സ് ഏർപ്പെടുത്തിയ ഇൻഷുറൻസ് പദ്ധതിയാണിത്. ആയിരക്കണക്കിന് ആളുകൾക്ക് ഗുണം ചെയ്ത പദ്ധതിയെന്നതു ശരി. പക്ഷേ, അമിത ഉദാര വ്യവസ്ഥകൾ പദ്ധതിയെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിച്ചുവെന്നതു മറുവശം.

മെഡിക്കൽ പരിശോധനകളില്ലാതെ, നിലവിലുള്ള രോഗങ്ങൾക്കും ആദ്യദിനം മുതൽ പരിരക്ഷ ലഭിക്കുന്നു എന്നതാണ് ദി ന്യൂ ഇന്ത്യ അഷുറൻസ് കമ്പനിയുമായി സഹകരിച്ചുള്ള ഈ പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത. ഇപ്പോൾ, 51 60 പ്രായപരിധിയിലുള്ളവർക്ക് മാത്രം പഴയ നിരക്കിനെ അപേക്ഷിച്ച് 22,253 രൂപയുടെ അധിക ബാദ്ധ്യതയാണ് ഉണ്ടാവുക. ചികിത്സാ ആവശ്യങ്ങൾ ഏറ്റവും വേണ്ടിവരുന്ന പ്രായം. അങ്ങനെയുള്ളവരുടെ മുന്നിൽ പ്രീമിയം തുക ഇത്രയും വർദ്ധിപ്പിച്ചാൽ അവർ എങ്ങനെ പദ്ധതി പുതുക്കുമെന്ന ചോദ്യമാണുയരുന്നത്.

നല്ല പ്രായത്തിൽ അന്യനാട്ടിൽ പോയി ചോര നീരാക്കി പണിയെടുക്കുന്ന പ്രവാസികളിൽ ഭൂരിപക്ഷവും ജോലി നഷ്ടമായാൽ വെറും കൈയുമായി നാട്ടിലേക്ക് തിരിച്ചുവരേണ്ട അവസ്ഥയിലുള്ളവരാണെന്നതാണ് യാഥാർത്ഥ്യം. അതിനാൽ പ്രവാസി സംഘടനകളുടെ ആവശ്യം അനുഭാവപൂർവം പരിഗണിച്ച് പ്രീമിയം വർദ്ധന കുറയ്ക്കാനുള്ള മറ്റ് വഴികളെക്കുറിച്ച് സർക്കാർ ആലോചിക്കേണ്ടതാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

കേരള മൈഗ്രേഷൻ സർവേ 2023 പ്രകാരം കേരളത്തിലേക്കുള്ള വാർഷിക പ്രവാസി പണമയയ്ക്കൽ 2,16,893 കോടി രൂപയായിരുന്നു. 2025ലെ കണക്കനുസരിച്ച് കേരളത്തിലെ പ്രവാസി ബാങ്ക് നിക്ഷേപം 2,93,622 കോടി രൂപയായി ഉയർന്നിട്ടുണ്ട്. അതായത് പ്രതിവർഷം ശരാശരി 2 ലക്ഷം കോടി രൂപ കേരളത്തിലേക്ക് എത്തിക്കുന്ന ഒരു സമൂഹമാണ് പ്രവാസികളുടേത്. അതിനാൽ നോർക്ക കെയർ ഇൻഷുറൻസ് പദ്ധതി പോലെയുള്ള കാര്യങ്ങളിൽ പ്രവാസി ക്ഷേമത്തിനായി കൂടുതൽ തുക ചെലവഴിക്കുന്നത് ഒരു നഷ്ടമായി സർക്കാർ കണക്കാക്കരുതെന്ന വികാരം ശക്തമാണ്.

ഈ പദ്ധതി പരാജയമായിരുന്നില്ല. ആദ്യവർഷം നിരവധി പ്രവാസി കുടുംബങ്ങൾക്ക് വലിയ ആശ്വാസമായി. സാധാരണ ആരോഗ്യ ഇൻഷുറൻസ് കമ്പനികൾ, എളുപ്പത്തിൽ പരിരക്ഷ നൽകാൻ തയ്യാറാകാത്ത നിലവിലുള്ള രോഗങ്ങളുള്ളവർക്കുപോലും ചികിത്സയുടെ വാതിൽ തുറന്നുകൊടുത്തു. ചില അംഗങ്ങളുടെ അനുഭവങ്ങൾ പ്രകാരം, അർഹമായ ചികിത്സാ ച്ചെലവിന്റെ 60 മുതൽ 95 ശതമാനം വരെ ഇൻഷുറൻസ് പരിരക്ഷ ലഭിച്ചിട്ടുണ്ട്.

2025 സെപ്തംബർ 22ന് അന്നത്തെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത നോർക്ക കെയർ നവംബർ ഒന്നിനാണ് പ്രാബല്യത്തിൽ വന്നത്. അഞ്ചുലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസും പത്തുലക്ഷം രൂപയുടെ അപകട ഇൻഷുറൻസും. വൈദ്യപരിശോധനയില്ലാതെ അംഗത്വം. നിലവിലുള്ള രോഗങ്ങൾക്കും ആദ്യദിനം മുതൽ പരിരക്ഷ. 18 മുതൽ 70 വയസ്സുവരെയുള്ളവർക്ക് ഒരേ പ്രീമിയം. ഈ വ്യവസ്ഥകളായിരുന്നു പദ്ധതിയുടെ പ്രധാന ആകർഷണം. കേരളത്തിലെയും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലെയും ആശുപത്രികളിൽ ക്യാഷ്ലെസ് ചികിത്സ ലഭ്യമാക്കുമെന്ന വാഗ്ദാനവുമുണ്ടായിരുന്നു.

അതേസമയം, നിലവിലുള്ള രോഗങ്ങൾക്ക് ആദ്യദിനം മുതൽ പരിരക്ഷ, വൈദ്യപരിശോധനയില്ലാത്ത പ്രവേശനം, പ്രായവ്യത്യാസമില്ലാത്ത നിരക്ക് എന്നീ വ്യവസ്ഥകൾ ഒരുമിച്ച് നടപ്പാക്കുമ്പോൾ ക്ലെയിമുകൾ ഉയരാനുള്ള സാധ്യത മുൻകൂട്ടി കണ്ട് അതിനുള്ള സാമ്പത്തിക സുരക്ഷ ഒരുക്കേണ്ടതായിരുന്നു. നോർക്ക കെയർ അവതരിപ്പിക്കുമ്പോൾ അതിന്റെ ഭാവി സാമ്പത്തിക ബാധ്യത എങ്ങനെ നേരിടുമെന്നതിന് പിണറായി വിജയൻ സർക്കാരിനു വ്യക്തമായ ധാരണയുണ്ടായിരുന്നില്ലെന്നു തെളിഞ്ഞു. പ്രീമിയം സബ്സിഡി, സർക്കാർ വിഹിതം, ഉയർന്ന ക്ലെയിമുകൾക്കുള്ള പ്രത്യേക ഫണ്ട്, റീ-ഇൻഷുറൻസ് തുടങ്ങിയ സംവിധാനങ്ങൾ മുൻകൂട്ടി ആലോചിച്ചിരുന്നതായി കരുതാനാകില്ല.

സാധാരണ വാണിജ്യ ഇൻഷുറൻസ് പദ്ധതികളിൽ നിലവിലുള്ള രോഗങ്ങൾക്ക് കാത്തിരിപ്പുകാലമോ മറ്റ് നിയന്ത്രണങ്ങളോ ഉണ്ടാകാറുണ്ട്. എന്നാൽ നോർക്ക കെയർ അതൊഴിവാക്കിയതുകൊണ്ടുതന്നെ മുമ്പ് ഇൻഷുറൻസ് ലഭിക്കാതിരുന്നവരും സ്വകാര്യ പോളിസികൾക്ക് വലിയ തുക ചെലവഴിച്ചിരുന്നവരും പദ്ധതിയിലേക്ക് ആകർഷിക്കപ്പെട്ടു. ഇത് സർക്കാരിന്റെ വലിയ സാമൂഹിക ഇടപെടലായിരുന്നു. പക്ഷേ, അതിനൊരു സാമ്പത്തിക മറുവശമുണ്ടായത് വൈകാതെ വ്യക്തമായി. നോർക്ക കെയറിലും നോർക്ക കെയർ പ്ലസിലും ഇൻഷുറൻസ് കമ്പനികൾക്ക് യഥാക്രമം 160 ശതമാനവും 350 ശതമാനവും നഷ്ടമുണ്ടായെന്നാണ് മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചത്.

കനിവ് കണ്ണടച്ച്

2026 ഒക്ടോബർ 29ന് മുഖ്യമന്ത്രി നിയമസഭയിൽ നൽകിയ കണക്കുകൾ പ്രകാരം, പദ്ധതിയിൽനിന്ന് 145 കോടി രൂപ പ്രീമിയമായി ലഭിച്ചപ്പോൾ ക്ലെയിമുകൾ 210 കോടി രൂപയിലെത്തി. പദ്ധതിയിൽ ഏകദേശം 1.32 ലക്ഷം പേർ അംഗങ്ങളായിരുന്നു. ക്ലെയിമുകളുടെ 80 ശതമാനത്തോളം കാൻസർ ഉൾപ്പെടെയുള്ള ഗുരുതര രോഗങ്ങളുമായി ബന്ധപ്പെട്ടതും. 40 മുതൽ 70 വരെ പ്രായമുള്ളവരുടെ ക്ലെയിമുകൾ മാത്രം 120 കോടി രൂപയോളം വന്നു. ലഭിച്ച പ്രീമിയത്തേക്കാൾ 65 കോടി രൂപ അധികം ക്ലെയിമുകൾക്കായി നൽകേണ്ടിവന്നു. ഗുരുതര രോഗമുള്ള ഒരാൾക്കുപോലും ചികിത്സ മുടങ്ങരുതെന്ന സാമൂഹിക ലക്ഷ്യം കൈവരിച്ചെങ്കിലും അതിന്റെ ചെലവ് വഹിക്കാൻ നിശ്ചയിച്ച പ്രീമിയം പര്യാപ്തമായിരുന്നില്ല.

പ്രതിപക്ഷ നേതാവായതോടെ പിണറായി വിജയൻ ഇപ്പോൾ പ്രീമിയം വർധനയ്ക്കെതിരെ രംഗത്തുണ്ട്. സ്വകാര്യ ഇൻഷുറൻസ് കമ്പനികളുടെ താൽപര്യത്തിനു മുന്നിൽ സർക്കാർ കീഴടങ്ങുകയാണെന്നും പ്രീമിയം കുറച്ച് പദ്ധതി പുനഃസംഘടിപ്പിക്കണമെന്നുമാണ് അദ്ദേഹത്തിന്റെ വിമർശനം. എന്നാൽ പ്രവാസികൾക്ക് വലിയ ആനുകൂല്യം പ്രഖ്യാപിച്ചതിനു പിന്നിൽ അവരുടെ രാഷ്ട്രീയ പിന്തുണ ഉറപ്പാക്കുക എന്ന ലക്ഷ്യം മാത്രമായിരുന്നില്ലേ അന്ന് പിണറായി സർക്കാരിനുണ്ടായിരുന്നത് എന്ന മറു ചോദ്യവും ഉയരുന്നു. സാമൂഹിക മാധ്യമങ്ങളിലൂടെ ഇപ്പോഴത്തെ വർധനയെ വിമർശിക്കുന്ന അദ്ദേഹം, താൻ ആവിഷ്കരിച്ച പദ്ധതിയുടെ ആദ്യവർഷത്തെ സാമ്പത്തിക ബാധ്യതയെക്കുറിച്ചു വിശദീകരിക്കുന്നതേയില്ല. പഴയ നയം വിജയകരമായിരുന്നെങ്കിൽ അതിന്റെ ചെലവ് എങ്ങനെ താങ്ങാനാകുമെന്ന് കൂടി വ്യക്തമാക്കേണ്ടിയിരുന്നു.

മറുവശത്ത്, പ്രീമിയം വർധനയില്ലാതെ പദ്ധതി തുടരാനാവില്ലെന്ന സതീശന്റെ വാദത്തിനും കണക്കുകളുടെ പിന്തുണയുണ്ട്. പഴയ നിരക്കിൽ പുതിയ കരാറിന് കമ്പനികൾ തയ്യാറായില്ലെന്നും 300 കോടി രൂപ മുൻകൂറായി നൽകണമെന്ന ആവശ്യം ഉയർന്നെന്നും അദ്ദേഹം നിയമസഭയെ അറിയിച്ചു. എന്നാൽ മുൻ സർക്കാരിന്റെ വീഴ്ച ചൂണ്ടിക്കാട്ടി നിലവിലെ സർക്കാരിന് ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറാനാവില്ലെന്നതും വസ്തുത. പ്രവാസികൾക്ക് ഈ പദ്ധതി ആവശ്യം തന്നെ.

പ്രത്യേകിച്ച് നിലവിലുള്ള രോഗങ്ങളുള്ളവർക്കും പ്രായമായവർക്കും മറ്റൊരു ഇൻഷുറൻസ് കണ്ടെത്തുക എളുപ്പമല്ല. ഒരു വർഷം മുമ്പ് സർക്കാർ നൽകിയ ഉറപ്പിൽ വിശ്വസിച്ച് സ്വകാര്യ പോളിസികൾ ഉപേക്ഷിച്ചവരെ പുതുക്കൽവേളയിൽ മൂന്നിരട്ടി നിരക്കിന്റെ മുന്നിൽ നിർത്തി പൊരിക്കുന്നത് നീതിയല്ല.

സബ്സിഡി

നിലവിലെ പ്രശ്നത്തിന് പ്രായോഗികമായ പരിഹാരം വിദഗ്ധർ നിർദ്ദേശിക്കുന്നുണ്ട്. പഴയ നിരക്ക് അതേപടി നിലനിർത്തണമെന്ന് വാശിപിടിക്കുന്നതും മുഴുവൻ അധികബാധ്യതയും അംഗങ്ങളുടെ ചുമലിൽ കെട്ടിവയ്ക്കുന്നതും ശരിയായ സമീപനമല്ലെന്ന് അവർ പറയുന്നു.

പ്രീമിയം വർധനയുടെ ഒരു ഭാഗം സർക്കാർ സബ്സിഡിയായി നൽകുകയും ബാക്കി ഘട്ടംഘട്ടമായി നടപ്പാക്കുകയും വേണം.ഉയർന്ന ക്ലെയിം സാധ്യതയുള്ള പ്രായമായവരുടെയും ഗുരുതര രോഗങ്ങളുള്ളവരുടെയും ചികിത്സാച്ചെലവ് ഇൻഷുറൻസ് കമ്പനിയുടെ മാത്രം ചുമലിൽ വിടരുത്. ഇതിനായി പ്രത്യേക സർക്കാർ റിസ്ക് ഫണ്ടോ റീഇൻഷുറൻസ് സംവിധാനമോ രൂപീകരിക്കണം.

ഒരു ഇൻഷുറൻസ് കമ്പനിയുമായുള്ള കരാറിൽ മാത്രം പദ്ധതി ഒതുക്കരുത്. മത്സരാധിഷ്ഠിത ടെൻഡർ, ഒന്നിലധികം ഇൻഷുറർമാരുടെ പങ്കാളിത്തം, ആശുപത്രികളുമായുള്ള ചികിത്സാനിരക്ക് ചർച്ചകൾ എന്നിവയിലൂടെ ചെലവ് കുറയ്ക്കാനാവുമോ എന്ന് പരിശോധിക്കണം. യഥാർത്ഥ ക്ലെയിം ഡാറ്റയുടെ അടിസ്ഥാനത്തിലുള്ള സ്വതന്ത്ര ആക്ചറിയൽ വിലയിരുത്തൽ അനിവാര്യം. അംഗസംഖ്യ വർധിപ്പിക്കണം. പ്രവാസി കുടുംബങ്ങൾക്കൊപ്പം അർഹരായ വിദ്യാർഥികളെയും മറ്റ് വിഭാഗങ്ങളെയും ഉൾപ്പെടുത്തി റിസ്ക് പൂൾ വിപുലീകരിക്കാം. എന്നാൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതുകൊണ്ടുമാത്രം നഷ്ടം പരിഹരിക്കപ്പെടില്ല. അംഗങ്ങളുടെ പ്രായവും ആരോഗ്യപരമായ അപകടസാധ്യതയും കണക്കിലെടുത്തുള്ള നിരക്കുനിർണയം ആവശ്യമാണ്.

കുറഞ്ഞ പ്രീമിയത്തിന്റെ പേരിൽ ഗുരുതര രോഗങ്ങളുടെ ചികിത്സയ്ക്ക് അന്യായമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തരുത്. കോപേമെന്റ് പോലുള്ള വ്യവസ്ഥകൾ സ്വമേധയാ തിരഞ്ഞെടുക്കാവുന്ന രീതിയിലായിരിക്കണം.അഞ്ചുലക്ഷം രൂപയുടെ ഒറ്റ പരിരക്ഷയ്ക്ക് പകരം മൂന്ന്, അഞ്ച്, പത്ത് ലക്ഷം രൂപയുടെ വ്യത്യസ്ത പാക്കേജുകൾ നൽകണം. കുറഞ്ഞ വരുമാനമുള്ള പ്രവാസികൾക്ക് അടിസ്ഥാന പരിരക്ഷയും ഉയർന്ന വരുമാനമുള്ളവർക്ക് കൂടുതൽ പരിരക്ഷയും തിരഞ്ഞെടുക്കാം. നിലവിലുള്ള രോഗങ്ങളുടെ ചികിത്സയ്ക്കുള്ള ഉപപരിധികൾ, മുറിവാടക, ഐസിയു ചെലവ്, കോപേമെന്റ് എന്നിവയെല്ലാം മുൻകൂട്ടി വ്യക്തമാക്കണം.

സാധാരണ അംഗങ്ങളുടെ പ്രീമിയം വരുമാനവും ഉയർന്ന ചെലവുള്ള രോഗികളുടെ ബാധ്യതയും വേർതിരിച്ച് കൈകാര്യം ചെയ്യുന്നത് പദ്ധതിയുടെ സാമ്പത്തിക സ്ഥിരതയ്ക്ക് സഹായകമാകും. നിലവിലുള്ള അംഗങ്ങളെയും പുതിയതായി ചേരുന്നവരെയും വ്യത്യസ്തമായി പരിഗണിക്കണം.

നിലവിലുള്ള അംഗങ്ങൾക്ക് തുടർച്ചയായ പരിരക്ഷയും ചികിത്സാ ആനുകൂല്യങ്ങളും ഉറപ്പാക്കുന്ന സംരക്ഷിത പുതുക്കൽ സംവിധാനം വേണം. പുതിയ അംഗങ്ങൾക്ക് പ്രായം, പരിരക്ഷയുടെ തുക, ആരോഗ്യപരമായ അപകടസാധ്യത എന്നിവ പരിഗണിച്ചുള്ള സുതാര്യമായ നിരക്കുകൾ നിശ്ചയിക്കുകയുമാകാം.

നിരക്കിലെ മാറ്റങ്ങൾ പുതുക്കലിന് 60 മുതൽ 90 ദിവസം മുമ്പെങ്കിലും അറിയിക്കണം. നിലവിലെ അംഗങ്ങൾക്ക് മറ്റൊരു പോളിസിയിലേക്ക് മാറാനുള്ള അവസരവും ഉറപ്പാക്കണം. ഐആർഡിഎഐയുടെ 2024ലെ ഇൻഷുറൻസ് ഉൽപന്ന ചട്ടങ്ങൾ പ്രകാരം ഗ്രൂപ്പ് ആരോഗ്യ ഇൻഷുറൻസ് അംഗങ്ങൾക്കും നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി പോർട്ടബിലിറ്റി അനുവദിക്കുന്നുണ്ട്. പദ്ധതിയുടെ വരുമാനം, ക്ലെയിം, പ്രായവിഭാഗം തിരിച്ചുള്ള ചെലവ്, ആശുപത്രി ചെലവുകൾ, ഭരണച്ചെലവ്, ഇൻഷുറൻസ് കമ്പനിയുടെ നഷ്ടം എന്നിവ ഉൾക്കൊള്ളുന്ന വാർഷിക റിപ്പോർട്ട് പൊതുജനങ്ങൾക്ക് ലഭ്യമാക്കണം. സ്വതന്ത്ര ആക്ചറിയൽ ഓഡിറ്റും നിർബന്ധമാക്കണം.

IT'S TIME TO TOYOTA



FINANCE
2027 BZ
BZ XLE AWD
BATTERY ELECTRIC
ELIGIBLE FOR EVAP
Eligible for EVAP Rebate *
Cash Incentives of $10,000
Finance from 2.99%



Finance
2026 Highlander
Hybrid XLE AWD
LIMITED INVENTORY
Hybrid
LEASE FROM $ 179†@ 7.29% APR
WEEKLY FOR 64 MONTHS WITH $0 DOWN,
INCL. Delivery and Destination charge



Finance
2026 RAV4
RAV4 XLE
Hybrid
Finance from 3.29% *

$500 GAS CARD



Finance
2026 SIENNA LE FWD
8-Passenger
LIMITED INVENTORY
Hybrid
QUICK LOOK2026 Sienna LE FWD
LEASE FROM $ 165†@ 6.99% APR
WEEKLY FOR 64 MONTHS WITH $0 DOWN,
INCL. Delivery and Destination charge

Toyota Safety Sense
Our advanced safety features come standard.

FREE WINTER TIRES WITH PURCHASE ON SELECT MODELS

OMVIC™ Ontario's Vehicle Sales Regulator

BRAMPTON EAST TOYOTA
2 Maritime Ontario Blvd. Brampton, ON L6S 0C2
905-791-3500 | **BramptonEastToyota.ca**
Dealer #5680830



Manoj Joseph
Assistant Sales Manager
manoj.mukkadan@openroadtoyota.ca
Cell: 647-894-0761

BRAMPTON EAST | TOYOTA

†Limited time lease offer available through Toyota Financial Services, on approved credit. Representative lease offer based on a new and previously unregistered 2025 Tundra 4X4 CrewMax SR (LA5DBT A)/2025 Tacoma Hybrid Double Cab Short Bed Limited (LC5LNA A)/2025 Corolla Cross L FWD (AAAAGC A). 4.99%/5.99%/6.99% lease APR for 36/60/60 months. Weekly payment is $162.07/$190.78/$92.76 and includes freight and PDI; A/C charge; retailer administration fee; OMVIC fee; EHF (tires); EHF (filters) as well as all other applicable fees, levies and duties (all of which may vary by retailer). 156/260/260 weekly payments required. License; insurance; registration; and applicable taxes are extra. $5,800/$0/$1,800 down payment and lien registration fee, lien registering agent fee, security deposit and first weekly payment due at lease inception. Total lease obligation is $31,082.97/$49,603.53/$25,916.38. 60,000/100,000/100,000 kilometre allowance; charge of $0.15/$0.15/$0.10 per km for excess kilometres. Retailer may lease for less. Retailer order/trade may be necessary (but may not be available in all cases). Conditions apply. ††Limited time finance offer available through Toyota Financial Services, on approved credit. Representative finance offer based on a new and previously unregistered 2025 Tundra 4X4 CrewMax SR (LA5DBT A)/2025 Tacoma Hybrid Double Cab Short Bed Limited (LC5LNA A)/2025 Corolla Cross L FWD (AAAAGC A). Selling price is $61,390/$67,805/$30,985 and includes freight and PDI; A/C charge; retailer administration fee; OMVIC fee; EHF (tires); EHF (filters) as well as all other applicable fees, levies and duties (all of which may vary by retailer). License; insurance; registration; lien registration fee, lien registering agent fee, and applicable taxes are extra. Financed at 4.19%/5.59%/5.99% APR $419.35/$299.33/$217.54 weekly with 156/260/156 weekly payments required. $0/$0/$0 down payment and security deposit required. Cost of borrowing is $4,027.74/$10,021.60/$2,950.72 for a total obligation of $65,417.82/$77,826.68/$33,935.80. Retailer may sell for less. Retailer order/trade may be necessary (but may not be available in all cases). Conditions apply. *Selling Price of a new and previously unregistered 2025 Tundra 4X4 CrewMax SR (LA5DBT A)/2025 Tacoma Hybrid Double Cab Short Bed Limited (LC5LNA A)/2025 Corolla Cross L FWD (AAAAGC A) is $61,390/$67,805/$30,985 and includes freight and PDI; A/C charge; retailer administration fee; as well as all other applicable fees, levies and duties (all of which may vary by retailer). License; insurance; registration and applicable taxes are extra. Retailer order/trade may be necessary (but may not be available in all cases). Conditions apply. All offers end July 31, 2025 and is subject to change or cancellation without notice. Advertised offers applicable in Ontario only. See Brampton East Toyota for details.

പാകിസ്ഥാനെ മുൻനിർത്തി ബീജിംഗ് ഒരുക്കുന്ന സൈനിക കെണികൾ!

ഹിമാലയൻ അതിർത്തികളിൽ നേരിട്ടുള്ള കടന്നുകയറ്റങ്ങൾക്കിടയിലും, പാകിസ്ഥാനെ അത്യാധുനിക ആയുധങ്ങളുടെ വിതരണ ശാലയാക്കി മാറ്റി ഇന്ത്യയ്ക്ക് ചുറ്റും ഭീതിയുടെ കൂറ്റൻ സൈനിക വല തീർക്കാൻ ചൈന ദീർഘകാല തന്ത്രങ്ങൾ തയാറാക്കുന്നു!

2026 ഒക്ടോബർ അവസാന വാരത്തിൽ ആഗോള മാധ്യമങ്ങളും സുരക്ഷാ ഏജൻസികളും പുറത്തുവിട്ട തന്ത്രപ്രധാന വിശകലനങ്ങൾ ഭാരതീയ സുരക്ഷാ വൃത്തങ്ങളിൽ വലിയ ചർച്ചകൾക്കാണ് തിരികൊളുത്തിയിരിക്കുന്നത്. ജെ10സി പോർവിമാനങ്ങൾ, ടൈപ്പ് 054 ഫ്രിഗേറ്റുകൾ, എഐ അധിഷ്ഠിത അറ്റാക്ക് ഡ്രോണുകൾ, അത്യാധുനിക വ്യോമപ്രതിരോധ സംവിധാനങ്ങൾ എന്നിവ ഇസ്ലാമാബാദിന് വിറ്റഴിക്കുന്നതിലൂടെ പാകിസ്ഥാൻ സൈന്യത്തിന്റെ പരമ്പരാഗത യുദ്ധശേഷി വർദ്ധിപ്പിക്കാൻ ബീജിംഗ് അടിയന്തിര സഹായങ്ങൾ നൽകുകയാണ്.

ഇന്ത്യയെ നിരന്തരം അസ്ഥിരപ്പെടുത്താനുള്ള ചൈനയുടെ ഈ ഇരട്ട തന്ത്രത്തിന് പിന്നിലെ യഥാർത്ഥ ലക്ഷ്യങ്ങളും, അതിർത്തിയിൽ ഉണ്ടാകാൻ സാധ്യതയുള്ള ഭീഷണികളും, ഇവയെ നേരിടാൻ ഭാരതം സ്വീകരിക്കുന്ന തന്ത്രപ്രധാന സുരക്ഷാ മാതൃകകളും താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്തുന്നു...

ചൈനയുടെ ഇരട്ടത്താപ്പും ഇസ്ലാമാബാദിലെ വൻകിട ആയുധ കൈമാറ്റങ്ങളും

ഇന്ത്യൻ പ്രതിരോധ സംവിധാനങ്ങളെ തളർത്താൻ പാകിസ്ഥാനെ തന്ത്രപ്രധാന ആയുധശാലയാക്കുന്ന



ബീജിംഗിന്റെ നയങ്ങൾ താഴെ നിരത്തുന്നു:

1. 80 ശതമാനത്തിലധികം ആയുധ ഇറക്കുമതി ചൈനയിൽ നിന്നും

പാകിസ്ഥാൻ സൈന്യം ഉപയോഗിക്കുന്ന പ്രധാന അത്യാധുനിക ആയുധങ്ങളിലേറെയും ചൈനീസ് നിർമ്മിതമാണ്. അന്തർവാഹിനികൾ, അത്യാധുനിക റഡാറുകൾ, ഗൈഡഡ് മിസൈലുകൾ എന്നിവ വളരെ കുറഞ്ഞ നിരക്കിലും ദീർഘകാല കടമായും ഇസ്ലാമാബാദിന് ചൈന കൈമാറുന്നു.

2. എഐ അധിഷ്ഠിത അറ്റാക്ക് ഡ്രോണുകളും വ്യോമാതിർത്തി ആക്രമണങ്ങളും

ഇന്ത്യൻ അതിർത്തികളിലേക്ക് ലഹരിമരുന്നുകളും ആയുധങ്ങളും കടത്താനും ഭാവിയിൽ ഇരച്ചുകയറി അക്രമങ്ങൾ നടത്താനും സഹായിക്കുന്ന അത്യാധുനിക വിംഗ് ലൂങ്, ഷാഹീൻ ഡ്രോൺ സാങ്കേതികവിദ്യകൾ ബീജിംഗ് ഇസ്ലാമാബാദിന് നൽകിയിട്ടുണ്ട്. ഇത് അതിർത്തി ഡ്രോൺ സുരക്ഷയിൽ കനത്ത വെല്ലുവിളിയാകുന്നു.

3. 'തടസ്സമില്ലാത്ത സഖ്യവും' സമുദ്ര സുരക്ഷാ ഭീഷണികളും

അറേബ്യൻ കടലിൽ ഗ്വാദർ തുറമുഖം കേന്ദ്രീകരിച്ച് ചൈനീസ് നാവികസേന താവളങ്ങൾ ഉറപ്പിക്കുന്നത് കറാച്ചിയിലെ പാക് നാവികസേനയ്ക്ക് ഇരട്ടി ബലം നൽകുന്നു. ഇന്ത്യൻ മഹാസമുദ്രത്തിലെ കടൽപ്പാതകളിൽ ഭാരതീയ കപ്പലുകൾക്ക് തടസ്സം സൃഷ്ടിക്കാൻ ഈ സഖ്യം ശ്രമിക്കുന്നു.

4. രണ്ട് മുന്നണി യുദ്ധസാധ്യതകളുടെ സങ്കീർണ്ണതകൾ

ലഡാക്കിലും അരുണാചൽ പ്രദേശിലും നേരിട്ട് യുഎസ്/ചൈന പോരാട്ടങ്ങൾ രൂപപ്പെടുത്തുന്നതിനൊപ്പം പാകിസ്ഥാനെ കൊണ്ട് അതിർത്തിയിൽ നിയന്ത്രിത യുദ്ധങ്ങൾ നടത്തിക്കാൻ ബീജിംഗിന് സാധിക്കും. ഇത് ഇന്ത്യൻ സൈന്യത്തെ ഒരേസമയം രണ്ട് അതിർത്തികളിൽ ഒതുക്കാൻ കാരണമാകും.

ചൈനയുടെ യഥാർത്ഥ മാസ്റ്റർപ്ലാനും ഭാരതത്തിനെതിരെയുള്ള ആക്രമണ സാധ്യതകളും

ഇസ്ലാമാബാദിനെ മുൻനിർത്തി സാമ്പത്തികസൈനിക താത്പര്യങ്ങൾ നേടിയെടുക്കാനാണ് ചൈന ശ്രമിക്കുന്നത്.

1. ചൈന–പാകിസ്ഥാൻ സാമ്പത്തിക ഇടനാഴിയുടെ സുരക്ഷകൾ

ബീജിംഗ് ശതകോടികൾ നിക്ഷേപിച്ചിട്ടുള്ള സി.കെ.ഇ.സി പദ്ധതി തടസ്സമില്ലാതെ പൂർത്തിയാക്കാൻ പാക് സൈന്യത്തിന്റെ സംരക്ഷണം ആവശ്യമാണ്. പാകിസ്ഥാനെ സൈനികമായി ശക്തമാക്കുന്നത് സ്വന്തം വാണിജ്യ പദ്ധതികൾക്ക് വിദേശ സുരക്ഷ ഉറപ്പാക്കാൻ ചൈനയെ സഹായിക്കും.

2. ഇന്ത്യയുടെ സാമ്പത്തിക കുതിപ്പിന് തടയിടൽ

ഭാരതം ലോകത്തെ പ്രമുഖ സാമ്പത്തിക ശക്തിയായി ഉയരുന്നത് തടയാൻ അതിർത്തി തർക്കങ്ങൾ നിരന്തരം നിലനിർത്തേണ്ടത് ബീജിംഗിന്റെ ആവശ്യമാണ്. ഭാരതത്തിന്റെ പ്രതിരോധ ബജറ്റുകൾ വൻതോതിൽ ഉയരുമ്പോൾ അത് അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വേഗത കുറയ്ക്കും.

3. അതിർത്തി കടന്നുള്ള ഭീകരവാദങ്ങൾക്ക് സൈനിക പിന്തുണകൾ

പാകിസ്ഥാൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഭീകര സംഘടനകൾക്ക് കൂടുതൽ സാങ്കേതിക ഇന്റലിജൻസുകളും കൃത്രിമ ഉപഗ്രഹ വിവരങ്ങളും ലഭ്യമാക്കാൻ ചൈനീസ് സാങ്കേതിക വിദ്യകൾ വഴിയൊരുക്കുന്നു. ഇത് കശ്മീരിലും അതിർത്തി സംസ്ഥാനങ്ങളിലും വീണ്ടും കടന്നുകയറ്റങ്ങൾക്ക് വഴിവെച്ചേക്കാം.

4. ഐക്യരാഷ്ട്രസഭയിലും അന്താരാഷ്ട്ര വേദികളിലുമുള്ള ഇരട്ട നയങ്ങൾ

പാകിസ്ഥാനിലെ ഭീകരവാദികളെ അന്താരാഷ്ട്ര കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള ഭാരതത്തിന്റെ അപേക്ഷകളെ ആഗോള വേദികളിൽ ചൈന വീറ്റോ അധികാരം ഉപയോഗിച്ച് തടയുന്നത് ഇതിന്റെ ഭാഗമാണ്.

ഈ സുരക്ഷാ ഭീഷണികളെ മറികടക്കാനുള്ള ഇന്ത്യയുടെ തന്ത്രപ്രധാന മാറ്റങ്ങൾ

ചൈനപാക് പ്രതിസന്ധികളെ തകർക്കാൻ ഭാരതം സ്വീകരിക്കുന്ന അടിയന്തിര നടപടികൾ താഴെ പരിശോധിക്കാം:

1. ത്രിസേനാ ഏകോപനവും തിയേറ്റർ കമാൻഡ് നവീകരണങ്ങളും

കര, നാവിക, വ്യോമസേനകളെ ഏകോപിപ്പിച്ച് ഒരൊറ്റ കമാൻഡിന് കീഴിൽ കൊണ്ടുവരുന്ന 'തിയേറ്റർ കമാൻഡ്' നവീകരണങ്ങൾ അതിവേഗത്തിൽ പൂർത്തിയാക്കുകയാണ്. രണ്ട് മുന്നണിയിൽ ഒരേ സമയം തിരിച്ചടി നൽകാൻ ഇത് ഇന്ത്യൻ സേനയെ പ്രാപ്തമാക്കും.

2. തദ്ദേശീയ മിസൈൽ ശൃംഖലകളും അത്യാധുനിക പോർവിമാനങ്ങളും

എസ്400 എയർ ഡിഫൻസ് സിസ്റ്റങ്ങൾ, പ്രളയ് ബാലിസ്റ്റിക് മിസൈലുകൾ, തദ്ദേശീയമായി നിർമ്മിച്ച തേജസ് മാർക്1എ പോർവിമാനങ്ങൾ എന്നിവ അതിർത്തികളിൽ വിന്യസിച്ചുകൊണ്ട് അത്യാധുനിക തിരിച്ചടി ശേഷി ഭാരതം ഉറപ്പാക്കുന്നു.

3. സമുദ്ര സുരക്ഷയിലെ ആധിപത്യവും ക്വാഡ് പങ്കാളിത്തവും

അമേരിക്ക, ജപ്പാൻ, ഓസ്ട്രേലിയ എന്നിവരടങ്ങിയ ക്വാഡ് സഖ്യത്തിലൂടെ ചൈനീസ് നാവികസേനയെ മലാക്ക കടലിടുക്കിൽ വെച്ച് തടയാനുള്ള നാവിക ശക്തി ഇന്ത്യ വർദ്ധിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര നാവിക പരിശീലനങ്ങൾ ഇതിന് കരുത്തേകുന്നു.

4. വടക്കുകിഴക്കൻ അതിർത്തി അതിവേഗ അടിസ്ഥാന സൗകര്യ വികസനങ്ങൾ

അരുണാചൽ പ്രദേശിലും ലഡാക്കിലും പുതിയ തുരങ്കങ്ങളും റോഡുകളും വ്യോമകേന്ദ്രങ്ങളും നിർമ്മിച്ച് സൈനിക വിന്യാസ സമയം മിനിറ്റുകളിലേക്ക് കുറയ്ക്കാൻ ഭാരതീയ റെയിൽവേയ്ക്കും ബിആർഒ സംഘങ്ങൾക്കും സാധിച്ചിട്ടുണ്ട്.



കുടിയേറ്റക്കാരുടെ എണ്ണം കുറയ്ക്കണമെന്ന് ഭൂരിപക്ഷം കനേഡിയൻമാരും!

ഉപരിപഠനത്തിനും മെച്ചപ്പെട്ട കരിയറിനുമായി കാനഡയെ പ്രധാന താവളമാക്കിയ ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ഇന്ത്യൻ വംശജരെയും വിദ്യാർത്ഥികളെയും ആകുലപ്പെടുത്തുന്ന നയതന്ത്ര വാർത്തകളാണ് അറ്റ്ലാന്റിക്കിന്റെ മറുകരയിൽ നിന്നും വരുന്നത്!

പ്രമുഖ ഗവേഷണ സ്ഥാപനമായ നാനോസ് റിസർച്ച് നടപ്പിലാക്കിയ തത്സമയ സർവ്വേഫലങ്ങൾഅനുസരിച്ച്,2027ഓടെ രാജ്യത്തേക്ക് എത്തുന്ന സ്ഥിര കുടിയേറ്റക്കാരുടെയും താത്കാലിക നിവാസികളുടെയും എണ്ണം വീണ്ടും വെട്ടിച്ചുരുക്കണമെന്ന് ഭൂരിപക്ഷം കനേഡിയൻ പൗരന്മാരും പരസ്യമായി അഭിപ്രായപ്പെട്ടിരിക്കുന്നു. പാർപ്പിട ലഭ്യതക്കുറവ്, പൊതുജനാരോഗ്യ സേവനങ്ങളിലെ താമസം, അടിസ്ഥാന സൗകര്യങ്ങൾക്കുമേലുള്ള സമ്മർദ്ദം എന്നിവ മുൻനിർത്തിയാണ് കാനഡയിൽ പൊതുജന വികാരം കൂടുതൽ കർശനമായ ഇമിഗ്രേഷൻ നിയന്ത്രണങ്ങൾക്ക്അനുകൂലമായിമാറുന്നത്. പ്രധാമന്ത്രി മാർക്ക് കാർണിയുടെ നേതൃത്വത്തിലുള്ള ലിബറൽ ഗവൺമെന്റ് പ്രഖ്യാപിച്ച പുതിയ ഇമിഗ്രേഷൻ ലെവൽ പദ്ധതികളും ഇത് ഇന്ത്യൻ സമൂഹത്തിൽ വരുത്തുന്ന മാറ്റങ്ങളും താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്തുന്നു...

നാനോസ് സർവ്വേ ഫലങ്ങളും കാനഡയിലെ ജനവികാരവും

കാനഡയിലെ ഇമിഗ്രേഷൻ സംഖ്യകളിൽ മാറ്റം വേണമെന്ന പൊതുജന ആവശ്യത്തിന്റെ കണക്കുകൾ സർവ്വേ വ്യക്തമാക്കുന്നു.

കുടിയേറ്റക്കാരുടെ എണ്ണം കുറയ്ക്കണമെന്ന നിർദ്ദേശങ്ങൾക്ക് പിന്തുണ

നാനോസ് റിസർച്ച് നടത്തിയ പുതിയ പഠനം അനുസരിച്ച്, 52.3 ശതമാനം കനേഡിയൻ നിവാസികളും 2027ൽ രാജ്യം സ്വീകരിക്കുന്ന കുടിയേറ്റക്കാരുടെയും താത്കാലിക ജോലിക്കാരുടെയും എണ്ണം മുൻ വർഷങ്ങളെക്കാൾ കുറയ്ക്കണമെന്ന് വാദിക്കുന്നു. കുടിയേറ്റ നിരക്കുകൾ നിലവിലുള്ള അളവിൽ തന്നെയോ അതിൽ കൂടുതലോ തുടരണമെന്ന് കരുതുന്നവരുടെ എണ്ണം നാമമാത്രമായി ചുരുങ്ങിയിട്ടുണ്ട്.

പാർപ്പിട പ്രതിസന്ധികളും സാമ്പത്തിക സമ്മർദ്ദങ്ങളും

രാജ്യത്തെ പ്രമുഖ നഗരങ്ങളായ ടൊറന്റോ, വാൻകൂവർ എന്നിവിടങ്ങളിൽ വീടുകളുടെ വാടക കുതിച്ചുയരുന്നതും റിയൽ എസ്റ്റേറ്റ് വോട്ടഭാവങ്ങളും ജനങ്ങളിൽ അസംതൃപ്തി ഉണ്ടാക്കിയിട്ടുണ്ട്. ഇമിഗ്രേഷൻ നിരക്കുകൾ സുസ്ഥിര തലത്തിലേക്ക് എത്തിക്കാതെ അടിസ്ഥാന സൗകര്യങ്ങൾ വീണ്ടെടുക്കാൻ കഴിയില്ലെന്നാണ് പൗരന്മാരുടെ വാദം.

താത്കാലിക വിസക്കാരുടെ ഒഴുക്കിൽ വരുന്ന വാർഷിക താഴ്ചകൾ

സ്ഥിര താമസക്കാർക്ക് പുറമെ, സ്റ്റുഡന്റ് വിസകളിലും താത്കാലിക വർക്ക് പെർമിറ്റുകളിലും എത്തുന്ന ആളുകളുടെ എണ്ണം അടിയന്തിരമായി നിയന്ത്രിക്കണമെന്ന് സർവ്വേയിൽ പ്രതികരിച്ച ഭൂരിഭാഗവും അഭിപ്രായപ്പെട്ടു. ഇത് മുൻ വർഷങ്ങളെ അപേക്ഷിച്ച് കനേഡിയൻ പൊതുജന അഭിപ്രായത്തിൽ ഉണ്ടായ വലിയൊരു തന്ത്രപരമായ മാറ്റമാണ്.

സർക്കാർ തലത്തിലെ ആലോചനകളും നയരൂപീകരണങ്ങളും

ജനവികാരം രൂക്ഷമായതോടെ, പ്രവിശ്യാ ഭരണകൂടങ്ങളുമായും മന്ത്രിമാരുമായും ആലോചിച്ച് ഇമിഗ്രേഷൻ നയങ്ങൾ രാജ്യത്തിന്റെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിൽ പുതുക്കുമെന്ന് പ്രധാനമന്ത്രി മാർക്ക് കാർണി ഉറപ്പുനൽകിയിട്ടുണ്ട്.

2026–2028 ഇമിഗ്രേഷൻ ലെവൽ പദ്ധതികളും കാർണി ഗവൺമെന്റിന്റെ തന്ത്രങ്ങളും

ഓട്ടവയിൽ ഇമിഗ്രേഷൻ മന്ത്രാലയം പുറത്തിറക്കിയ പുതിയ ബജറ്റ് വഴികാട്ടികൾ തരുന്ന സൂചനകൾ താഴെ പരിശോധിക്കാം.

സ്ഥിര താമസക്കാരുടെ അഡ്മിഷനുകളിലെ ക്രമീകരണങ്ങൾ

ഇമിഗ്രേഷൻ, റെഫ്യൂജീസ് ആൻഡ് സിറ്റിസൺഷിപ്പ് കാനഡ ലക്ഷ്യമിടുന്നത് 2026ൽ 3,80,000 പുതിയ സ്ഥിര താമസക്കാരെ പ്രവേശിപ്പിക്കാനാണ്. രാജ്യത്തെ മൊത്തം ജനസംഖ്യയുടെ അടിസ്ഥാനത്തിൽ സ്ഥിര കുടിയേറ്റം ഒരു ശതമാനത്തിൽ താഴെയായി പരിമിതപ്പെടുത്തുകയാണ് ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യം.

സ്റ്റുഡന്റ്, വർക്ക് വിസകളിൽ നടപ്പിലാക്കുന്ന വെട്ടിച്ചുരുക്കലുകൾ

താത്കാലിക കുടിയേറ്റക്കാരുടെ പങ്ക് രാജ്യത്തെ മൊത്തം ജനസംഖ്യയുടെ 5 ശതമാനത്തിൽ താഴെയാക്കാൻ കാനഡ തീരുമാനിച്ചിട്ടുണ്ട്. പുതിയ പഠനാനുമതികളിൽ 1,55,000 പേരിലേക്ക് സംഖ്യ പരിമിതപ്പെടുത്തുമ്പോൾ, പുതിയ താത്കാലിക തൊഴിലാളികളുടെ വരവ് 2,30,000 ആയി കുറയ്ക്കും.

ഹൈസ്കിൽഡ് തദ്ദേശീയ തൊഴിൽ വിപണിക്കുള്ള മുൻഗണനകൾ

സാമ്പത്തിക കുടിയേറ്റത്തിൽ 64 ശതമാനവും വിദഗ്ദ്ധ മേഖലകളിലുള്ള തൊഴിലാളികൾക്കായി നീക്കിവെക്കും. ഹെൽത്ത്കെയർ, കൺസ്ട്രക്ഷൻ, എ മർജിംഗ് ടെക്നോളജി തുടങ്ങിയ അത്യന്താപേക്ഷിത മേഖലകളിലേക്ക് മാത്രമാകും ഇമിഗ്രേഷൻ മുൻഗണനകൾ.

പ്രാദേശികവും ഫ്രഞ്ചുഭാഷാ അധിഷ്ഠിതവുമായ വിഹിതങ്ങൾ

ഗ്രാമീണ മേഖലകളിലേക്ക് ആളുകളെ ആകർഷിക്കുന്ന പ്രൊവിൻഷ്യൽ നോമിനി പ്രോഗ്രാമുകൾക്കും, ക്യൂബെക്കിന് പുറത്തുള്ള ഫ്രഞ്ച് ഭാഷാ കുടിയേറ്റ തട്ടുകൾക്കും മന്ത്രാലയം പ്രത്യേക വിഹിതങ്ങൾ അനുവദിക്കുന്നുണ്ട്.

ഇന്ത്യൻ വംശജരായ പ്രൊഫഷണലുകളിലും വിദ്യാർത്ഥികളിലും ഉണ്ടാകുന്ന ആഘാതങ്ങൾ

ഈ നയമാറ്റങ്ങൾ കാനഡയെ ലക്ഷ്യമിടുന്ന ഭാരതീയർക്കിടയിൽ വരുത്തുന്ന പ്രായോഗിക ആഘാതങ്ങൾ താഴെ നൽകുന്നു.

വർക്ക് പെർമിറ്റ് അപേക്ഷകളിലെയും പോസ്റ്റ് ഗ്രാജുവേഷൻ പാതകളിലെയും സങ്കീർണ്ണതകൾ

കാനഡയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾക്ക് പോസ്റ്റ് ഗ്രാജുവേഷൻ വർക്ക് പെർമിറ്റ് നേടുന്നതിലും തുടർന്ന് പിആർ പ്രൊഫൈലുകൾ കെട്ടിപ്പടുക്കുന്നതിലും കൂടുതൽ പ്രതിസന്ധികൾ നേരിടേണ്ടിവരും. തദ്ദേശീയമായി ഡിമാന്റുള്ള ഗ്രാജുവേറ്റ് കോഴ്സുകൾക്ക് മാത്രമാകും പരിഗണന.

സെക്കൻഡറി സിറ്റി ആവാസ കേന്ദ്രങ്ങളിലേക്കുള്ള നിർബന്ധിത മാറ്റങ്ങൾ

ടൊറന്റോ, ബ്രാംപ്ടൺ തുടങ്ങിയ വലിയനഗരങ്ങൾക്ക്പകരംഅറ്റ്ലാന്റിക്പ്രവിശ്യകളിലേക്കും ഗ്രാമീണ കമ്മ്യൂണിറ്റികളിലേക്കും ഇന്ത്യൻ പ്രൊഫഷണലുകൾ മാറുകയാണെങ്കിൽ മാത്രമേ പിആർ സ്കോറുകൾ ഉയർത്താൻ സാധിക്കൂ.

തൊഴിൽ വിപണിയിലെ കടുത്ത മത്സരങ്ങളും തൊഴിലില്ലായ്മാ ആശങ്കകളും

താത്കാലിക വിസ എൻട്രികൾ കുറയുന്നത് എൻട്രി ലെവൽ റീട്ടെയിൽ, ഐടി മേഖലകളിലെ തൊഴിലന്വേഷകർക്ക് സങ്കീർണ്ണതകൾ സൃഷ്ടിക്കും. നിലവിൽ കാനഡയിലുള്ള തദ്ദേശീയ തൊഴിലാളികൾക്ക് ആദ്യ മുൻഗണന നൽകാനാണ് തൊഴിലുടമകൾ ശ്രമിക്കുന്നത്.



സ്വാമീസ് ലോഡ്ജിലെ കസേരയും വിസ്മയനടനിലേക്കുള്ള ദൂരവും

മലയാള സിനിമയുടെ ചരിത്രത്തെത്തന്നെ മാറ്റിമറിച്ച ഒരു പ്രതിഭയുടെ തുടക്കം എവിടെനിന്നായിരുന്നു? 'തിരനോട്ടം' എന്ന തന്റെ ആദ്യ ചിത്രത്തിന്റെ ഡബ്ബിംഗിനായി ചെന്നൈയിലെ കോടമ്പാക്കത്തുള്ള സ്വാമീസ് ലോഡ്ജിൽ മോഹൻലാലും കൂട്ടുകാരും എത്തുന്നതും, അവിടെ അവർ നേരിട്ട പ്രതിസന്ധികളുമാണ് ഈ അധ്യായത്തിൽ.

മഹാനായ നടൻ സത്യൻ മാസ്റ്ററുടെ കസേരയിൽ തൊട്ടുതൊഴുതിരുന്ന ആ ഇരുപതുകാരന്റെ മനസ്സിലെ സിനിമാമോഹങ്ങളും, മകനെ ഒരു വലിയ ഉദ്യോഗസ്ഥനാക്കാൻ ആഗ്രഹിച്ച പിതാവിന്റെ ശാസനകളും ഒത്തുചേരുന്ന 'വിസ്മയനടന്റെ' ജീവിതകഥ തുടരുന്നു.



CELEBRATING 48 MOHANLAL YEARS

വിസ്മയനടനം 06



ജോഷി ജോർജ്

മോഹൻലാൽ ഇതെങ്ങനെ സുരേഷിനോട് പറയും? സുരേഷാണെങ്കിൽ ലാലിന്റെ നിഴൽപോലെ എപ്പോഴും കൂടെയുണ്ട്. ഒടുവിൽ സുരേഷിന്റെ യാത്രച്ചെലവിനുള്ള പണം മോഹൻലാൽ തന്നെ കണ്ടെത്തി. താമസിയാതെ ഇരുവരും മദ്രാസിലേക്ക് യാത്രതിരിച്ചു. സുരേഷിനെയും കൂട്ടി മോഹൻലാൽ കോടമ്പാക്കത്തെ സ്വാമീസ് ലോഡ്ജിൽ എത്തിയതിൽ ഏറ്റവും അമർഷം അശോകനാണ്. സുരേഷ് കുളിക്കാൻ പോയ തക്കത്തിന് അയാൾ ലാലിനെ വിചാരണ ചെയ്യുകയാണ്:

''നിനക്ക് വേറെ പണിയൊന്നുമില്ലേടാ ലാലേ... ആ എരപ്പൻ കെട്ടവനെ വിളിച്ചുകൊണ്ടുവരാൻ ആരാ നിന്നോട് പറഞ്ഞത്?''

കുളിക്കുന്നതിനിടയിലും സുരേഷ് അതു കേട്ടു. എങ്ങനെ കേൾക്കാതിരിക്കും! ആ ലോഡ്ജ് മുഴുവൻ കേൾക്കാൻ പാകത്തിലല്ലേ അശോകന്റെ ആക്രോശം! ഏറെ ദേഷ്യത്തോടെ ചാടിത്തുള്ളി അശോകനും പ്രിയദർശനും പുറത്തേക്ക് പോയി.

മോഹൻലാൽ ഇതെല്ലാം കണ്ട് ''ഇനിയെന്ത്'' എന്ന ചിന്തയിൽ തലയ്ക്ക് കൈകൊടുത്തിരിക്കുകയാണ്. അല്പം കഴിഞ്ഞ് സുരേഷ് ബാത്ത്റൂമിന് വെളിയിൽ വന്നു. ലാൽ ഇതൊന്നും അറിഞ്ഞതേയില്ലെന്ന ഭാവത്തിൽ ഇരുന്നു. സുരേഷ് ലാലിന്റെ തോളിൽ തട്ടി. അയാളുടെ കണ്ണുകൾ ചുവന്നു കലങ്ങിയിരുന്നു. സത്യത്തിൽ കുളിമുറിയിൽ പൊട്ടിക്കരയുകയായിരുന്നു സുരേഷ്.

ഇങ്ങനെയൊരു സാഹചര്യത്തിൽ ഇനി എങ്ങനെ സുരേഷിനെ ആശ്വസിപ്പിക്കുമെന്നറിയാതെ ലാൽ കുഴങ്ങി. രണ്ടുപേരും ഒന്നും സംസാരിക്കാതെ ആ ഇരുപ്പ് എത്രനേരം ഇരുന്നുവെന്നറിയില്ല. സ്വാമീസ് ലോഡ്ജിന്റെ ഉടമസ്ഥൻ പരിചയപ്പെടാൻ ഇരുവർക്കും അടുത്തുകൂടിയപ്പോഴാണ് രണ്ടാൾക്കും പരിസരബോധം ഉണ്ടായത്.

അവർ ഒട്ടേറെ സംസാരിച്ചു. അതിൽ സിനിമയും നാട്ടുവിശേഷങ്ങളും ഒക്കെയുണ്ടായിരുന്നു. സഹൃദയനായ ഒരു മനുഷ്യനാണ് ലോഡ്ജ് ഉടമ എന്ന് ലാലിനും സുരേഷിനും തോന്നി. അപ്പോൾ മോഹൻലാലിന് ഒരാഗ്രഹം; മഹാനായ നടൻ സത്യൻ താമസിച്ചിരുന്ന മുറി എവിടെയായിരിക്കും?

ഉടനെ ലോഡ്ജ് ഉടമ സ്വാമിനാഥൻ, സത്യൻ സാർ താമസിച്ച മുറിയും മുത്തയ്യ, പ്രേംനസീർ എന്നിങ്ങനെ പ്രശസ്തരായ ഒട്ടേറെപ്പേർ താമസിച്ചിരുന്ന മുറികൾ കൂടി കാണിച്ചുകൊടുത്തു. അങ്ങനെ അവർ മൂന്നുപേരും കറങ്ങിനടക്കുന്നതിനിടയിൽ സ്റ്റോർ റൂമിന്റെ സമീപത്തെത്തി. അപ്പോൾ സ്വാമിനാഥൻ പറഞ്ഞു:

''സത്യൻ സാർ ഇരുന്നിരുന്ന കസേര ദാ, ആ കിടക്കുന്നതാണ്.''

ആ അറിവ് ലാലിനെ ഏറെ ആവേശഭരിതനാക്കി. ലാലും സുരേഷും കൂടി സ്വാമിനാഥനോട് അനുവാദം വാങ്ങി ആ കസേര അവിടെനിന്ന് പൊടിതട്ടിയെടുത്തു. പിന്നെ ലൂസായി കിടന്നിരുന്ന ഭാഗം ആണിയടിച്ച് നേരെയാക്കി. അങ്ങനെ അല്പംചില്ലറ പൊടിക്കൈകളൊക്കെ നടത്തി കസേര അവരുടെ മുറിയിലേക്ക് മാറ്റി. ലാൽ ഗണപതിയെ നന്നായി മനസ്സിൽ ധ്യാനിച്ച് കസേരയിൽ തൊട്ടുതൊഴുത് അതിലിരുന്നു. ലാലിന്റെ ഈ വക അഭ്യാസപ്രകടനങ്ങൾ കണ്ട് സുരേഷ് അന്തംവിട്ടു നിൽക്കുകയാണ്. ഇതുകണ്ടുകൊണ്ടാണ് അശോകനും പ്രിയനും മടങ്ങിവരുന്നത്. അവർക്ക് കാര്യം എന്തെന്ന് പിടി കിട്ടിയില്ല.

അപ്പോൾ ലാൽ പറഞ്ഞു:

''മഹാനായ സത്യൻ സാർ ഇരുന്ന കസേരയാ... ഇതിലിങ്ങനെ ഇരുന്നാലെങ്കിലും രക്ഷപ്പെടുമോ എന്ന് നോക്കുകയാണ് ഞാൻ...!''

അതു കേട്ടപ്പോൾ വഴക്കൊക്കെ മറന്ന് എല്ലാവരും പൊട്ടിച്ചിരിച്ചുപോയി!

മോഹൻലാലിന്റെ പ്രഥമ സിനിമയായ ''തിരനോട്ട''ത്തിന്റെ ഡബ്ബിംഗിനാണ് കക്ഷിയും കൂട്ടരും മദ്രാസിലെത്തിയതെങ്കിലും കാര്യമായ ജോലികളൊന്നും നടന്നില്ല. പക്ഷേ, ഒരു പ്രയോജനം ലഭിച്ചു; ക്രമേണ സുരേഷിനോടുള്ള പ്രിയന്റെയും അശോകന്റെയും ദേഷ്യം മാറിത്തുടങ്ങി. അന്ന് സ്വാമീസ് ലോഡ്ജിലെ 27-ാം നമ്പർ മുറിയിൽ താമസിച്ചിരുന്നത് നടൻ ജോസ് പ്രകാശായിരുന്നു. ആ മുറിയിൽ വെച്ചാണ് മോഹൻലാലും പ്രിയദർശനും ഒട്ടേറെ സിനിമാതാരങ്ങളെയും സാങ്കേതിക പ്രവർത്തകരെയും പരിചയപ്പെട്ടത്. ആലം മൂടൻ, നെല്ലിക്കോട് ഭാസ്കരൻ, മാള അരവിന്ദൻ തുടങ്ങിയവർ അവരിൽ ചിലർ മാത്രം.

ദിവസങ്ങൾ പിന്നിട്ടപ്പോൾ മോഹൻലാലിന്റെയും സംഘത്തിന്റെയും കയ്യിലെ പണം തീർന്നു. അതോടെ ലാലും കൂട്ടരും ഒരു കണക്കിന് നാട്ടിലേക്ക് വണ്ടികയറി.

സിനിമയെക്കുറിച്ച് ചോദിക്കുന്നവരോട് പല നുണകളും തട്ടിവിടും. ''കടലാസ് പണികൾ പൂരോഗമിക്കുന്നു, ലാബ് വർക്ക് നടക്കുന്നു, ഡബ്ബിംഗിന് സ്റ്റുഡിയോ കിട്ടിയില്ല...'' ഇമ്മാതിരി ഡയലോഗുകൾ പറഞ്ഞ് ചമ്മലകറ്റി നടന്നു.



ഒടുവിൽ മോഹൻലാൽ ഒരു തീരുമാനമെടുത്തു; ഇനി എങ്ങനെയെങ്കിലും ഒരു സിനിമ നടനാവുക, അല്ലെങ്കിൽ നാട്ടുകാരുടെയും കൂട്ടുകാരുടെയും മുഖത്ത് നോക്കാനാകില്ല. അതിനുള്ള വഴികൾ തലപുകഞ്ഞ് ആലോചിച്ചു. അപ്പോഴാണ് പണ്ട് അമ്മാവൻ ചില സിനിമക്കാരെ പരിചയപ്പെടുത്തിത്തന്ന കാര്യം ലാൽ ഓർത്തത്. കൊല്ലത്തുനിന്ന് പ്രസിദ്ധീകരിക്കുന്ന ''മലയാളനാട്'' വാരികയുടെ ഉടമയും ചെമ്പരത്തി, ചായം, നഖങ്ങൾ തുടങ്ങിയ സിനിമകളുടെ നിർമ്മാതാവുമായ എസ്.കെ. നായർ. സാക്ഷാൽ വയലാർ രാമവർമ്മ, സംവിധായകൻ പി.എൻ. മേനോൻ ഇവരൊക്കെ അമ്മാവന്റെ വീട്ടിൽ വന്നവരായിരുന്നു.

''എന്റെ പ്രിയപ്പെട്ട അനന്തിരവൻ'' എന്ന് പറഞ്ഞാണ് മോഹൻലാലിനെ അവർക്ക് പരിചയപ്പെടുത്തിയത്. അഭിനയം അറിയാമോ എന്ന് എസ്.കെ. നായർ ചോദിക്കേണ്ട താമസം, ലാൽ തനിക്കറിയാവുന്ന ചില നമ്പറുകളൊക്കെ ഭംഗിയായി അവതരിപ്പിച്ചു കാണിച്ചു.

''ഈ അഭിനയപ്രതിഭയെ സിനിമയിലെടുത്തില്ലെങ്കിൽ അത് മികച്ച അപരാധമായിരിക്കും'' എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടാണ് വയലാറും എസ്.കെ. നായരും അമ്മാവന്റെ വീട്ടിൽ നിന്ന് പോയത്.

ഇതൊരു ധൈര്യമാക്കി ഉടൻതന്നെ അമ്മാവനൊരു കത്തെഴുതി അയച്ചു. പിറ്റേന്ന് രാവിലെ തന്നെ ലാൽ രണ്ടും കൽപ്പിച്ച് അമ്മയോട് പറഞ്ഞു:

''അമ്മേ എനിക്കിനി പഠിക്കാൻ വയ്യ... എങ്ങനെയെങ്കിലും സിനിമയിൽ അഭിനയിക്കണം.''

അമ്മയ്ക്ക് മകന്റെ സ്വഭാവം നല്ലതുപോലെ അറിയാമല്ലോ, പറഞ്ഞാൽ പറഞ്ഞതിൽ നിന്ന് പിന്മാറില്ല.

രാത്രി വീട്ടിലെത്തിയപ്പോൾ പേടിച്ചുപേടിച്ച് അമ്മ വിഷയം അവതരിപ്പിച്ചു:

''ദേ നോക്കൂ, ലാൽമോന് ഇനി പഠിക്കേണ്ടെന്ന്.''

വിശ്വനാഥൻ നായർ ക്ഷോഭത്തോടെ പറഞ്ഞു:

''പിന്നെ അവൻ ചുമടെടുക്കാൻ പോകുന്നുണ്ടോ?''

മകനെ പഠിപ്പിച്ച് സിവിൽ ഉദ്യോഗസ്ഥനോ ഡോക്ടറോ ആക്കാൻ ശ്രമിക്കുന്ന ആ പിതാവിന് എങ്ങനെ ദേഷ്യം വരാതിരിക്കും. പിന്നെ അദ്ദേഹം ഒന്നും ഉരിയാടിയില്ല. തിരിഞ്ഞുകിടന്ന ആ മനുഷ്യന്റെ ഹൃദയവേദന ആ അമ്മ അറിഞ്ഞു.

പിറ്റേന്ന് രാവിലെ ഉണർന്ന വിശ്വനാഥൻ നായർ മകനെ വിളിച്ച് ശാന്തനായി ചോദിച്ചു:

''എന്താണ് നീ ഇനി പഠിക്കുന്നില്ലെന്ന് പറയാൻ കാരണം? ഡിഗ്രി തീരും മുൻപേ തുടങ്ങിയോ നിന്റെ അഭിനയമോഹം!'' വിശ്വനാഥൻ നായരുടെ ശബ്ദം തികച്ചും ശാന്തമായിരുന്നു. ഇത്രയും മയപ്പെടൽ ലാലിന്റെ അമ്മ പ്രതീക്ഷിച്ചില്ല.

''എനിക്ക് സിനിമയിൽ പോകണം'' മോഹൻലാലിന്റെ മറുപടിയും ശാന്തമായിരുന്നു. എങ്കിലും ആ ശബ്ദത്തിൽ നിശ്ചയദാർഢ്യത്തിന്റെ മുഴക്കമുണ്ടായിരുന്നു.

''എന്തായാലും ഡിഗ്രി കഴിഞ്ഞിട്ടുമതി സിനിമാഭിനയം'' എന്ന് പറഞ്ഞ് അച്ഛൻ മോഹൻലാലിനെ മടക്കി. അച്ഛന്റെ അഭിപ്രായം അതാണെങ്കിൽ തനിക്കും അത് സമ്മതമാണെന്ന മട്ടിൽ തല കുലുക്കി ലാൽ അച്ഛന്റെ മുന്നിൽ നിന്നും അപ്രത്യക്ഷനായി.

(തുടരും...)

യുഎസ്-ഇസ്രായേൽ ജനവിധികൾ ആഗോള രാഷ്ട്രീയത്തിലും ഇന്ത്യൻ വിദേശകാര്യ പ്രതിരോധ നയങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾ!

ടെൽ അവീവിലെ തെരഞ്ഞെടുപ്പ് പൂർത്തിയായി ഫലങ്ങൾ ഔദ്യോഗികമായി പുറത്തുവന്നതോടെ, പശ്ചിമേഷ്യൻ രാഷ്ട്രീയത്തിൽ ചരിത്രപരമായ അധികാര സമവാക്യങ്ങൾക്ക് തിരിതെളിഞ്ഞിരിക്കുകയാണ്! ബെഞ്ചമിൻ നെതന്യാഹുവും മുൻ സൈനിക മേധാവി ഗാഡി ഐസൻകോട്ടും തമ്മിൽ നടന്ന അതിതീവ്ര പോരാട്ടത്തിനൊടുവിൽ, ഇസ്രായേൽ പാർലമെന്റായ നെസ്സറ്റിൽ ഇരുവിഭാഗത്തിനും കേവല ഭൂരിപക്ഷം ലഭിക്കാതെ തൂക്കുമന്ത്രിസഭ സ്ഥിരീകരിക്കപ്പെട്ടത് ആഗോള നയതന്ത്ര കേന്ദ്രങ്ങളെപ്പോലും ഞെട്ടിച്ചു കഴിഞ്ഞു.

ഭരണരൂപീകരണത്തിന് ആവശ്യമായ 61 സീറ്റുകൾ തികയ്ക്കാനാകാതെ ഇരുമുന്നണികളും പ്രതിസന്ധിയിലായപ്പോൾ, അപ്രതീക്ഷിതമായി 19 സീറ്റുകൾ നേടി വൻ വിജയം കൊയ്ത ഇസ്രായേലിലെ അറബ് പാർട്ടികളാണ് ഇപ്പോൾ രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്ന യഥാർത്ഥ 'കിംഗ് മേക്കർമാർ'! ഇസ്രായേലിലെ ഈ രാഷ്ട്രീയ അനിശ്ചിതത്വങ്ങൾക്കൊപ്പം, വാഷിംഗ്ടണിൽ നടന്ന മിഡ്ടേം തെരഞ്ഞെടുപ്പിൽ ഡെമോക്രാറ്റുകൾ വിജയക്കൊടി പാറിച്ചതും കൂട്ടിവായിക്കുമ്പോൾ പശ്ചിമേഷ്യൻ യുദ്ധങ്ങളിലെ വരാനിരിക്കുന്ന മാറ്റങ്ങളും, ഇറാന്റെ നയതന്ത്ര നീക്കങ്ങളും, ഇന്ത്യയുടെ പ്രതിരോധഊർജ്ജ ബന്ധങ്ങളും നിർണ്ണായകമായ ഒരു പുതിയ മാറ്റങ്ങളിലേക്ക് എത്തുകയാണ്. ഈ വമ്പൻ രാഷ്ട്രീയ മാറ്റങ്ങളും അവയുടെ ആഗോള പ്രതിഫലനങ്ങളും സമഗ്രമായി പരിശോധിച്ച് വിലയിരുത്തുന്നു...

നെതന്യാഹുവും ഐസൻകോട്ടും തമ്മിലുള്ള അതിതീവ്ര മത്സരങ്ങളും അറബ് പാർട്ടികളുടെ കിംഗ് മേക്കർ പദവിയും

ഇസ്രായേൽ ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത രാഷ്ട്രീയ അനിശ്ചിതത്വങ്ങൾക്കാണ് തെരഞ്ഞെടുപ്പ് ജനവിധി വഴിവെച്ചിരിക്കുന്നത്.

തൂക്കുമന്ത്രിസഭയും കേവല ഭൂരിപക്ഷത്തിന്റെ പ്രതിസന്ധികളും

120 അംഗങ്ങളുള്ള ഇസ്രായേൽ പാർലമെന്റിൽ സർക്കാരുണ്ടാക്കാൻ ആവശ്യമായ 61 സീറ്റുകൾ തികയ്ക്കാൻ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ വലതുപക്ഷ കൂട്ടുകെട്ടിനോ ഗാഡി ഐസൻകോട്ടിന്റെ യാഷാർ സഖ്യത്തിനോ സാധിച്ചിട്ടില്ല. നെതന്യാഹുവിന്റെ ലികുഡ് പാർട്ടിക്കും സഖ്യകക്ഷികൾക്കും 53 സീറ്റുകൾ മാത്രം ലഭിച്ചപ്പോൾ ഐസൻകോട്ടിന്റെ പ്രതിപക്ഷ സഖ്യം 48 സീറ്റുകളിലൊതുങ്ങി.

അറബ് പാർട്ടികളുടെ അപ്രതീക്ഷിത മുന്നേറ്റങ്ങളും ചരിത്ര വിജയങ്ങളും

ഇസ്രായേലിലെ അറബ് പൗരന്മാരുടെ ഉയർന്ന വോട്ടിംഗ് ശതമാനത്തിന് സാക്ഷ്യം വഹിച്ച ഈ തെരഞ്ഞെടുപ്പിൽ റാം, ജോയിന്റ് ലിസ്റ്റ് എന്നീ അറബ് പാർട്ടികൾ ചേന്ന് 19 സീറ്റുകൾ നേടി ചരിത്ര വിജയം രേഖപ്പെടുത്തി. ഇസ്രായേൽ ചരിത്രത്തിൽ ഇതുവരെയില്ലാത്ത വണ്ണം ഒരു ഗവൺമെന്റ് രൂപീകരണത്തിന്റെ പൂർണ്ണ നിയന്ത്രണം അറബ് രാഷ്ട്രീയക്കാരുടെ കൈകളിലെത്തിനിൽക്കുകയാണ്.

സഖ്യ നിർമ്മിതിയിലെ പ്രതിസന്ധികളും വൻ സുരക്ഷാ പരീക്ഷണങ്ങളും

ഇസ്രായേൽ ഭരണഘടന അനുസരിച്ച് സർക്കാർ രൂപീകരിക്കാൻ ഒരു അറബ് പാർട്ടിയുടെ പിന്തുണ സ്വീകരിക്കുന്നത് സങ്കീർണ്ണമായ രാഷ്ട്രീയ പ്രതിസന്ധിയാണ്. നെതന്യാഹുവും ഐസൻകോട്ടും അറബ് സഖ്യങ്ങളെ പരസ്യമായി തള്ളിക്കളയുന്നുണ്ടെങ്കിലും, തടസ്സങ്ങൾ മാറ്റി നിർത്തി സഖ്യത്തിലെത്താൻ കഴിഞ്ഞില്ലെങ്കിൽ രാജ്യം വീണ്ടുമൊരു തെരഞ്ഞെടുപ്പിലേക്ക് പോകേണ്ടി വരും.

ഒക്ടോബർ 7 ആക്രമണങ്ങൾക്ക് ശേഷമുള്ള ആദ്യ ജനവിധിയുടെ രാഷ്ട്രീയ പാഠങ്ങൾ

2023 ഒക്ടോബർ 7 ആക്രമണങ്ങൾക്ക് ശേഷം നടന്ന ആദ്യ പൊതു തെരഞ്ഞെടുപ്പിൽ, സുരക്ഷാ വീഴ്ചകളുടെ പേരിൽ നെതന്യാഹുവിന് മേൽ ജനവികാരം പ്രകടമായിട്ടുണ്ടെങ്കിലും, ഒടുവിലത്തെ പ്രചാരണ തന്ത്രങ്ങളിലൂടെ തട്ടകത്തിൽ പൊരുതി നിൽക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. എന്നാൽ ദേശീയ സുരക്ഷ ഉറപ്പാക്കാൻ മുൻ സൈനിക തലവനായ ഗാഡി ഐസൻകോട്ടിനാണ് ജനങ്ങൾ കൂടുതൽ വിശ്വാസ്യത നൽകുന്നത്.

അമേരിക്കൻ മിഡ്ടേം ഫലങ്ങളും ഇസ്രായേലിനുള്ള യുഎസ് സൈനികനയതന്ത്ര പിന്തുണകളും

വാഷിംഗ്ടണിൽ കാപിറ്റോൾ കുന്നുകളിലെ ഭൂരിപക്ഷം മാറിയത് ഇസ്രായേലിന്റെ വിദേശനയങ്ങൾക്ക് വലിയ വെല്ലുവിളിയാകും.

യുഎസ് കോൺഗ്രസിലെ ഡെമോക്രാറ്റിക് സാന്നിദ്ധ്യവും നയതന്ത്ര സമ്മർദ്ദങ്ങളും

അമേരിക്കൻ മിഡ്ടേം തെരഞ്ഞെടുപ്പിൽ യുഎസ് ഹൗസ് ഓഫ് റെപ്രസന്റേറ്റീവ്സിലും സെനറ്റിലും ഡെമോക്രാറ്റിക് പാർട്ടി ആധിപത്യം സ്ഥാപിച്ചതോടെ, ഇസ്രായേലിലേക്ക് നൽകുന്ന കോടിക്കണക്കിന് ഡോളറിന്റെ വിദേശ സൈനിക ഫണ്ടുകൾക്ക് സഭയിൽ കടുത്ത നിരീക്ഷണങ്ങൾ വരും. തന്നിഷ്ടപ്രകാരമുള്ള യുദ്ധ ഫണ്ടുകൾ പാസാക്കാൻ പ്രസിഡന്റ് ട്രംപിന് ഇനി കഠിന പരിശ്രമങ്ങൾ നടത്തേണ്ടി വരും.

അവിഭാജ്യ യുഎസ്-ഇസ്രായേൽ ബന്ധങ്ങളിലെ പുതിയ നിബന്ധനകൾ

അമേരിക്കയിലെ ഭരണമാറ്റങ്ങൾ യുഎസ്ഇസ്രായേൽ സൈനിക കൂട്ടുകെട്ടിനെ പൂർണ്ണമായി തകർക്കില്ലെങ്കിലും, ഗാസയിലും ലബനനിലും തുടരുന്ന തന്ത്രപരമായ ആക്രമണങ്ങളിൽ സമാധാന ചർച്ചകൾക്ക് മുൻഗണന നൽകാൻ പുതിയ കോൺഗ്രസ് വാഷിംഗ്ടണിന് മേൽ സമ്മർദ്ദം ചെലുത്തും. മാനുഷിക തടസ്സങ്ങൾ മാറ്റാൻ ഇത് സഹായിക്കും.

ട്രംപിന്റെ വിദേശനയ സമവാക്യങ്ങളും പശ്ചിമേഷ്യൻ യുദ്ധക്കളങ്ങളും

അമേരിക്കൻ ജനതയുടെ സാമ്പത്തിക താത്പര്യങ്ങൾക്ക് മുൻഗണന നൽകുന്ന പ്രസിഡന്റ് ട്രംപ്, വിദേശ രാജ്യങ്ങളിലെ ദീർഘകാല പോരാട്ടങ്ങൾക്ക് പരിധി നിശ്ചയിക്കാൻ നിർബന്ധിതനാകും. മിഡ്ടേം ഫലങ്ങളുടെ പശ്ചാത്തലത്തിൽ പശ്ചിമേഷ്യയിൽ സമാധാന അന്തരീക്ഷം പുനഃസ്ഥാപിക്കാൻ വാഷിംഗ്ടൺ പുതിയ നിർദ്ദേശങ്ങൾ കൊണ്ടുവരും.

ഇറാൻ-അമേരിക്കൻ നയതന്ത്ര വാതിലുകളുടെ തുറക്കലുകൾ

യുഎസ് പാർലമെന്റ് ഡെമോക്രാറ്റുകൾ പിടിച്ചെടുത്തത് ടെഹ്റാനുമായി നേരിട്ടുള്ള നയതന്ത്ര ചർച്ചകൾക്ക് വഴിയൊരുക്കും. ഇറാന് നേരെ അനാവശ്യമായി യുദ്ധത്തിലേക്ക് കടക്കാതെ ചർച്ചകളിലൂടെ ആണവ സുരക്ഷ ഉറപ്പാക്കാൻ അമേരിക്കൻ വിദേശകാര്യ മന്ത്രാലയം ശ്രമിക്കും.

ഇന്ത്യൻ പ്രതിരോധഊർജ്ജ മേഖലകളിൽ ഈ അന്താരാഷ്ട്ര മാറ്റങ്ങൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ

പശ്ചിമേഷ്യൻ വൻകരയിലെയും വാഷിംഗ്ടണിലെയും മാറ്റപ്രതിഷ്ഠകൾ ഭാരതത്തിന്റെ വിദേശകാര്യ മേഖലയിൽ വരുത്തുന്ന പ്രതിഫലനങ്ങൾ താഴെ പരിശോധിക്കാം.

ഇന്ത്യൻ പ്രതിരോധ ആയുധ വിതരണ ശൃംഖലകളുടെ ഭാവിയും പങ്കാളിത്തങ്ങളും

ഇസ്രായേലിൽ നിന്നും അത്യാധുനിക റഡാറുകളും ഡ്രോൺ സാങ്കേതികവിദ്യകളും ഇറക്കുമതി ചെയ്യുന്ന പ്രധാന രാജ്യമാണ് ഇന്ത്യ. ടെൽ അവീവിൽ രാഷ്ട്രീയ അസ്ഥിരത തുടരുകയാണെങ്കിൽ ഉഭയകക്ഷി പ്രതിരോധ കരാറുകളുടെ പൂർത്തീകരണം വൈകാൻ സാധ്യതയുണ്ട്.

ചബഹാർ തുറമുഖവും ഇന്ത്യമിഡിൽ ഈസ്റ്റ്യൂറോപ്പ് ഇടനാഴിയും

വാഷിംഗ്ടണിലെ ഭൂരിപക്ഷ മാറ്റങ്ങളും പശ്ചിമേഷ്യൻ സുരക്ഷയും ഇന്ത്യ മുന്നോട്ട് കൊണ്ടുപോകുന്ന ചബഹാർ തുറമുഖ വികസനത്തിനും ഐഎംഇസി വാണിജ്യ പാതയ്ക്കും അനുകൂലമായി മാറും. പേർഷ്യൻ ഉൾക്കടലിൽ പോരാട്ടങ്ങൾ കുറയുന്നത് സമുദ്ര ഗതാഗതം സുഗമമാക്കും.

പെട്രോളിയം ഇന്ധന സുരക്ഷയും പ്രവാസി ക്ഷേമ മുൻഗണനകളും

പശ്ചിമേഷ്യയിൽ യുദ്ധ ഭീതികൾ ശാന്തമാകുന്നത് അന്താരാഷ്ട്ര എണ്ണവില വർദ്ധിക്കുന്നത് തടയും. ഇത് ഭാരതീയ വിപണിക്ക് പണപ്പെരുപ്പമില്ലാതെ തുടരാൻ സഹായകരമാകുന്നതിനൊപ്പം ഗൾഫ് വൻകരയിലെ കോടിക്കണക്കിന് ഇന്ത്യൻ പ്രവാസികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യും.

ഡൽഹിയും വാഷിംഗ്ടണും തമ്മിലുള്ള തന്ത്രപ്രധാന സഹകരണങ്ങൾ

അമേരിക്കയിൽ പാർലമെന്ററി ഭൂരിപക്ഷം മാറിയാലും ക്വാഡ് സഖ്യം ഉൾപ്പെടെയുള്ള ഇൻഡോപസഫിക് തന്ത്രങ്ങളിൽ ഇന്ത്യയുടെ സ്ഥാനം അവിഭാജ്യമായി തുടരും. അമേരിക്കയിലെ ഇരു പാർട്ടികൾക്കും ഡൽഹിയുമായുള്ള സാമ്പത്തികപ്രതിരോധ കരാറുകളിൽ ഒരേ കാഴ്ചപ്പാടാണുള്ളത്.



ബ്രോ, അഴിമതിയുടെ നിലയില്ലാ ചതുപ്പിൽ എന്തിനാണ് ഈ 'വെള്ള' പുതപ്പിക്കൽ

നാക്കിന് എല്ലില്ലാതെ പാർട്ടി സെക്രട്ടറി എം.വി.ഗോവിന്ദന്റെ വക 'താത്വികാവലോകനം' തകർക്കുന്നു. പാർട്ടിക്കുവേണ്ടി പുതിയ തലമുറയുടെ ഭാവി തന്നെ പന്താടുന്ന വിധം വിദ്യാർത്ഥികളെ സി.പി.എം. തെരുവിലിറക്കുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റുകാരുടെ ഇടതുപക്ഷ ചായ്വുള്ള സംഘടനയിലെ വളർമതി എന്നൊരു പെണ്ണൊരുത്തി ആശാവർക്കർമാരുടെ പഴയ സമരം ഓർമ്മിപ്പിച്ചുകൊണ്ട് സെക്രട്ടറിയേറ്റ് നടയിൽ വച്ച് തലമൊട്ടയടിച്ച് മാധ്യമങ്ങളുടെ താരമായി മാറുന്നു. 35 ഐ.എ.എസുമാരുടെ സ്ഥലംമാറ്റം അഴിമതി നടത്താൻ വേണ്ടിയാണെന്ന് പ്രതിപക്ഷ നേതാവ് മുറവിളി കൂട്ടുന്നു.

കെ.എസ്.ഇ.ബി. ചെയർമാൻ സ്ഥാനത്തു നിന്ന് രാജമാണിക്യത്തെ മാറ്റി എൻ. പ്രശാന്തിനെ കൊണ്ടുവന്നത് സ്വകാര്യ കമ്പനികളിൽ നിന്ന് വൈദ്യുതി വാങ്ങി അഴിമതി നടത്താനാണെന്ന് പിണറായി വെടിപൊട്ടിക്കുന്നു. ഇതിനിടെ അഴിമതിയന്വേഷണങ്ങളുടെ കുത്തൊഴുക്കിൽ പഴയ മന്ത്രിമാർ എല്ലാവരും തന്നെ വിറകൊണ്ടുനിൽക്കുന്നു. നിയമസഭയിൽ പ്രതിപക്ഷമായിരുന്ന ശിവൻകുട്ടിയുംകൂട്ടരും നടത്തിയ താണ്ഡവം സംബന്ധിച്ച കേസ് ഇന്ന് തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ വിചാരണ ആരംഭിച്ചിട്ടുണ്ട്.

അടുത്ത വ്യാഴാഴ്ച ഷുക്കൂർ വധക്കേസിന്റെ വിധിയുണ്ടാകും. ഇ.പി.ജയരാജനും മുൻമന്ത്രി രാജേഷുമടക്കമുള്ളവർ പ്രതികളായിട്ടുള്ള കേസാണിത്. സി.പി.എം. നേതാക്കൾക്കുവേണ്ടി പ്രമുഖ ക്രിമിനൽ അഭിഭാഷകൻ ബി.രാമൻപിള്ള വാദിക്കുന്നുണ്ടെങ്കിലും വിധി തങ്ങൾക്ക് എതിരാകുമോയെന്ന ഭയപ്പാടിലാണ് സി.പി.എം.

ശിവൻകുട്ടിയും കൂട്ടരും അങ്കലാപ്പിൽ

2015 ലാണ് കേരള നിയസഭയിൽ ശിവൻകുട്ടി, ഇ.പി.ജയരാജൻ, കെ.ടി.ജലീൽ തുടങ്ങിയ പ്രതിപക്ഷ എം.എൽ.എ.മാർ 'അരുതാത്ത' പ്രകടനം കാഴ്ചവച്ചത്. സ്പീക്കറുടെ മേശപ്പുറത്തുവരെ അന്ന് ശിവൻകുട്ടി കയറി ആടിത്തിമിർത്തു. കമ്പ്യൂട്ടറുകളും കസേരകളും തള്ളിമറിച്ചിട്ടു. നിയമസഭയിലെ 8 സി.സി.ടി.വി. ക്യാമറകൾ ഈ രംഗം പകർത്തിയത് ലോകം മുഴുവൻ കണ്ടു. ക്യാമറകൾ അന്ന് ഓപ്പറേറ്റ് ചെയ്ത ടെക്നിഷ്യനായ ശ്യാം ഇന്ന് (ബുധൻ) കോടതിയിൽ ഹാജരായി പ്രതികളെ തിരിച്ചറിഞ്ഞു കഴിഞ്ഞു.

ഇനി അന്നത്തെ നിയമസഭാ സെക്രട്ടറി ശാർങ്ധരന്റെ മൊഴി ഓൺലൈനിൽ പകർത്താൻ കോടതി തീരുമാനിച്ചിട്ടുണ്ട്. ഈ കേസിൽ 6 പ്രതികളാണുള്ളത്. തെരഞ്ഞെടുപ്പിൽ



മൽസരിക്കുന്നതിൽ നിന്നുള്ള വിലക്കും തടവും പിഴയുമെല്ലാം ഈ കേസിൽ ശിവൻകുട്ടി അടക്കമുള്ളവർക്ക് ലഭിച്ചേക്കാം.

ഷുക്കൂറിന്റെ കേസിലും 41 സാക്ഷികളുടെ വിസ്താരം പൂർത്തിയായിട്ടുണ്ട്. സി.പി.എം. നേതാക്കൾ ശിക്ഷിക്കപ്പെട്ടാൽ കണ്ണൂരിൽ പാർട്ടി നേതൃത്വം നടത്തിവരുന്ന അക്രമരാഷ്ട്രീയത്തിന് ആഘാതമാകും. അപ്പീൽ പോകുമെങ്കിലും ഈ കേസിൽ നിന്ന് പെട്ടെന്ന് ഊരിപ്പോകാനാവാത്ത വിധം തെളിവുകൾ ശക്തമാണെന്നാണ് വാർത്തകളുള്ളത്.

അയ്യേ, ഐ.എ.എസ്. എന്ന് പറയിപ്പിക്കല്ലേ

35 ഐ.എ.എസ്.കാരുടെ സ്ഥലം മാറ്റമാണിപ്പോൾ തലസ്ഥാനത്തെ ചർച്ച. ചട്ടപ്പടിയല്ലാത്ത, സ്ഥലം മാറ്റമാണെന്ന് പ്രതിപക്ഷവും ഒരു പറ്റം ഉദ്യോഗസ്ഥ മൂപ്പന്മാരും പറയുന്നുണ്ട്. ഇക്കാര്യത്തിൽ മാധ്യമങ്ങളുടെ നിലപാട് പോലും വെടിപ്പല്ല. കാരണം ഐ.എ.എസ്.കാരുടെ സ്ഥലം മാറ്റത്തിനു മുമ്പ് സിവിൽസർവീസ് ബോർഡ് ചേരേണ്ടതുണ്ട്. ഇങ്ങനെ ബോർഡ് യോഗം വിളിക്കാതെയാണ് സ്ഥലം മാറ്റ ഉത്തരവിറക്കിയതെന്ന് ചില മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. എന്നാൽ ആ പ്രചരണം തെറ്റാണ്. ഒക്ടോബർ 30ന് ബോർഡ് യോഗം ചേരുകയും സ്ഥലം മാറ്റം സംബന്ധിച്ച ശുപാർശകൾ ചീഫ് സെക്രട്ടറിയും അഡിഷണൽ ചീഫ് സെക്രട്ടറിയും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.

ഈ സ്ഥലം മാറ്റത്തിൽ ഏറ്റവും വലിയ വിവാദമായത് എം.ജി. രാജമാണിക്യത്തിന്റേതാണ്. കെ.എസ്.ഇ.ബി. ചെയർമാനും മാനേജിംഗ് ഡയറക്ടറും എന്നുള്ള പദവികളിൽ നിന്ന് രാജമാണിക്യത്തെ പടിയിറക്കിയത് കാരണമൊന്നുമില്ലാതെയല്ല. യു.ഡി.എഫ്. സർക്കാർ അധികാരത്തിലേറിക്കഴിഞ്ഞപ്പോൾ അവിചാരിതമായുണ്ടായ വൈദ്യുതി പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിൽ രാജമാണിക്യത്തിന് പിഴവ് പറ്റി. പവർകട്ടിന്റെ സമയക്രമം പോലും യഥാസമയം അറിയിക്കാനാകാത്ത വിധം ബോർഡിലെ 'ഏമാന്മാർ' നടത്തിയ കള്ളക്കളി നിയന്ത്രിക്കാൻ ഈ ഉദ്യോഗസ്ഥ മേധാവിക്ക് കഴിഞ്ഞില്ല.

മാത്രമല്ല, നവംബർ 1 മുതൽ ഉണ്ടായേക്കാവുന്ന വൈദ്യുതി ക്ഷാമം പരിഹരിക്കാനുള്ള നടപടികളിൽ കാലതാമസം വരുത്തിയതും മാണിക്യത്തിന് ദോഷമായി. ബുധനാഴ്ചത്തെ വാർത്താസമ്മേളനത്തിൽ ബോർഡിന്റെ ഭാഗത്തുനിന്നുണ്ടായ മറ്റൊരു അട്ടിമറി ശ്രമത്തെക്കുറിച്ചും മുഖ്യമന്ത്രി സൂചിപ്പിച്ചു. വൈദ്യുതി ക്ഷാമത്തിനിടയിൽ ഇടുക്കിയിലെ ഒരു ജനറേറ്റർ അറ്റകുറ്റപ്പണികൾക്കായി ഒരു മാസത്തേയ്ക്ക് 'ഷട്ട് ഡൗൺ' ചെയ്യാൻ ബോർഡ് തീരുമാനിച്ചത് വേണ്ടത്ര ആലോചനയില്ലാതെയായിരുന്നുവെന്ന് ആരോപണമുയർന്നു.

മുഖ്യമന്ത്രി ഈ പ്രശ്നത്തിൽ ഇടപെടുകയും 10 ദിവസത്തിനുള്ളിൽ ജനറേറ്റിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കണമെന്ന് ഉത്തരവിടുകയും ചെയ്തു. ഇതോടെ 4 ദിവസത്തിനുള്ളിൽ മെയിന്റനൻസ് ജോലികൾ ബോർഡിലെ എഞ്ചിനീയർമാർ പൂർത്തിയാക്കി. ഇതോടെ ഈ ജനറേറ്റർ ഉപയോഗിച്ച് 130 മില്യൺ യൂണിറ്റും 150 മില്യൺ യൂണിറ്റും ഉൽപ്പാദിപ്പിക്കാനായി. ബോർഡിലെ ഓഫീസർമാരുടെ സംഘടന 'പക്കാ' ഇടതുപക്ഷക്കാരാണ്. അവരെ നിയന്ത്രിക്കാൻ എൻ. പ്രശാന്തിനെ പോലുള്ള മിടുക്കരായ ഐ.എ.എസു.കാർക്ക് കഴിയും.

വൈദ്യുതി കച്ചവടവും ഇടതു സർക്കാരും

എൻ.പ്രശാന്തിനെ പോലെ ക്ലീൻ ഇമേജുള്ള ഒരു ഉദ്യോഗസ്ഥനെതിരെ ഗോവിന്ദൻ മാഷ് പടയ്ക്കിറങ്ങുമ്പോൾ അത്യാവശ്യം 'ഗൃഹപാഠ'മെങ്കിലും നടത്താമായിരുന്നു. ഹിമാചൽ പ്രദേശിൽ നിന്ന് 14 രൂപ 50 പൈസയ്ക്ക് വൈദ്യുതി ലഭ്യമാണെന്നിരിക്കെ എന്തിന് സ്വകാര്യ കമ്പനി വഴി കേരളം വൈദ്യുതി വാങ്ങുന്നുവെന്ന ആരോപണമുന്നയിച്ചത് സി.പി.എം. മുഖപത്രത്തിന്റെ റിപ്പോർട്ടറാണ്. 'ഈ കറന്റ് കച്ചവടത്തെക്കുറിച്ച് മുഖ്യമന്ത്രി ഈ 'വാർത്താ ക്ഷുരകന് ' ക്ലാസെടുക്കുക തന്നെ ചെയ്തു. സംസ്ഥാനങ്ങളുടെ വൈദ്യുതി പോലും സ്വകാര്യ ഇടനിലക്കാർ വഴിയേ ഇപ്പോൾ ലഭിക്കുകയുള്ളൂ.

ഹിമാചലിന്റെ വൈദ്യുതി യൂണിറ്റിന് 14 രൂപ 50 പൈസ നിരക്കിൽ ലഭിക്കുന്നത് പവർ ബ്രോക്കർമാർ വഴിയാണ്. അവരുടെ കമ്മീഷനും ഉൾപ്പെടുത്തിയാണ് ഈ വില. ജി.എൻ.എ. കമ്പനി എന്നത് ഹരിയാനയിലെ ഗുരുഗ്രാമിലെ രജിസ്ട്രേഡ് കമ്പനിയാണ്. 12 കോടി മൂലധനമുള്ള ഈ കമ്പനിയിൽ നിന്ന് 2025ൽ രണ്ടാം പിണറായി ഭരണകൂടവും വൈദ്യുതി വാങ്ങിയിട്ടുണ്ട്. ജി.എൻ.എ. കമ്പനി വൈകിട്ട് 6 മണി മുതൽ രാത്രി 12 മണി വരെയുള്ള പീക്ക് അവറിൽ 8 രൂപ 90 പൈസയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതി നൽകുമ്പോൾ ഹിമാചൽ പ്രദേശ് 14 രൂപ 50 പൈസയാണ് യൂണിറ്റിന് കോട്ട് ചെയ്തത്.

കേരളം പിൻവാങ്ങിയപ്പോൾ രാജസ്ഥാന് യൂണിറ്റിന് 15 രൂപ 50 പൈസ എന്ന നിരക്കിൽ അവർ വൈദ്യുതി വിൽക്കാൻ കരാറായിട്ടുണ്ട്. ഹിമാചൽ പ്രദേശ് പീക്ക് അവറിൽ 353 മില്യൺ യൂണിറ്റ് വൈദ്യുതിയേ നൽകൂ. ജി.എൻ.എ. ആകട്ടെ അതേ സമയത്ത് 1212 മില്യൺ യൂണിറ്റ് വൈദ്യുതി നൽകാമെന്നാണ് സമ്മതിച്ചിട്ടുള്ളത്. ഹിമാചലിന്റെ വൈദ്യുതി വാങ്ങിയാൽ കേരളത്തിന് 2232 കോടി രൂപയുടെ നഷ്ടമുണ്ടാകും. ഇത്രയും വിശദമായ കണക്ക് ദേശാഭിമാനി ലേഖകൻ പ്രതീക്ഷിച്ചില്ലെന്നു തോന്നുന്നു. എന്തായാലും അതോടെ റിപ്പോർട്ടറുടെ ചോദ്യങ്ങൾ നിലച്ചു.

ബാറും കോഴയും ലൈസൻസും...

സർക്കാർ അറിയാതെ ബാർ ലൈസൻസ് നൽകിയതിനെക്കുറിച്ചായി 'കൈരളി' റിപ്പോർട്ടറുടെ ചോദ്യം. ചോദ്യം ഉന്നയിച്ച റിപ്പോർട്ടറെ പ്രത്യേകം ചൂണ്ടിക്കാണിച്ച് "ചോദിക്ക്, നിങ്ങൾക്കുള്ള മറുപടിക്കു ശേഷമേ മറ്റുള്ളവർക്ക് മറുപടി നൽകൂ" എന്നുള്ള മുഖ്യമന്ത്രിയുടെ 'പെർഫോമൻസ്' കണ്ട് ആകെ റിപ്പോർട്ടർ പതറി. ചോദ്യവും റിപ്പോർട്ടർ മറന്നു. ഉടനെ മുഖ്യമന്ത്രി 'ബാറിന്റെ കാര്യം ചോദിക്ക്' എന്നായി വീണ്ടും

സർക്കാർ അറിയാതെ ബാർ ലൈസൻസ് നൽകാൻ ഉദ്യോഗസ്ഥർക്ക് അവസരമുണ്ടാക്കിക്കൊടുത്തത് പഴയ സർക്കാരാണെന്ന് മുഖ്യമന്ത്രി തുറന്നടിച്ചു.



കേരളാ വിൻഡോ



ആന്റണി ചടയംമുറി

"ഈ സർക്കാർ അതൊന്നും സമ്മതിക്കില്ല. യു.ഡി.എഫിന്റെ മദ്യ നയം ഉടനുണ്ടാകും. അതനുസരിച്ചേ കാര്യങ്ങൾ നടക്കൂ" എന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. 147 ഹോട്ടലുകൾക്ക് പുതിയതായി പിണറായി സർക്കാർ ബാർ ലൈസൻസ് നൽകിയത് ശരിയായില്ലെന്ന് കേന്ദ്ര ടൂറിസം മന്ത്രാലയം പത്രക്കുറിപ്പിറക്കിയത് വാർത്താലേഖകർ അറിഞ്ഞില്ലേ ആവോ?

പി.എസ്.സി.യും മറ്റ് തരികിടകളും

പി.എസ്.സി.യിലെ പ്രശ്നങ്ങളിൽ പ്രതികരിക്കാനില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. കാരണം, അത് കോടതി പരിഗണിച്ചുകൊണ്ടിരിക്കുന്ന വിഷയമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സമരം ചെയ്യുന്നവരോട് ഈ സർക്കാരിന് ശത്രുതയൊന്നുമില്ലെന്ന് മുഖ്യമന്ത്രി മറ്റൊരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. എട്ടു തവണ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും 2 തവണ മുഖ്യമന്ത്രിയും സമരക്കാരുമായി ചർച്ച നടത്തിയതാണ്.

സമരക്കാരുടെ അഞ്ചിൽ നാല് ആവശ്യവും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അധ്യാപക വിദ്യാർത്ഥി റേഷ്യോ കുറയ്ക്കണമെന്ന ആവശ്യം ഇപ്പോഴത്തെ സർക്കാരിന്റെ ധനസ്ഥിതിയനുസരിച്ച് പ്രഖ്യാപിക്കാനാവില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. പിണറായി സർക്കാരും ഈ ആവശ്യം തള്ളിക്കളഞ്ഞതാണെന്നും മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു.

പി.എസ്.സി. ചെയർമാൻ ഏതായാലും വല്ലാത്ത കുരുക്കിലാണ്. രണ്ടര മണിക്കൂർ കൊണ്ട് വിജിലൻസ് ക്ലീയറൻസ് നൽകി ഒരു കുറ്റാരോപിതനെ ഡി.വൈ.എസ്.പി. റാങ്കിൽ നിയമിച്ചതടക്കമുള്ള ആരോപണങ്ങൾ ഗുരുതര സ്വഭാവമുള്ളതാണ്. പിണറായിയുടെ കാലത്ത് നിയമിതരായ ചെയർമാനും കൂട്ടാളികളും തൊഴിൽരഹിതരായ യുവതീ യുവാക്കളുടെ സ്വപ്നങ്ങൾ തകർത്തവരാണ്.

ഗവർണറെ ഈ പ്രശ്നത്തിലേക്ക് വലിച്ചിടരുതെന്നും, പി.എസ്.സി. നിയമനങ്ങളിലെ കള്ളക്കളികൾ പുറത്തുവരണമെന്നും ഈ സർക്കാരിന് ആഗ്രഹമുണ്ട്. ഇടതു ഭരണകൂടം നടത്തിയ അഴിമികളുടെ ഒരറ്റം മാത്രമാണ് ഇപ്പോൾ നാം കണ്ടുകൊണ്ടിരിക്കുന്നത്.

'കായിക' ത്തിൽ കൈയിട്ടുവാരിയ തിനപ്പുറം എന്തെല്ലാം കാണാൻ കിടക്കുന്നു? ഇപ്പോഴും ഇവർ അഴിമതിയെക്കുറിച്ച് ഗീർവാണം പറഞ്ഞുകൊണ്ടിരിക്കുന്നുവെന്നത്, ഇടതുനേതാക്കളുടെ 'ഉളുപ്പില്ലായ്മയ്ക്ക്'ക്കുള്ള ഉദാഹരണമല്ലേ?

അധ്യാപകർ പഠിപ്പിക്കാത്ത (പഠിക്കാത്ത) പാഠങ്ങൾ

ഗുരുർബ്രഹ്മാ ഗുരുർവിഷ്ണുഃ
ഗുരുർദ്ദേവോ മഹേശ്വരഃ –
ഗുരു സാക്ഷാത് പരംബ്രഹ്മഃ
തസ്മൈ ശ്രീഗുരവേ നമഃ ?

ഭാരതീയ സംസ്കാരത്തിൽ ഗുരുവിന് നൽകിയിരിക്കുന്ന പരമമായ സ്ഥാനത്തെ വ്യക്തമാക്കുന്ന അതിമനോഹരമായ ഒരു പ്രാർത്ഥനാ ശ്ലോകമാണിത്.

നമ്മുടെ ഉള്ളിൽ അറിവിന്റെ പുതിയൊരു ലോകം സൃഷ്ടിക്കുന്നത് ഗുരുവാണ്. നമ്മുടെ ഉള്ളിലെ അജ്ഞതയെയും ഇരുളിനെയും ഇല്ലാതാക്കുന്നത് ഗുരുവാണ്. അറിവിന്റെ വെളിച്ചം പകർന്നുതരുന്ന എല്ലാ ഗുരുക്കന്മാരെയും വന്ദിക്കാനാണ് ഈ ശ്ലോകം.

നല്ല അധ്യാപകർ എന്ന് വിളിക്കാവുന്ന മഹാഭൂരിപക്ഷം നിലനിൽക്കുമ്പോഴും, സമൂഹത്തിൽ എല്ലാ മേഖലയിലും കാണുന്ന പുഴുക്കുത്തുകൾ അധ്യാപന മേഖലയിലും വർദ്ധിച്ചു വന്നാൽ അത് നൽകുന്ന സന്ദേശം ഏതായാലും വരും തലമുറയ്ക്ക് നല്ലതല്ലെന്ന് വലിയ അക്ഷരത്തിൽ എഴുതിവെക്കേണ്ടിവരും.

ഗുരുശിഷ്യ ബന്ധം വളരെയേറെ ചർച്ച ചെയ്യപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ നിന്ന് പുതുകാലത്ത് എത്തുമ്പോൾ സമൂഹം അതിന്റെ നിർവചനങ്ങൾ പൊളിച്ചെഴുതുകയാണ്.

ആര് ആരെയാണ് ബഹുമാനിക്കേണ്ടത് എന്നതിൽ പോലും പഴയ നിർവചനങ്ങളുടെ കളത്തിൽ നിൽക്കുന്നതല്ല ഇന്നത്തെ കാഴ്ചപ്പാടും ചിന്താഗതിയും. വിദ്യാർത്ഥിയെ ശിക്ഷിക്കാനുള്ള അധ്യാപകന്റെ അവകാശത്തെയും അധികാരത്തെയും വരെ ഇതിനോടകം നമ്മൾ പൊളിച്ചടുക്കി. ചൂരൽ പ്രയോഗങ്ങളും ക്ലാസ് മുറിയിൽ നിന്ന് പുറത്താക്കലും ക്ലാസ് തീരും വരെ ബെഞ്ചിൽ ഇരിക്കാൻ അനുവദിക്കാത്തതും ഉൾപ്പെടെയുള്ള പഴയകാല ശിക്ഷ മുറകൾ ഇന്ന് അപരിഷ്കൃതമായിരിക്കുന്നു.

ഏതെങ്കിലും കാരണത്തിന്റെ പേരിൽ അധ്യാപകൻ ഒരു കുട്ടിക്ക് നേരെ ചൂരൽ പ്രയോഗം നടത്തിയാൽ പോലും അതിനെ ബാലപീഡയായി ഗണിക്കാൻ കഴിയുന്ന ചുറ്റുപാടിലാണ് ഇന്ന് സ്കൂളുകളിലെ ക്ലാസ് മുറികൾ.

സ്കൂൾ വിട്ട് കലാലയങ്ങളിൽ എത്തുമ്പോൾ ചിത്രം വീണ്ടും മാറുന്നു. അവിടെ ഗുരുശിഷ്യ ബന്ധം ചില സ്ഥലങ്ങളിൽ സുഹൃത് ബന്ധം പോലെ സൗഹാർദ്യമാകുമെങ്കിലും ചില നേരങ്ങളിൽ കുട്ടിയെ തിരുത്തുന്ന അധ്യാപകന് നേരിടേണ്ടി വരുന്നത് വലിയ എതിർപ്പും പരിഹാസവുമാണ്. ശിക്ഷിച്ചാലും അധ്യാപകനെ ബഹുമാനിക്കുക എന്ന പഴയ നിലവിട്ട് അയാളെ ഒരു ശത്രുവിനെ പോലെ നിരീക്ഷിക്കുന്ന അവസ്ഥയും നിലവിലുണ്ട്.

പഠിക്കാത്ത പാഠങ്ങൾ

ഇതിനൊരു മറുവശം ഉണ്ടെന്ന് നമുക്കറിയാം. പല അധ്യാപകരും ഇന്ന് വിദ്യാർത്ഥികൾക്ക് മാതൃകയല്ല. പകരം എങ്ങനെ അനുകരിക്കരുത് എന്നതിന് ഉത്തമ ഉദാഹരണം കൂടിയാണ്. പണ്ടും അത്തരം അധ്യാപകർ ഇല്ലാതിരുന്നിട്ടില്ല. പക്ഷേ അവരെ മനേജ്മെന്റും സർക്കാരും ഒന്നും വച്ച് പൊറുപ്പിച്ചിട്ടില്ല. അത്തരക്കാർ തുറന്നു കാട്ടപ്പെടുകയും ചെയ്യുമായിരുന്നു. ഇന്ന് അധ്യാപകന്റെ ശരി തെറ്റുകൾ വിലയിരുത്തുന്നത് സംഘടിത ശക്തികളാണ്. അതിൽ സംഘടനകൾക്ക് വലിയ പങ്കുണ്ട്. ഒരു സംഘടനയിൽ അംഗമായാൽ പ്രത്യേക പരിഗണനയും സംരക്ഷണവും ഉറപ്പാക്കാവുന്ന അവസ്ഥ. കലാലയങ്ങളിൽ രാഷ്ട്രീയം പലപ്പോഴും സംഘർഷത്തിന്റെ വക്കോളം എത്തുമ്പോൾ അതിനെ നിയന്ത്രിക്കാൻ പ്രധാന അധ്യാപകർക്ക് കഴിഞ്ഞിരുന്നു.



ഇന്ന് ആ സ്ഥാനത്ത് അധ്യാപക സംഘടനാ താല്പര്യങ്ങൾ കാര്യങ്ങളെ നിയന്ത്രിക്കാൻ തുടങ്ങി. യൂണിയൻ പ്രവർത്തനം കഴിഞ്ഞ് മാത്രം ക്ലാസ് മുറിയിൽ എത്തുന്ന അധ്യാപകരുണ്ട്. അവരെ സംരക്ഷിക്കാൻ സംഘടന ഉണ്ട്. അവർ നിയന്ത്രിക്കുന്ന അധ്യാപക അവകാശങ്ങൾക്ക് വേണ്ടിയുള്ള സമരങ്ങളുണ്ട്. അവർ വിശ്വസിക്കുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്ര നിലപാട് അവരുടെ ശിഷ്യരുടെ ശിരസ്സിലേക്കും അടിച്ചേൽപ്പിക്കുന്ന അധ്യാപകരുണ്ട്. അതാണ് അവർ പഠിപ്പിക്കുന്ന പ്രധാന പാഠം.

ആരുടെ സിലബസ് ?

വിദ്യാർത്ഥി സമരങ്ങളെ, അവരുടെ പ്രതിഷേധങ്ങളെ രാഷ്ട്രീയമായി നേരിടുന്ന സാഹചര്യവും ഇപ്പോൾ കേരളം ഒന്നാകെ ചർച്ച ചെയ്യുകയാണ്. അതിനിടെ, സമര രീതികൾക്ക് അതിർവരമ്പ് സൃഷ്ടിക്കാൻ, കാമ്പസിലെ രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ നിർദ്ദേശിക്കുന്ന കേരള സർവകലാശാല വിദ്യാർത്ഥി പെരുമാറ്റച്ചട്ട ചട്ടങ്ങളുടെ കരടിനെതിരെ എതിർപ്പുകൾ ഉയർന്നിട്ടുണ്ട്. ഒന്നും അന്തിമമാക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ലെന്ന് സർവകലാശാല ഉദ്യോഗസ്ഥർ പറയുമ്പോൾ പോലും നിയന്ത്രണങ്ങൾ കൈവിട്ടു പോകുന്ന സ്ഥിതിയിലേക്ക് ക്യാമ്പസുകൾ മാറിക്കഴിഞ്ഞു.

വിദ്യാർത്ഥി സംഘടനകൾ പ്രതിഷേധങ്ങൾ, ധർണകൾ, പുതിയ അംഗങ്ങളെ നിയമിക്കൽ, പോസ്റ്ററുകൾ ഒട്ടിക്കൽ, ഫണ്ട് സ്വരൂപിക്കൽ, രാഷ്ട്രീയ വ്യക്തികളെ ഉൾപ്പെടുത്തി പരിപാടികൾ സംഘടിപ്പിക്കൽ, ഓൺലൈൻ പ്രചാരണം എന്നിവയ്ക്കുള്ള നിയന്ത്രണങ്ങൾ ഉൾപ്പെടുന്ന കരട് ചട്ടങ്ങൾ സർവകലാശാലാ സിൻഡിക്കേറ്റ് അടുത്തിടെ പരിഗണിച്ചിരുന്നു. ഒരു വശത്ത് അത്തരം നിയന്ത്രണങ്ങൾ വരുമ്പോൾ തന്നെ, രാഷ്ട്രീയം കൊണ്ടുനടക്കുന്ന അധ്യാപക നേതാക്കൾ പലരും വിദ്യാർത്ഥികളെ സംഘർഷത്തിന് പ്രേരിപ്പിക്കുന്ന കാഴ്ചയും കേരളത്തിന് കാണേണ്ടിവരുന്നു.

പ്രതിഷേധ രീതികൾ ഇഷ്ടപ്പെട്ടില്ലെങ്കിൽ അത്തരക്കാരെ സസ്പെൻഡ് ചെയ്യാൻ വകുപ്പുണ്ട്. എന്നാൽ അത്തരം ശിക്ഷാനടപടികൾക്ക് രാഷ്ട്രീയനിറം വരുമ്പോഴാണ് ക്യാമ്പസുകളുടെ സമഭാവന പടിക്കു പുറത്താകുന്നത്. കാലടി സർവകലാശാലയിൽ സംഭവിച്ചത് വൈസ് ചാൻസലറെ പരിഹസിച്ചു കൊണ്ടുള്ള ഒരു നാടകാവതരണത്തിന്റെ ബാക്കി പത്രമാണ്. അത് സസ്പെൻഷനിലേക്കും പരീക്ഷാ വിലക്കിലേക്കും നീണ്ടപ്പോൾ കാര്യങ്ങൾ കൈവിട്ടു പോയി.

വിസിയും വിദ്യാർത്ഥികളും മുഖാമുഖം നിയമ യുദ്ധത്തിലേക്ക് കടക്കുന്നത് മറ്റ് ക്യാമ്പസുകളിൽ കൂടി വിദ്യാർത്ഥി ലോകത്ത് അരാജകത്വത്തിന് വഴിതുറക്കും. അതിന്റെ ആദ്യ വെടി വെച്ചയാണ് മഹാരാജാസ് കോളേജ് ഓഡിറ്റോറിയത്തിൽ കേട്ടത്. പ്രതിഷേധത്തിന്റെ വിരൽ ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ നേർക്ക് നീണ്ടത് സമാനതകളില്ലാത്ത ശൈലിയിലായി. നിയമ പോരാട്ടം ഒന്നുകൂടി മുറുകി. ആ വിദ്യാർത്ഥി പ്രതിഷേധത്തിന് പിന്നിൽ വിദ്യാർത്ഥി സംഘടനകളല്ല, സ്ഥാപിത താല്പര്യക്കാരായ ചില അധ്യാപകരാണ് എന്ന് ആരോപിക്കപ്പെടുമ്പോഴാണ് പ്രശ്നം ഗുരുതരമാകുന്നത്.

അപ്രതീക്ഷിതമായിട്ടാണ് മന്ത്രിക്കെതിരേ പരസ്യ പ്രതിഷേധമുണ്ടായത്. ബിരുദദാന പരിപാടിക്കായി കഴിഞ്ഞ ഒക്ടോബർ 30 ന് സംഘടിപ്പിക്കപ്പെട്ട വേദിയിലാണ് വിദ്യാർത്ഥികൾ പ്രതിഷേധിച്ചത്. രാവുപകലാക്കി പഠിച്ച് നേടിയ ബിരുദ സർട്ടിഫിക്കറ്റ് ഉന്നത വിദ്യാഭ്യാസ മന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങാമെന്ന പ്രതീക്ഷയിൽ വളരെ ദൂരെ നിന്നുപോലും കോളജിലേക്ക് മാതാപിതാക്കളുമായി എത്തിയവർ നിരാശയോടെ മടങ്ങി. പോകുമ്പോൾ അവർ പ്രതിഷേധിച്ച വിദ്യാർത്ഥികളെ പഴിപറയുന്നതു കാണാമായിരുന്നു. പരിപാടി കഴിഞ്ഞിട്ട് മറുപടി പറയാമെന്ന് മന്ത്രി പറഞ്ഞിട്ടും പ്രതിഷേധക്കാർ കേൾക്കാതിരുന്നതിലായിരുന്നു രക്ഷിതാക്കൾക്ക് ദേഷ്യം.

പ്രതിഷേധം പ്രത്യക്ഷത്തിൽ പൊടുന്നനെ പൊട്ടിപ്പുറപ്പെട്ടതായി തോന്നാമെങ്കിലും പിന്നിൽ കൃത്യമായ ആസൂത്രണമുണ്ടായിരുന്നു. അതറിയാതെ പോയത് ബിരുദം വാങ്ങാൻ എത്തിയവരാണെന്നു മാത്രം.


കാലടി സർവകലാശാലയിൽ രണ്ടു മാസം മുമ്പ് 16 എസ്.എഫ്.ഐ. വിദ്യാർഥികളെ പുറത്താക്കിയതിന്റെ കാരണമെന്താണെന്നും അവരെ തിരിച്ചെടുക്കാത്തത് എന്തെന്നുമായിരുന്നു ഉന്നതവിദ്യാഭ്യാസ മന്ത്രിയോടുള്ള പ്രതിഷേധക്കാരുടെ ചോദ്യം.

തങ്ങൾ ജനാധിപത്യരീതിയിലാണ് മന്ത്രിയോട് ഇടപെട്ടതെന്നാണ് സമരക്കാരായ എസ്.എഫ്.ഐക്കാർ പറഞ്ഞതെങ്കിലും കാര്യങ്ങൾ അത്ര നിഷ്കളങ്കമല്ല എന്നാണ് കോളജിനുള്ളിൽ നിന്നുള്ള സംസാരം. മഹാരാജാസ് കോളജിൽ എസ്.എഫ്.ഐ.ക്കാരുടെ പിന്നിൽ കടുത്ത ഇടതുപക്ഷക്കാരനായ ഒരു അധ്യാപകന്റെ പിന്തുണയുണ്ടെന്ന് പരസ്യമായ രഹസ്യമാണ്. മഹാരാജാസിൽ എസ്.എഫ്.ഐക്കാർ ഒന്നനങ്ങണമെങ്കിൽ ഈ അധ്യാപകന്റെ ആശീർവാദം വേണം. വിദ്യാർഥികൾക്കെന്നല്ല, സഹ അധ്യാപകർക്കു നേരേയും ഈ അധ്യാപകൻ വിദ്യാർഥികളെ കരുവാക്കുന്നത് പുതിയ സംഭവമല്ല.

പത്തുവർഷം തുടർച്ചയായി ഇടതുഭരണകാലത്തായിരുന്നു ഇത്തരം ഇടപെടലുകൾ. അത് ഭരണം മാറിയിട്ടും തുടരുന്നുവെന്നു മാത്രം. ഈ അധ്യാപകനു പുറമേ ഇടത് അധ്യാപക സംഘടനയും ഇടതു വിദ്യാർഥി സംഘടനയുടെ അഴിഞ്ഞാട്ടത്തിനു കുടപിടിച്ചുകൊടുക്കുന്നുണ്ടത്രേ. ഇടത് അധ്യാപക സംഘടനയ്ക്ക് നേതാവായ ഈ അധ്യാപകൻ പറയുന്നതിന് അപ്പുറത്തേക്ക് മറുവാക്കില്ലതന്നെ.

അപ്പോൾ കലാലയങ്ങൾ പഠന വേദികൾ മാത്രമല്ലെന്ന് തെളിയിക്കുന്ന ഇത്തരം അധ്യാപകർ കൂടിയാണ് കാര്യങ്ങൾ വഷളാക്കുന്നത്. ഇവരെയാണ് കുട്ടികൾ ഗുരു സ്ഥാനത്ത് കാണേണ്ടത്!

◗ *പ്രജിത്ത് രാജ്*





4 വർഷത്തെ ഇടവേളയ്ക്ക് ശേഷം സിന്ധു ബിഡബ്ല്യുഎഫ് വേൾഡ് ടൂർ ഫൈനൽസിൽ

ഇന്ത്യൻ ബാഡ്മിന്റൺ താരം പിവി സിന്ധു നാല് വർഷത്തെ ഇടവേളയ്ക്ക് ശേഷം അഭിമാനകരമായ ബിഡബ്ല്യുഎഫ് വേൾഡ് ടൂർ ഫൈനൽസിന് യോഗ്യത നേടി. 2021ന് ശേഷം ആദ്യമായാണ് രണ്ട് തവണ ഒളിമ്പിക് മെഡൽ നേടിയ സിന്ധു ഈ സീസൺ അവസാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നത്. പരിക്കുമൂലം 2022ലെ ടൂർണമെന്റിൽ നിന്ന് സിന്ധുവിന് പിന്മാറേണ്ടി വന്നിരുന്നു.ഡിസംബർ 9 മുതൽ 13 വരെ ചൈനയിലെ ഹാങ്ഷൂവിലാണ് 2026ലെ വേൾഡ് ടൂർ ഫൈനൽസ് നടക്കുക. സിന്ധുവിന്റെ കരിയറിലെ ആറാം ടൂർണമെന്റ് പങ്കാളിത്തമാണിത്. 2018ൽ താൻ നേടിയ കിരീടനേട്ടം ആവർത്തിക്കാനാണ് ഇത്തവണ സിന്ധു ലക്ഷ്യമിടുന്നത്.ഈ സീസൺ അവസാനിവന്റിൽ വനിതാ സിംഗിൾസ് കിരീടം നേടിയ ഏക ഇന്ത്യൻ താരം എന്ന റെക്കോർഡും സിന്ധുവിന് സ്വന്തമാണ്.ലോക ഒന്നാം നമ്പർ താരം ആൻ സെ-യങ്, അക്കാനെ യമഗുച്ചി, വാങ് ഷിയി, ചെൻ യുഫെയ് എന്നിവരും സിന്ധുവിനൊപ്പം എട്ട് പേരടങ്ങുന്ന വനിതാ സിംഗിൾസ് വിഭാഗത്തിൽ സ്ഥാനം ഉറപ്പിച്ചു. നവംബർ 24നാണ് യോഗ്യതാ മത്സരങ്ങളുടെ അവസാന തീയതി. നിരാശകൾ നിറഞ്ഞ സീസണിലെ പ്രതീക്ഷ നൽകുന്ന ഒരു വഴിത്തിരിവാണ് സിന്ധുവിന്റെ ഈ യോഗ്യത.കഴിഞ്ഞ മെയ് മാസത്തിൽ മികച്ച താളം കണ്ടെത്താൻ തുടങ്ങിയ സിന്ധു സിംഗപ്പൂർ ഓപ്പണിന്റെ ക്വാർട്ടർ ഫൈനലിലും ഓസ് ട്രേലിയൻ ഓപ്പണിന്റെ സെമി ഫൈനലിലും എത്തിയിരുന്നു. ഇന്തോനേഷ്യൻ ഓപ്പണിൽ രണ്ടാം റൗണ്ടിൽ പുറത്തായ സിന്ധു ലോക ഒന്നാം നമ്പർ താരം ആൻ സെ-യങ്ങിനോടാണ് പരാജയപ്പെട്ടത്. എന്നാൽ ജൂലൈയിൽ നടന്ന ജപ്പാൻ ഓപ്പണിലെ വിജയം സിന്ധുവിന്റെ കരിയറിലെ ഒരു വലിയ മുന്നേറ്റമായിരുന്നു.

ചെന്നൈ ഓപ്പണിൽ തോറ്റ ബ്രിട്ടീഷ് താരത്തിന് വധഭീഷണി! പ്രതികരണവുമായി ജോഡി ബുറേഗ്

ചെന്നൈ ഓപ്പണിൽ ഇന്ത്യൻ താരം വൈഷ്ണവി അഡ്കാറിനോട് തോറ്റതിന് പിന്നാലെ ബ്രിട്ടീഷ് ടെന്നീസ് താരം ജോഡി ബുറേഗിന് വധഭീഷണിയും ഓൺലൈൻ അധിക്ഷേപങ്ങളും നേരിടേണ്ടിവന്നു. കഴിഞ്ഞ ചൊവ്വാഴ്ച നടന്ന ആദ്യ റൗണ്ട് മത്സരത്തിലെ തോൽവിക്ക് ശേഷമാണ് ബുറേഗ് ഈ ദുരനുഭവം പങ്കുവെച്ചത്. ഇൻസ്റ്റാഗ്രാമിലൂടെ ലഭിച്ച അധിക്ഷേപകരമായ സന്ദേശങ്ങളുടെ സ്ക്രീൻഷോട്ടുകൾ താരം പുറത്തുവിട്ടു.3-6, 6-3, 7-5 എന്ന സ്കോറിനാണ് 21 വയസ്സുകാരിയായ വൈഷ്ണവി അഡ്കാറിനോട് ബുറേഗ് പരാജയപ്പെട്ടത്. ഓൺലൈനിൽ കളിക്കാരെ ലക്ഷ്യമിടുന്നവർക്കെതിരെ ഡബ്ല്യുടിഎ എപ്പോഴാണ് നടപടിയെടുക്കുക എന്ന് ചോദിച്ച് ജർമ്മനിയുടെ ഈവാ ലിസ് ബുറേഗിന് പിന്തുണ പ്രഖ്യാപിച്ചു. അതേസമയം, വൈഷ്ണവി അഡ്കാറിന് ഇത് ഡബ്ല്യുടിഎ ടൂർ തലത്തിലെ ആദ്യ വിജയമായിരുന്നു. നിർണായക സെറ്റിൽ 3-5ന് പിന്നിൽ നിന്നശേഷം തുടർച്ചയായി നാല് ഗെയിമുകൾ നേടിയാണ് പുണെക്കാരിയായ അഡ്കാർ ഹോം ഗ്രൗണ്ടിൽ വിജയത്തിലേക്ക് തിരിച്ചെത്തിയത്. ബ്രിട്ടീഷ് താരത്തിന്റെ ഫോർഹാൻഡ് പിഴവ് ഇന്ത്യൻ താരത്തിന് ബ്രേക്ക് നൽകി, ഇത് അവരെ മാച്ചിനായി സെർവ് ചെയ്യാൻ അനുവദിച്ചു. അഡ്കാർ ലവ്വിൽ ഹോൾഡ് ചെയ്ത് വിജയം ഉറപ്പിച്ചു.ഏകദേശം മൂന്ന് മണിക്കൂറോളം നീണ്ട ഈ മത്സരം ഈർപ്പമുള്ള സാഹചര്യങ്ങളിലായിരുന്നു നടന്നത്. ചൂടിനാൽ ബുറേഗ് ബുദ്ധിമുട്ടുകയും മെഡിക്കൽ സഹായം തേടുകയും ചെയ്തിരുന്നു. ബുറേഗിന്റെ രക്തസമ്മർദ്ദവും ഓക്സിജൻ നിലയും പരിശോധിക്കുകയും കൈകളിലും കാലുകളിലും ഐസ് വെക്കുകയും ചെയ്തു.2023 സെപ്റ്റംബറിൽ കരിയറിലെ ഏറ്റവും ഉയർന്ന റാങ്കിംഗായ 85-ൽ എത്തിയ ഈ 27 വയസ്സുകാരി ഇപ്പോൾ ലോക റാങ്കിംഗിൽ 474-ാം സ്ഥാനത്താണ്. കഴിഞ്ഞ വർഷം വിംബിൾഡണിൽ അമേരിക്കൻ താരം കാറ്റി മക്നാലിയോട് ആദ്യ റൗണ്ടിൽ തോറ്റതായിരുന്നു ബുറേഗിന്റെ ഇതിന് മുൻപുള്ള ഡബ്ല്യുടിഎ ടൂർ സിംഗിൾസ് മത്സരം. അന്ന് നേരിട്ട ഓൺലൈൻ അധിക്ഷേപങ്ങളെക്കുറിച്ചും ബുറേഗ് സംസാരിച്ചിരുന്നു, ഫോൺ നോക്കുന്നത് നിർത്തേണ്ടി വന്നെന്നും അവർ പറഞ്ഞു. ഇത്തരം അതിക്രമങ്ങൾ തടയാൻ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്ന് ജോഡി ബുറേഗ് ആവശ്യപ്പെട്ടിരുന്നു. ആളുകളുടെ ഐഡി അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നത് അവർ എഴുതുന്ന കാര്യങ്ങളെ തടയുകയും കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുകയും ചെയ്യുമെന്നും വളരെ ലളിതമായ കാര്യമാണിതെന്നും ബുറേഗ് വ്യക്തമാക്കിയിരുന്നു.

മഴ തടസ്സപ്പെടുത്തിയ മത്സരത്തിൽ ഇന്ത്യക്ക് 5 വിക്കറ്റ് വിജയം; പരമ്പരയിൽ മുന്നിൽ

ന്യൂസിലൻഡിനെതിരായ അഞ്ച് ഏകദിനങ്ങളുടെ പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ അഞ്ച് വിക്കറ്റിന് വിജയിച്ചു. ഓക്ക്ലൻഡിൽ നടന്ന കളി മഴ മൂലം രണ്ട് തവണ തടസ്സപ്പെട്ടു. ഈ വിജയത്തോടെ ഇന്ത്യ പരമ്പരയിൽ 1-0ന് മുന്നിലെത്തി.ഈഡൻ പാർക്കിൽ ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിംഗിനിറങ്ങിയ ന്യൂസിലൻഡ് 40.2 ഓവറിൽ 185 റൺസിന് എല്ലാവരും പുറത്തായി. പിന്നീട് മഴ കളി മുടക്കിയപ്പോൾ ഇന്ത്യയുടെ വിജയലക്ഷ്യം 40 ഓവറിൽ 167 റൺസായി പുനർനിർണയിച്ചു.



വീണ്ടും മഴയെത്തിയതിനെ തുടർന്ന് ലക്ഷ്യം 32 ഓവറിൽ 143 റൺസായി ചുരുക്കി.മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ 22.4 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. 51 പന്തിൽ 74 റൺസെടുത്ത വിരാട് കോലിയാണ് ഇന്ത്യയുടെ വിജയം അനായാസമാക്കിയത്. ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലും (37) കോലിയും ചേർന്ന് 113 റൺസിന്റെ കൂട്ടുകെട്ടുണ്ടാക്കി.ഇന്ത്യൻ നിരയിൽ രോഹിത് ശർമ്മ പൂജ്യത്തിനും ശ്രേയസ് അയ്യർ 15 റൺസിനും അക്സർ പട്ടേൽ പൂജ്യത്തിനും പുറത്തായി. കെ എൽ രാഹുൽ (3), നമൻ ധിർ (5) എന്നിവർ കൂടുതൽ വിക്കറ്റുകൾ നഷ്ടപ്പെടുത്താതെ ഇന്ത്യയെ വിജയത്തിലേക്ക് നയിച്ചു.

സച്ചിൻ എറിഞ്ഞു, സഞ്ജു തട്ടി, ലാലേട്ടൻ അടിച്ചു! 'നീ പോ മോനേ ദിനേശാ' ഡയലോഗിന് വൻ ക്ലൈമാക്സ്!



സച്ചിൻ തെണ്ടുൽക്കറും സഞ്ജു സാംസണും തമ്മിലുള്ള രസകരമായ ഒരു സംഭാഷണത്തിന് മലയാളത്തിന്റെ സൂപ്പർ താരം മോഹൻലാൽ ഇപ്പോൾ പുതിയൊരു ക്ലൈമാക്സ് നൽകിയിരിക്കുന്നു. 'നീ പോ മോനേ ദിനേശാ' എന്ന പ്രശസ്തമായ ഡയലോഗിന്റെ യഥാർത്ഥ അർത്ഥം തന്റെ ഇൻസ്റ്റാഗ്രാം സ്റ്റോറിയിലൂടെ മോഹൻലാൽ വിശദീകരിച്ചതോടെ ആരാധകർക്ക് ആവേശം ഇരട്ടിയായി.റെഡ്ഡിറ്റിലെ ഇന്ത്യ ക്രിക്കറ്റ് കമ്മ്യൂണിറ്റിയിൽ നടന്ന ഒരു സെഷനിലാണ് സംഭവങ്ങളുടെ തുടക്കം. ടി20 ലോകകപ്പ് സമയത്ത് താൻ സച്ചിനുമായി നിരന്തരം ബന്ധപ്പെട്ടിരുന്നു എന്നും ദീർഘനേരം സംസാരിച്ചു എന്നും സഞ്ജു സാംസൺ മുൻപ് വെളിപ്പെടുത്തിയിരുന്നു.സഞ്ജുവിന്റെ ഈ വെളിപ്പെടുത്തൽ ഓർമ്മിപ്പിച്ചുകൊണ്ട്, ഒരു ആരാധകൻ സച്ചിനോട് അന്ന് സഞ്ജുവിനോട് എന്താണ് പറഞ്ഞത്? എന്ന് ചോദിക്കുകയുണ്ടായി. ഇതിന് സച്ചിൻ നൽകിയ മറുപടി, നീ പോ മോനേ ദിനേശാ!അതിന്റെ അർത്ഥം സഞ്ജു പറയും എന്നായിരുന്നു.മോഹൻലാലിന്റെ 2000-ൽ പുറത്തിറങ്ങിയ ബ്ലോക്ക്ബസ്റ്റർ ചിത്രമായ 'നരസിംഹ'ത്തിലെ പൂവള്ളി ഇന്ദുചൂഡൻ പറയുന്ന ഡയലോഗാണ് 'നീ പോ മോനേ ദിനേശാ'.

ടൊറോന്റോ നഗരത്തിൽ അമേരിക്കൻ പൈപ്പുകൾ സ്ഥാപിക്കുന്നതിനെതിരെ പ്രതിഷേധം;

കനേഡിയൻ സ്റ്റീൽ വ്യവസായത്തിന് തിരിച്ചടി

കാനഡയിൽ സ്റ്റീൽ വ്യവസായ മേഖലയിൽ തൊഴിൽ നഷ്ടങ്ങൾ വർദ്ധിക്കുന്നതിനിടെ ഒന്റാറിയോ നിയമനിർമ്മാണ സഭയ്ക്ക് സമീപം അമേരിക്കയിൽ നിർമ്മിച്ച പൈപ്പുകൾ സ്ഥാപിക്കുന്നത് വലിയ ചർച്ചയായിരിക്കുകയാണ്. പ്രത്യേകതരം സ്റ്റീൽ പൈപ്പുകൾക്കായി ടൊറോന്റോ നഗരത്തിന് അമേരിക്കയെ ആശ്രയിക്കേണ്ടി വന്നുവെന്നാണ് അധികൃതർ പറയുന്നത്. കീൻസ് പാർക്കിന് സമീപം ജലവിതരണ പൈപ്പുകൾ മാറ്റിവെക്കുന്ന ജോലിയും റോഡ് നവീകരണവും മിക്കവാറും പൂർത്തിയായിട്ടുണ്ട്. ഈ ജോലികൾക്കായി അമേരിക്കയിൽ നിർമ്മിച്ച വസ്തുക്കളാണ് ഉപയോഗിച്ചിരിക്കുന്നത്. യുഎസ് പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് രണ്ടാം തവണയും തിരഞ്ഞെടുക്കപ്പെട്ടതിന്റെ അടുത്ത ദിവസം, ഡൗൺടൗണിന് സമീപമുള്ള പൈപ്പുകൾ നന്നാക്കാനും റോഡ് നവീകരിക്കാനുമായി ടൊറോന്റോ നഗരം ഒരു പൊതു ടെണ്ടർ പുറത്തുവിട്ടിരുന്നു.



ഏകദേശം ഒമ്പത് മാസങ്ങൾക്ക് ശേഷം, കീൻസ് പാർക്ക് ക്രസന്റ് ഇക്ക് താഴെയുള്ള ജലവിതരണ പൈപ്പുകൾ മാറ്റിവയ്ക്കുന്നതിനായി ജിയോ ക്രീറ്റ് കൺസ്ട്രക്ഷൻ ലിമിറ്റഡിന് 17.7 മില്യൺ ഡോളറിന്റെ കരാർ നൽകി. കനേഡിയൻ സ്റ്റീലിന് ട്രംപ് 50 ശതമാനം താരിഫ് വർദ്ധിപ്പിച്ച് പ്രാദേശിക വിതരണക്കാരെ തകർക്കാൻ ശ്രമിച്ചിരുന്നു. നോർത്ത് യോർക്ക് ആസ്ഥാനമായുള്ള ജിയോ ക്രീറ്റ് കൺസ്ട്രക്ഷൻ പൈപ്പുകൾ വാങ്ങിയത് വെസ്റ്റ് വെർജീനിയയിലെ ഒരു അമേരിക്കൻ സ്റ്റീൽ വാട്ടർമെയ്ൻസ് കരാറുകാരിൽ നിന്നാണ്. ഈ താരിഫ് വർദ്ധനവ് കാനഡയിലെ സർക്കാരുകളെ പ്രാദേശിക സ്റ്റീൽ, വാഹനങ്ങൾ, മറ്റ് ഉൽപ്പന്നങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പ്രേരിപ്പിച്ചു.

നഗരസഭയ്ക്ക് ഇത് ഒഴിവാക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് പറഞ്ഞിട്ടും അമേരിക്കൻ പൈപ്പുകളാണ് നിലവിൽ സ്ഥാപിക്കുന്നത്. 2026 മാർച്ചിൽ സൂൾ സെന്റ് മേരിയിലെ അൽഗോമ സ്റ്റീലിലെ നൂറുകണക്കിന് തൊഴിലാളികളെ പിരിച്ചുവിട്ടു. അടുത്തിടെ ഹാമിൽട്ടണിലെ ഗ്രിസൽക്കോ നൂറിലധികം തൊഴിലാളികളെയും പിരിച്ചുവിട്ടിരുന്നു. സർക്കാർ ആവശ്യപ്പെട്ടിട്ടും സ്റ്റെൽക്കോ തങ്ങളുടെ ഹാമിൽട്ടൺ പ്ലാന്റിലെ സ്റ്റീൽ തൊഴിലാളികളെ പിരിച്ചുവിടാൻ തുടങ്ങി, അഞ്ച് ദിവസത്തിനകം തൊഴിൽ സംരക്ഷണ പദ്ധതി വെളിപ്പെടുത്തിയില്ലെങ്കിൽ നിയമനടപടികൾ നേരിടേണ്ടി വരുമെന്ന് സർക്കാർ മുന്നറിയിപ്പ് നൽകിയിരുന്നു. യുഎസ്എയുമായുള്ള വ്യാപാര യുദ്ധത്തിൽ കനേഡിയൻ ജോലികൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ സർക്കാർ പൊതുപണം വിനിയോഗിക്കണമെന്ന് ഹാമിൽട്ടണിലെ യുണൈറ്റഡ് സ്റ്റീൽ വർക്കേഴ്സ് 1005 പ്രസിഡന്റ് റോൺ വെൽസ് പറഞ്ഞു.

ടൊറോന്റോയിലെ ജലവിതരണ പൈപ്പുകളെക്കുറിച്ച് കേൾക്കുന്നത് നിരാശാജനകമാണെന്നും ചില ഉൽപ്പന്നങ്ങൾ കാനഡയിൽ നിർമ്മിക്കുന്നില്ലെന്നും റോൺ വെൽസ് സമ്മതിച്ചു. നഗരങ്ങൾക്ക് പ്രാദേശികമായി ഉൽപ്പന്നങ്ങൾ വാങ്ങാൻ കഴിയുന്ന തരത്തിൽ ഒന്റാറിയോയിൽ മികച്ച സ്റ്റീൽ വിതരണം സ്ഥാപിക്കാൻ മറ്റ് തലത്തിലുള്ള സർക്കാരുകൾ സഹായിക്കണമെന്ന് റോൺ വെൽസ് ആഗ്രഹിക്കുന്നു. ഇത് അല്പം മന്ദഗതിയിലാണെന്ന് തോന്നുന്നു, ഒരുപക്ഷേ ആളുകൾ ട്രംപ് സ്ഥാനമൊഴിയാനും താരിഫുകൾ ഇല്ലാതാകാനും കാത്തിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കാനഡയിൽ നിർമ്മിക്കാൻ കഴിയുന്ന ഉൽപ്പന്നങ്ങളെ കൂടുതൽ ആശ്രയിക്കണമെന്നും റോൺ വെൽസ് പറഞ്ഞു. ഈ ജോലികൾ നടക്കുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന കൗൺസിലർ തിരഞ്ഞെടുക്കപ്പെട്ട മൈക്ക് ലെയ്റ്റൺ ടൊറോന്റോ സിറ്റി ഹാളിൽ റോൺ വെൽസിന്റെ അഭിപ്രായം ആവർത്തിച്ചു. ഇത് നികുതിദായകരുടെ പണമാണെന്നും കനേഡിയൻ സമ്പദ്‌വ്യവസ്ഥയിലേക്ക് ഇത് തിരികെ എത്തുന്നത് മികച്ചതായിരിക്കുമെന്നും മൈക്ക് ലെയ്റ്റൺ പറഞ്ഞു.റിപ്പയർ വൈകുന്നത് ഒഴിവാക്കാൻ ചില സാധനങ്ങൾ വിദേശത്ത് നിന്ന് വാങ്ങേണ്ടി വന്നേക്കാമെന്ന് മൈക്ക് ലെയ്റ്റൺ കൂട്ടിച്ചേർത്തു. പ്രവിശ്യാ നിയമസഭയായ കീൻസ് പാർക്കിന് സമീപമുള്ള റോഡിന്റെ ഒരു ഭാഗത്താണ് അമേരിക്കൻ നിർമ്മിത പൈപ്പുകൾ സ്ഥാപിക്കുന്നത്. പ്രാദേശിക ഉൽപ്പന്നങ്ങൾ കൂടുതൽ വാങ്ങുന്നതിനുള്ള നീക്കത്തെ ഒന്റാറിയോയിലെ മുനിസിപ്പാലിറ്റികളുടെ അസോസിയേഷൻ പിന്തുണയ്ക്കുന്നു.

മുനിസിപ്പാലിറ്റികൾ വാങ്ങുന്ന ഉൽപ്പന്നങ്ങളിൽ കനേഡിയൻ ഉള്ളടക്കവും ഒന്റാറിയോ ഉള്ളടക്കവും ഉണ്ടെന്ന് ഉറപ്പാക്കാൻ പരമാവധി ശ്രമിക്കുന്നുണ്ടെന്ന് എഎംഒ പ്രസിഡന്റ് റൈലി ബ്രോക്കിംഗ്ടൺ പറഞ്ഞു. വലിയ കപ്പലിനെ തിരിക്കാൻ ചിലപ്പോൾ പ്രയാസമാണെന്നും റൈലി ബ്രോക്കിംഗ്ടൺ കൂട്ടിച്ചേർത്തു. ചില നിർമ്മാണ സാമഗ്രികൾ, നീന്തൽക്കുളങ്ങൾക്കുള്ള രാസവസ്തുക്കൾ, പ്രത്യേക വാഹനങ്ങൾ എന്നിവയുടെ കാര്യത്തിൽ നഗരങ്ങൾക്ക് യുഎസ്എയെ ആശ്രയിക്കേണ്ടി വരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പുതിയ പ്രാദേശിക വാങ്ങൽ നിയമങ്ങൾ പാലിക്കാത്ത മുനിസിപ്പാലിറ്റികൾക്ക് ധനസഹായം നിർത്തലാക്കുമെന്ന് പ്രവിശ്യാ സർക്കാർ ഭീഷണിപ്പെടുത്തുന്നതിനിടെയാണ് ഈ സ്ഥാപനവും നടക്കുന്നത്. തങ്ങളുടെ താരിഫ് ആക്ഷൻ പ്ലാൻ നിലവിൽ വരുന്നതിന് മുമ്പ് തന്നെ ടെണ്ടർ അവസാനിച്ചുവെന്ന് ടൊറോന്റോ നഗരം പറയുന്നു. നഗരത്തിന്റെ പർച്ചേസിംഗ് ക്ലയിന്റ് സർവീസസ് സീനിയർ മാനേജർ സബ്രീന ഡിപിയട്രോ സിബിസി ന്യൂസിനോട് പറഞ്ഞത്, പദ്ധതി നിലവിൽ വന്നതിന് ശേഷവും കരാർ അതിന്റെ മൂല്യം കാരണം അന്താരാഷ്ട്ര ബിഡ്ഡർമാർക്ക് തുറന്നു കൊടുക്കുമായിരുന്നു എന്നാണ്.

ട്രംപ് ആദ്യമായി കനേഡിയൻ ഉൽപ്പന്നങ്ങൾക്ക് ഇറക്കുമതി തീരുവ ചുമത്തിയതിന് ശേഷം 2025 മാർച്ചിൽ നഗരം തങ്ങളുടെ താരിഫ് റെസ്പോൺസ് പ്ലാൻ അവതരിപ്പിച്ചു, ഇത് യുഎസ്എയിൽ നിന്നുള്ള സംഭരണം കുറയ്ക്കാൻ ലക്ഷ്യമിട്ടിരുന്നു. യുഎസ്എയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നത് ഒഴിവാക്കാൻ കഴിയാത്തതാണെന്ന് സബ്രീന ഡിപിയട്രോ പറഞ്ഞു. കാനഡയിൽ നിർമ്മിക്കാത്തിനാൽ നോർത്ത് യോർക്ക് ആസ്ഥാനമായുള്ള കനേഡിയൻ കമ്പനിയായ ജിയോക്രീറ്റ് കൺസ്ട്രക്ഷൻ ലിമിറ്റഡിനാണ് കരാർ ലഭിച്ചതെന്നും അവർ അമേരിക്കൻ നിർമ്മാതാവിൽ നിന്നാണ് ഈ പ്രത്യേക പൈപ്പുകൾ വാങ്ങിയതെന്നും സബ്രീന ഡിപിയട്രോ ഒരു പ്രസ്താവനയിൽ എഴുതി.

കാനഡയിൽ മൂന്നിലൊന്ന് യുവജനങ്ങളും ഡേറ്റിംഗ് അതിക്രമങ്ങൾക്ക് ഇരയാകുന്നു; ആരോഗ്യ പ്രവർത്തകർക്ക് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ!

കാനഡയിലെ മൂന്നിലൊന്ന് യുവജനങ്ങളും ശാരീരികവും ലൈംഗികവുമായ അതിക്രമങ്ങൾ മുതൽ ഓൺലൈൻ പീഡനം വരെയുള്ള ഡേറ്റിംഗ് അതിക്രമങ്ങൾക്ക് ഇരകളാകുന്നുവെന്ന് കനേഡിയൻ പീഡിയാട്രിക് സൊസൈറ്റി (സിപിഎസ്) പുറത്തുവിട്ട പുതിയ റിപ്പോർട്ട് വ്യക്തമാക്കുന്നു. കുട്ടികൾക്കും കൗമാരക്കാർക്കുമിടയിലെ ഇത്തരം അതിക്രമങ്ങൾ കണ്ടെത്താൻ ആരോഗ്യപ്രവർത്തകർക്ക് പുതിയ മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

ഗ്രേഡ് ആറിലും അതിനു മുകളിലുമുള്ളവരെയാണ് യുവജനങ്ങളും കൗമാരക്കാരുമായി സിപിഎസ് നിർവചിക്കുന്നത്. ഡേറ്റിംഗ് സംബന്ധമായ അതിക്രമങ്ങളിൽ വർദ്ധനവ് രേഖപ്പെടുത്തുന്നതായി സിപിഎസിന്റെ കൗമാര ആരോഗ്യ സമിതി അധ്യക്ഷ ഡോ. മേഗൻ ഹാരിസൺ പറഞ്ഞു.

സാമൂഹിക മാധ്യമങ്ങളുടെയും സാങ്കേതികവിദ്യയുടെയും വർദ്ധിച്ച ഉപയോഗം ഈ വർദ്ധനവിന് ഒരു കാരണമാണെന്നും അവർ ചൂണ്ടിക്കാട്ടി. സാമൂഹിക മാധ്യമങ്ങളിലും ഓൺലൈൻ പോർണോഗ്രഫിയിലും കൗമാരക്കാർക്ക് എളുപ്പത്തിൽ ലഭ്യമാകുന്ന അതിക്രമ സ്വഭാവമുള്ള ഉള്ളടക്കം പ്രശ്നത്തിന്റെ ഒരു പ്രധാന ഭാഗമാണെന്ന് ഒട്ടാവ സർവകലാശാലയിലെ പ്രൊഫസറായ ട്രേസി വൈലാങ്കൂർ അഭിപ്രായപ്പെട്ടു.



അതിക്രമ സ്വഭാവമുള്ള ഉള്ളടക്കം പെൺകുട്ടികളെയും സ്ത്രീകളെയും മനുഷ്യത്വരഹിതമാക്കുകയും ബന്ധങ്ങളെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടുകളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുവെന്ന് ട്രേസി വൈലാങ്കൂർ വ്യക്തമാക്കി. പ്രണയത്തിലോ ലൈംഗിക ബന്ധത്തിലോ ആർക്കും അതിക്രമങ്ങൾക്ക് ഇരയാകാമെങ്കിലും ചില വിഭാഗക്കാർക്ക് കൂടുതൽ അപകടസാധ്യതയുണ്ടെന്ന് ഗവേഷകർ ചൂണ്ടിക്കാട്ടി. ഒൻപതാം ക്ലാസിലും പത്താം ക്ലാസിലുമുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നടത്തിയ ഒരു ദേശീയ പഠനത്തിൽ സിസ്ജെൻഡർ പെൺകുട്ടികൾക്കും ട്രാൻസ്ജെൻഡർ, ലിംഗഭേദമില്ലാത്ത യുവജനങ്ങൾക്കും ഇരകളാകാനുള്ള സാധ്യത കൂടുതലാണെന്ന് സിപിഎസ് റിപ്പോർട്ട് ചെയ്ത ഡാറ്റ കാണിക്കുന്നു.

ദാരിദ്ര്യം, പാർശ്വവൽക്കരണം, വിവേചനം എന്നിവയും ചില യുവജനങ്ങളെ കൂടുതൽ ദുർബലരാക്കുമെന്ന് മക്ഗിൽ സർവകലാശാലയിലെ ചൈൽഡ് ആൻഡ് അഡോളസെന്റ് സൈക്യാട്രി വിഭാഗം അധ്യക്ഷ ഡോ. സെസൈൽ റൂസ്സോ നിരീക്ഷിച്ചു. ഗാർഹിക പീഡനങ്ങളോ കുടുംബപരമായ അതിക്രമങ്ങളോ അനുഭവിക്കുന്നവർക്കും, കൂട്ടുകാരിൽ നിന്ന് ഒറ്റപ്പെടുകയോ പരിഹാസങ്ങൾ ഏൽക്കുകയോ ചെയ്യുന്ന കുട്ടികൾക്കും ഇത്തരം ബന്ധങ്ങളിൽ അകപ്പെടാൻ സാധ്യത കൂടുതലാണെന്ന് ട്രേസി വൈലാങ്കൂർ വിശദീകരിച്ചു. ചെറുപ്പത്തിൽത്തന്നെ ഇത്തരം ബന്ധങ്ങളിൽ നിന്നുള്ള അതിക്രമങ്ങൾ അനുഭവിക്കുന്നത് തൽക്ഷണവും ദീർഘകാലവുമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ഗവേഷകർ പറഞ്ഞു.

പീഡിയാട്രിഷ്യൻമാരും പ്രാഥമിക പരിചരണ ദാതാക്കളും ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർ പതിവ് മെഡിക്കൽ പരിശോധനകൾക്കിടെ ചെറുപ്പക്കാരായ രോഗികളുമായി ആരോഗ്യകരമായ ബന്ധങ്ങളെക്കുറിച്ച് സംസാരിക്കാൻ ശ്രമിക്കണമെന്ന് സിപിഎസ് ഇപ്പോൾ ശുപാർശ ചെയ്യുന്നു. കൂടാതെ, സ്വകാര്യത ഉറപ്പാക്കുകയും ആവശ്യമെങ്കിൽ സാമൂഹിക വിഭവങ്ങൾ ലഭ്യമാക്കുകയും ചെയ്യണമെന്നും നിർദ്ദേശിക്കുന്നു. ഓരോ സന്ദർശനത്തിലും ഇത്തരം ചർച്ചകൾ സാധാരണമാക്കുന്നത് ആരോഗ്യപ്രവർത്തകരും യുവജനങ്ങളും തമ്മിൽ നല്ല ബന്ധം സ്ഥാപിക്കാനും അറിവ് പങ്കിടാനും സഹായിക്കുമെന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്നു.

പ്രാഥമിക പരിചരണം ലഭിക്കുന്നതിലെ തടസ്സങ്ങളും യുവജനങ്ങളെ ദീർഘകാല സാമൂഹിക പിന്തുണയുമായി ബന്ധിപ്പിക്കുന്നതിലെ വെല്ലുവിളികളും കണക്കിലെടുത്ത് ആരോഗ്യപ്രവർത്തകർക്ക് കൗമാരക്കാരെ എത്രത്തോളം പിന്തുണയ്ക്കാൻ കഴിയുമെന്നതിൽ ഡേറ്റിംഗ് അതിക്രമങ്ങളെക്കുറിച്ചുള്ള പുറത്തുനിന്നുള്ള വിദഗ്ദ്ധർ സംശയം പ്രകടിപ്പിച്ചു. വിഭവങ്ങൾ ലഭ്യമാകുമ്പോൾ മാത്രമേ പങ്കാളിത്ത അതിക്രമങ്ങൾ കണ്ടെത്താനുള്ള സ്ക്രീനിംഗ് ഫലപ്രദമാകൂ എന്ന് മുതിർന്നവരെക്കുറിച്ചുള്ള പഠനങ്ങൾ കാണിക്കുന്നുവെന്ന് ട്രേസി വൈലാങ്കൂർ കൂട്ടിച്ചേർത്തു. സുരക്ഷിതമല്ലാത്ത സാഹചര്യത്തിലാണോ എന്ന് ചോദിച്ചതിന് ശേഷം ഒന്നും ചെയ്യാതിരിക്കുന്നത് വളരെ പ്രശ്നകരമാണെന്നും അവർ പറഞ്ഞു.

യുവജനങ്ങളിലെ അതിക്രമങ്ങൾ തടയുന്നതിൽ ആരോഗ്യപ്രവർത്തകർക്ക് പ്രധാന പങ്കുണ്ടെങ്കിലും, ആധുനിക കൗമാരക്കാർ എന്തുകൊണ്ടാണ് അതിക്രമങ്ങൾക്ക് ഇരയാകുന്നതെന്നോ സ്വയം അതിക്രമങ്ങളിലേക്ക് തിരിയുന്നതെന്നോ ഉള്ള സങ്കീർണ്ണതകൾ കാരണം അവർക്ക് കഠിനമായ വെല്ലുവിളികൾ നേരിടേണ്ടി വരുമെന്ന് മക്ഗിൽ സർവകലാശാലയിലെ ഡോ. റൂസ്സോ പറഞ്ഞു. കൗമാരക്കാരുടെ ഡേറ്റിംഗ് അതിക്രമം ഒരു പ്രശ്നമാണെങ്കിലും, സ്വയം മുറിവേൽപ്പിക്കലും ആത്മഹത്യയും അതിവേഗം വർദ്ധിച്ചുവരുന്നുണ്ടെന്നും ഡോ. റൂസ്സോ കൂട്ടിച്ചേർത്തു. കൗമാരക്കാർ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന രീതിയിലുണ്ടായ ദ്രുതഗതിയിലുള്ള മാറ്റങ്ങൾ ഗവേഷകർക്ക് പോലും ഉൾക്കൊള്ളാൻ പ്രയാസമാണെന്ന് ഡോ. റൂസ്സോ വ്യക്തമാക്കി.

അടുത്ത ബോണ്ടാവുമോ? പ്രതികരിച്ച് ലോഡൻ



അടുത്ത ജെയിംസ് ബോണ്ട് ആരായിരിക്കും എന്നതിനെ കുറിച്ചുള്ള അഭ്യൂഹങ്ങൾ ശക്തമാകുന്നതിനിടെ പ്രതികരണവുമായി പ്രശസ്ത നടൻ ജാക്ക് ലോഡൻ. തന്റെ പേര് 007 വേഷത്തിലേക്ക് പരിഗണിക്കപ്പെടുന്നു എന്ന വാർത്തകൾ ഏറെ സന്തോഷം നൽകുന്നതാണെന്നും എന്നാൽ ഈ ചർച്ചകൾക്ക് കൂടുതൽ ആക്കം കൂട്ടാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും നടൻ പീപ്പിൾ മാഗസിന് നൽകിയ അഭിമുഖത്തിൽ വ്യക്തമാക്കി.ഡാനിയൽ ക്രെയ്ഗിന് ശേഷം ആരായിരിക്കും അടുത്ത ജെയിംസ് ബോണ്ട് എന്ന പേരിൽ വലിയ തോതിലുള്ള ചർച്ചകളാണ് സിനിമാ ലോകത്ത് നടക്കുന്നത്. ജാക്ക് ലോഡനൊപ്പം കാലം ടർണർ എന്ന നടന്റെ പേരും അവസാന നിമിഷ പരിഗണനയിലുണ്ടെന്ന് 'ദി ഹോളിവുഡ് റിപ്പോർട്ടർ' വെളിപ്പെടുത്തിയിരുന്നു. ഈ വാർത്തകൾക്ക് പിന്നാലെ ജാക്ക് ലോഡന്റെ സഹതാരവും മുതിർന്ന നടനുമായ ഗാരി ഓൾഡ്മാൻ താൻ ജാക്ക് ലോഡന് വേണ്ടിയാണ് കാത്തിരിക്കുന്നതെന്നും നിർമ്മാതാക്കൾ പുതിയ ബോണ്ടിനെ തിരഞ്ഞെടുത്തു കഴിഞ്ഞുവെന്നും സൂചന നൽകിയിരുന്നു. എന്നാൽ ഗാരിയുടെ വാക്കുകളെ അഭിനന്ദിച്ച ലോഡൻ, ഇത്തരം പ്രവചനങ്ങൾ കേട്ട് കൂടുതൽ പ്രതീക്ഷകൾ വെച്ചുപുലർത്തുന്നില്ലെന്ന് കൂട്ടിച്ചേർത്തു.

ക്യാപ്റ്റൻ ജാക്ക് സ്പാരോ ആയി ജോണി ഡെപ്പ് വീണ്ടും എത്തുമോ?



ലോകമെമ്പാടുമുള്ള സിനിമാപ്രേമികളുടെ പ്രിയപ്പെട്ട കഥാപാത്രമായ 'ക്യാപ്റ്റൻ ജാക്ക് സ്പാരോ' ആയി വീണ്ടും വെള്ളിത്തിരയിൽ എത്തുമോ എന്ന വിഷയത്തിൽ മനസ്സ് തുറന്ന് ഹോളിവുഡ് താരം ജോണി ഡെപ്പ്. 'പൈറേറ്റ്സ് ഓഫ് ദി കരീബിയൻ' ഫ്രാഞ്ചൈസിയുടെ ആറാം ഭാഗത്തിലേക്ക് തിരികെയെത്തുന്നതിനെ കുറിച്ചാണ് താരം പ്രതികരിച്ചത്.'എബനേസർ' പ്രൊമോഷൻ ചടങ്ങിനിടെയാണ് ജോണി ഡെപ്പ് തന്റെ നിലപാട് വ്യക്തമാക്കിയത്. ഫ്രാഞ്ചൈസി നിർമ്മാതാവും തന്റെ അടുത്ത സുഹൃത്തുമായ ജെറി ബ്രൂക്ക്ഹൈമർ ആവശ്യപ്പെട്ടാൽ താൻ അത് ഒരിക്കലും നിരസിക്കില്ലെന്ന് ഡെപ്പ് പറഞ്ഞു. പരമ്പര മികച്ച രീതിയിൽ അവസാനിപ്പിക്കാൻ സഹായിക്കുക എന്നതാണ് തന്റെ ആഗ്രഹം. ജെറിയെ തനിക്ക് പൂർണ്ണ വിശ്വാസമുണ്ടെന്നും അദ്ദേഹം വിളിച്ചാൽ നാളെ വേണമെങ്കിലും ജോലിയിൽ പ്രവേശിക്കാൻ തയ്യാറാണെന്നും ഡെപ്പ് കൂട്ടിച്ചേർത്തു.ചിത്രത്തിന്റെ തിരക്കഥ പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്നും ജോണി ഡെപ്പുമായി ചർച്ചകൾ നടക്കുന്നുണ്ടെന്നും നിർമ്മാതാവ് ജെറി ബ്രൂക്ക്ഹൈമറും സ്ഥിരീകരിച്ചിട്ടുണ്ട്.

'സ്ക്രീം 8'-ൽ തിരികെ എത്താൻ നീവ് ക്യാംപ്ബെൽ



ഹൊറർ സിനിമാ പ്രേമികളുടെ എക്കാലത്തെയും പ്രിയപ്പെട്ട കഥാപാത്രമായ 'സിഡ്നി പ്രെസ്കോട്ട്' വീണ്ടും വെള്ളിത്തിരയിലേക്ക് തിരികെയെത്തുന്നു. പ്രശസ്ത ഹോളിവുഡ് ഫ്രാഞ്ചൈസിയായ 'സ്ക്രീം' പരമ്പരയുടെ എട്ടാം ഭാഗമായ 'സ്ക്രീം 8'-ൽ താൻ പ്രധാന വേഷത്തിൽ ഉണ്ടാകുമെന്ന് നടി നീവ് ക്യാംപ്ബെൽ അസോസിയേറ്റഡ് പ്രെസിന് നൽകിയ അഭിമുഖത്തിൽ ഔദ്യോഗികമായി സ്ഥിരീകരിച്ചു.1996-ൽ ഇറങ്ങിയ ആദ്യ ചിത്രം മുതൽ ഫ്രാഞ്ചൈസിയുടെ പ്രധാന ആകർഷണമാണ് നീവ് ക്യാംപ്ബെൽ. വേതന തർക്കങ്ങളെ തുടർന്ന് 'സ്ക്രീം 6'-ൽ നിന്ന് മാറിനിന്ന താരം, പിന്നീട് പുറത്തിറങ്ങിയ 'സ്ക്രീം 7'-ലൂടെ തകർപ്പൻ തിരിച്ചുവരവ് നടത്തിയിരുന്നു. 45 മില്യൺ ഡോളർ ബജറ്റിൽ നിർമ്മിച്ച് 208 മില്യൺ ഡോളർ ആഗോള ബോക്സ് ഓഫീസ് കളക്ഷൻ നേടി ഫ്രാഞ്ചൈസിയിലെ ഏറ്റവും വലിയ ഹിറ്റായി 'സ്ക്രീം 7' മാറുകയും ചെയ്തു. 8-ാം ഭാഗത്തിന് ലില്ലാ സുക്കർമാൻ, നോറ സുക്കർമാൻ എന്നീ സഹോദരിമാരാണ് തിരക്കഥയെഴുതുന്നത്.

മാർവലിന്റെ പുതിയ 'എക്സ്-മെൻ' റീബൂട്ടിലേക്ക്



ബെൻ വാങ് 'ഐസ്മാനായി' അഭിനയിച്ചേക്കും


ഡിസ്നി പ്ലസിന്റെ 'അമേരിക്കൻ ബോൺ ചൈനീസ്', 'കരാട്ടെ കിഡ്: ലെജൻഡ്സ്' എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ ചൈനീസ്-അമേരിക്കൻ നടൻ ബെൻ വാങ് മാർവൽ സ്റ്റുഡിയോസിന്റെ പുതിയ 'എക്സ്-മെൻ' (തങ്ങലി) റീബൂട്ട് ചിത്രത്തിൽ പ്രധാന വേഷത്തിലെത്തുന്നു. 'ബോബി ഡ്രെക്ക്' എന്ന ജനപ്രിയ കഥാപാത്രമായ 'ഐസ്മാൻ' ആയാണ് ബെൻ വാങ്ങിനെ പരിഗണിക്കുന്നത്.ഡെഡ്ലൈൻ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച്, ഒറിജിനൽ എക്സ്-മെൻ അംഗങ്ങളിൽ ഒരാളായ ഐസ്മാന്റെ വേഷത്തിനായി ഗേബ്രിയേൽ ലാബെല്ലെ, ജാക്സൺ കെല്ലി, റെൻസി ഫെലിസ് എന്നിവരുൾപ്പെടെയുള്ള അഭിനേതാക്കളും ഓഡിഷനിൽ പങ്കെടുത്തിരുന്നു. മുൻപ് ഷാൺ ആഷ്മോർ അനശ്വരമാക്കിയ കഥാപാത്രത്തെയാണ് പുതിയ രൂപത്തിൽ ബെൻ വാങ് അവതരിപ്പിക്കാനൊരുങ്ങുന്നത്. കരാട്ടെ, തായ്കോണ്ടോ, കുങ്ഫു തുടങ്ങിയ ആയോധനകലകളിൽ വിദഗ്ദ്ധനായ ബെൻ വാങ്ങിന്റെ ആക്ഷൻ രംഗങ്ങളിലെ മികവാണ് കഥാപാത്രത്തിലേക്ക് അദ്ദേഹത്തെ കൂടുതൽ അടുപ്പിക്കുന്നത്.ജെക്ക് ഷ്രെയർ സംവിധാനം ചെയ്യുന്ന ഈ ചിത്രം 2027 മേയ് 5-നാണ് തിയേറ്ററുകളിൽ എത്താൻ നിശ്ചയിച്ചിരിക്കുന്നത്. ക്രിസ്റ്റഫർ ആബട്ട് (പ്രൊഫസർ എക്സ്), കിറ്റ് കോണർ (സൈക്ലോപ്സ്), സാഡി സിങ്ക് (ജീൻ ഗ്രേ), അഡം ഡ്രൈവർ (മിസ്റ്റർ സിനിസ്റ്റർ) തുടങ്ങി വൻതാരനിരയാണ് ചിത്രത്തിൽ അണിനിരക്കുന്നത്.

റിലീസിന് മുൻപേ കോടികൾ വാരി 'കിംഗ്'


ബോളിവുഡ് സൂപ്പർതാരം ഷാറുഖ് ഖാൻ നായകനാകുന്ന ബിഗ് ബജറ്റ് ചിത്രം 'കിംഗ്' തിയേറ്ററുകളിൽ എത്തുന്നതിന് മുൻപ് തന്നെ വൻ തുക വാരി ചരിത്രം സൃഷ്ടിക്കുന്നു. റിലീസിന് മുൻപേ തന്നെ ഡിജിറ്റൽ, സാറ്റലൈറ്റ്, മ്യൂസിക്, വിതരണ അവകാശങ്ങളിലൂടെ 665 കോടി രൂപയുടെ പ്രീ-റിലീസ് ബിസിനസ് നേടി കഴിഞ്ഞതായാണ് വിപണിയിലെ റിപ്പോർട്ടുകൾ. ഇന്ത്യൻ സിനിമാ ചരിത്രത്തിൽ തന്നെ ഏറ്റവും ഉയർന്ന വിദേശ വിതരണാവകാശ തുകയ്ക്കാണ് ഫാഴ്സ് ഫിലിംസ് 175 കോടി രൂപയുടെ ഗ്യാരണ്ടിയിൽ ചിത്രത്തിന്റെ ഓവർസീസ് റൈറ്റ്സ് സ്വന്തമാക്കിയത്.

കഥയില്ലായ്മകൾ

ഭരിക്കാൻ ആരും ഇല്ലാതെ ഇരുന്നെങ്കിൽ....



സി. രാധാകൃഷ്ണൻ



ഇന്നലെ വെറുതെ ഒരു ആലോചന വന്നു: നമ്മുടെ നാട് ഭരിക്കാൻ വല്ല പഞ്ചായത്തും അല്ലാതെ കേരളത്തിലെ സർക്കാരോ കേന്ദ്രത്തിലെ സർക്കാറോ ഇല്ലായിരുന്നെങ്കിൽ എന്നായിരുന്നു ആ മുഗ്ദ്ധസങ്കല്പം.

വേണം നാടിന്റെ രക്ഷയ്ക്കായി പട്ടാളവും മറ്റും വേണം. പക്ഷേ, നാടു ഭരിക്കുന്നതിന് ആരെങ്കിലും വേണോ?

ഇല്ലായിരുന്നെങ്കിലത്തെ സൗകര്യമൊന്ന് ആലോചിച്ചു നോക്കൂ. എത്ര ലക്ഷം കോടി ഉറുപ്പികയാണ് ലാഭം! ഇപ്പോഴുള്ള ടാക്സിന്റെ 90% വും പിന്നെ വേണ്ടെല്ലോ!

സർക്കാർ വകുപ്പുകൾ കൈക്കൂലി വാങ്ങി നിർവഹിക്കുന്ന അക്രമങ്ങൾ ഒക്കെ അവസാനിക്കും! 40 ലക്ഷത്തിനെ പരീക്ഷയ്ക്ക് ഇരുത്തുന്നതിന് മുൻപേ തന്നെ ആ പരീക്ഷ കൊണ്ട് ആരെയാണോ തെരഞ്ഞെടുക്കേണ്ടത് അത്രയും ഉദ്യോഗസ്ഥന്മാരെ ലക്ഷങ്ങളും കോടികളും വാങ്ങി നിയമിക്കാൻ ആരുമുണ്ടാവില്ലല്ലോ!

മാസങ്ങൾക്കകം പൊളിഞ്ഞു വീഴുന്ന കെട്ടിടങ്ങളും പാലങ്ങളും ഉണ്ടാക്കാൻ ആരും ഉണ്ടാവില്ലല്ലോ. ഒരു കെട്ടിടത്തിന് നമ്പർ ഇടുന്നതു മുതൽ എന്തിനുമേതിനും കൈക്കൂലി വാങ്ങുന്ന സർക്കാർ ഓഫീസുകൾ ഉണ്ടാവില്ലല്ലോ.

ഏറ്റവും നന്നായി കള്ളം പറയുന്നവർക്കു കോടികൾ വാങ്ങി കേസ് വാദിക്കാൻ കോടതികൾ ഉണ്ടാവില്ലല്ലോ. പകരം നാട്ടിലെ കാരനവന്മാർ കൂടിയിരുന്ന് തീരുമാനം എടുത്തോളല്ലേ!

ഒരു സ്വകാര്യ കമ്പനിയും കൈക്കൂലി വാങ്ങിയല്ലല്ലോ ജോലിക്കാരെ തിരഞ്ഞെടുക്കുക. ആ കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല. അങ്ങനെ വല്ല കമ്പനിയും ഉണ്ടെങ്കിൽ അത് ഏറെ കാലം നീണ്ടുനിൽക്കില്ല എന്ന് തീർച്ച.

ഓരോ പൊതു തെരഞ്ഞെടുപ്പിനും എത്ര ലക്ഷം കോടിയാണ് ചെലവാകുന്നത് എന്ന് അറിയാമല്ലോ!

ജയിക്കുന്നവരെ പോറ്റാൻ പിന്നെ എത്ര ലക്ഷം കൂടി വേണം!

സൗകര്യമുള്ളപ്പോഴൊക്കെ കക്ഷിരാഷ്ട്രീയ ഭേദങ്ങൾ എല്ലാം മറന്ന് ഈ തെരഞ്ഞെടുക്കപ്പെട്ടവർ തങ്ങളുടെ ശമ്പളവും വാറ്റും ഊറ്റും വർദ്ധിപ്പിച്ചു കൊണ്ടും ഇരിക്കുന്നു! എന്തു കലശലായ ഐക്യമത്യം!!

മുൾക്കിരീടത്തിന് അനേകകോടി വില! അതു പോകട്ടെ, വെറുതെ വാങ്ങി വീട്ടിൽ വച്ചാൽ പോരാ, നമ്മളത് തലയിൽ തന്നെ വയ്ക്കണം!

ഇനിയപ്പോൾ നിയമസഭാ സാമാജികരുടെ മൊത്തം സംഖ്യ അനേകായിരം കൂടി കൂട്ടുമത്രെ!

സർക്കാർ നടത്തുന്ന ഒരു പെട്ടിക്കട പോലും ലാഭത്തിൽ അല്ല. മോട്ടോർ വാഹനങ്ങൾ സ്വകാര്യക്കാർ ഓടിച്ചാൽ ലാഭം! അതും സർക്കാർ അവരിൽ നിന്നും വലിയ തുക ഈടാക്കിയിട്ട്. അതേ വാഹനങ്ങൾ സർക്കാർ ഓടിച്ചാൽ നിത്യ നഷ്ടം!

എന്റെ വീട്ടിനു മുകളിൽ സൂര്യപ്രകാശം കൊണ്ട് പ്രവർത്തിക്കുന്ന വൈദ്യുതി ഉല്പാദിപ്പിക്കാൻ എനിക്ക് അധികാരമില്ല. എന്നട്ടോ, ഞാൻ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് സർക്കാർ എനിക്ക് തരുന്ന കിഴിവ് സർക്കാർ തരുന്ന വൈദ്യുതിക്ക് ഞാൻ കൊടുക്കുന്നതിന്റെ ഇരട്ടിയിലേറെ! അതെന്താ സാർ അങ്ങനെ എന്ന് ചോദിക്കരുത്. അത് അങ്ങനെയാണ്. അതുതാൻ ഡാ സർക്കാർ!

എന്റെ വാഹനം റോട്ടിൽ ഓടിക്കാൻ ഞാൻ വലിയ അളവിൽ നികുതി കൊടുക്കണം. എന്നാൽ ആ റോഡ് ശരിയായും വൃത്തിയായും വയ്ക്കാൻ സർക്കാരിന് സംവിധാനം ഇല്ല. ചോദിക്കരുത്, കഥയിൽ ചോദ്യമില്ലല്ലോ.

വെള്ളക്കാർ ഭരിച്ചിരുന്നത് നമുക്ക് വേണ്ടി ആയിരുന്നില്ല. അതായിരുന്നല്ലോ അവരെ പറഞ്ഞയക്കാൻ നാം കണ്ട ഏറ്റവും വലിയ യുക്തി. ഇപ്പോൾ ഭരിക്കുന്നവർ ആർക്കുവേണ്ടിയാണ് ഭരിക്കുന്നത്?

ഫലിതം പക്ഷേ അതല്ല. ഇവർ പറയുന്നു നാം നമ്മെ തന്നെ നമുക്കുവേണ്ടിയാണ് ഭരിക്കുന്നത് എന്ന്. അതു പക്ഷേ അവർ പറഞ്ഞാൽ പോരല്ലോ, അങ്ങനെ ആയിരിക്കേണ്ടയോ?

സർവ്വകലാശാലയിൽ പൊളിറ്റിക്സ് പഠിപ്പിക്കുന്ന ഒരു സുഹൃത്ത് ഉണ്ട് എനിക്ക്. ഞാൻ അദ്ദേഹത്തോട് ചോദിച്ചു, എന്താണ് സാർ ഇങ്ങനെ വരാൻ കാരണം?

അദ്ദേഹം പറഞ്ഞു: ഓരോ നാട്ടിനും അവർ അർഹിക്കുന്ന സർക്കാരിനെ കിട്ടുന്നു. ശ്രദ്ധയില്ലാത്തവൻ ഏതു വഴി പോയാലും കാലിൽ മുള്ളേ തറക്കൂ!

അതിന്റെ കൂടെ ഞാൻ എന്റെ മുത്തച്ഛൻ പണ്ട് പറഞ്ഞതും ഓർത്തു: സൂക്ഷിക്കാൻ അറിവില്ലാത്തവന്റെ മുതൽ നാണമില്ലാത്തവൻ കൊണ്ടു പോകും!

പട്ടി ചന്തക്കു പോയതുകൊണ്ട് കുഴപ്പമില്ല, അത് വേണ്ടാത്തതൊന്നും വാങ്ങുകയില്ല!



ലോകമെമ്പാടുമുള്ള
വാർത്തകൾക്കും
വിശകലനങ്ങൾക്കും...

വായിക്കൂ!
വായിച്ചു
വളരൂ! സന്ദർശിക്കുക

വാചകം
VACHAKAM
News Portal for Malayalees Worldwide
www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ
അംഗമാകുന്നതിന്
ക്യു ആർ കോഡ്
സ്കാൻ ചെയ്യൂ

A 24/7 Newspaper Focusing on
Malayalees Worldwide
Published from CHICAGO (USA)
and TORONTO (CANADA)

Free E-Paper നിങ്ങളുടെ ഇൻബോക്സിൽ
ലഭിക്കുവാൻ Email ID ഞങ്ങൾക്കയച്ചുതരിക
vachakamonline@gmail.com

ഫെയ്സ്ബുക്കിൽ ഇമെയിലും ഫോൺ നമ്പറും അനായാസം ഒളിപ്പിക്കാം; സൈബർ സുരക്ഷ ഉറപ്പാക്കാൻ അറിയേണ്ട കാര്യങ്ങൾ

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യക്തിഗത വിവരങ്ങൾ പരസ്യമായി നൽകുന്നത് വലിയ സുരക്ഷാ ഭീഷണിയാണ് ഉയർത്തുന്നത്. പ്രൊഫൈലിൽ ഇമെയിൽ വിലാസവും ഫോൺ നമ്പറും വ്യക്തമായി കാണാൻ സാധിച്ചാൽ സ്പാം കോളുകൾ, സൈബർ തട്ടിപ്പുകൾ, ഫിഷിംഗ് സന്ദേശങ്ങൾ എന്നിവ വർധിക്കാൻ അത് കാരണമാകുന്നു. ഫെയ്സ്ബുക്ക് പ്രൊഫൈലിൽ നൽകിയിരിക്കുന്ന നിങ്ങളുടെ ഫോൺ നമ്പറും ഇമെയിലും മറ്റുള്ളവരുടെ കണ്ണിൽപെടാതെ പൂർണമായി സ്വകാര്യമായി സൂക്ഷിക്കാൻ ലളിതമായ ചില ക്രമീകരണങ്ങളിലൂടെ സാധിക്കും.



എന്തുകൊണ്ട് ഈ വിവരങ്ങൾ മറച്ചുവെക്കണം?

- **ഡിജിറ്റൽ തട്ടിപ്പുകളിൽ നിന്ന് സംരക്ഷണം:** നിങ്ങളുടെ ഫോൺ നമ്പറോ ഇമെയിലോ ഹാക്കർമാർക്കോ തട്ടിപ്പുകാർക്കോ ലഭിച്ചാൽ വ്യാജ സന്ദേശങ്ങളും ഒടിപി തട്ടിപ്പ് ശ്രമങ്ങളും നേരിടേണ്ടി വരാം.
- **അനാവശ്യ കോളുകളും സ്പാമും തടയാം:** ഡാറ്റാ ബ്രോക്കർമാരും മാർക്കറ്റിംഗ് ഏജൻസികളും സോഷ്യൽ മീഡിയയിൽ നിന്ന് ഇത്തരം വിവരങ്ങൾ ശേഖരിച്ച് പരസ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയാം.
- **സൈബർ സ്റ്റോക്കിംഗ് തടയാം:** അപരിചിതർ നിങ്ങളുടെ അക്കൗണ്ട് ഫോൺ നമ്പറോ ഇമെയിലോ ഉപയോഗിച്ച് കണ്ടെത്തുന്നതും പിന്തുടരുന്നതും ഒഴിവാക്കാം.

മൊബൈൽ ആപ്പിൽ ഫോൺ നമ്പറും ഇമെയിലും ഹൈഡ് ചെയ്യാനുള്ള വഴി

ഫെയ്സ്ബുക്ക് മൊബൈൽ ആപ്പ് ഉപയോഗിച്ച് വളരെ പെട്ടെന്ന് തന്നെ ഈ ക്രമീകരണങ്ങൾ മാറ്റാം:

- ഫെയ്സ്ബുക്ക് ആപ്പ് തുറന്ന് വലതുവശത്ത്മുകളിലായുള്ളപ്രൊഫൈൽ ഐക്കണിലോ മൂന്ന് വരികളിലോ(Menu) ടാപ്പ് ചെയ്യുക.
- താഴേക്ക് സ്ക്രോൾ ചെയ്ത് Settings & Privacy തിരഞ്ഞെടുത്ത് അതിലെ Settings എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക.
- മുകളിൽ കാണുന്ന Meta Accounts Center എന്ന വിഭാഗത്തിൽ അമർത്തുക.
- തുടർന്ന് Account Settings എന്നതിന് താഴെയുള്ള Personal Details തിരഞ്ഞെടുക്കുക.
- ഇവിടെ Contact Info എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്താൽ അക്കൗണ്ടുമായി ബന്ധിപ്പിച്ചിരിക്കുന്ന ഇമെയിലും ഫോൺ നമ്പറും കാണാം.
- മാറ്റം വരുത്തേണ്ട ഫോൺ നമ്പറിലോ ഇമെയിലിലോ ക്ലിക്ക് ചെയ്യുക.
- അതിൽ Who can see this number/email അല്ലെങ്കിൽ Visibiltiy ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് Only Me എന്നത് തിരഞ്ഞെടുക്കുക.

സെർച്ച് ബാറിലൂടെയുള്ള കണ്ടെത്തൽ തടയാൻ ചെയ്യേണ്ടത്

ഫോൺ നമ്പറും ഇമെയിലും പ്രൊഫൈലിൽ നിന്ന് ഹൈഡ് ചെയ്താലും, ഇവ ഉപയോഗിച്ച് മറ്റുള്ളവർക്ക് സെർച്ച് ചെയ്ത് നിങ്ങളുടെ അക്കൗണ്ട് കണ്ടെത്താൻ സാധിക്കും. അത് തടയാൻ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തുക:

- Settings & Privacy > Settings എന്നതിലേക്ക് പോകുക.
- How people find and contact you എന്ന വിഭാഗം തിരഞ്ഞെടുക്കുക.
- Who can look you up using the email address you provided? എന്നതിൽ ക്ലിക്ക് ചെയ്ത് Only Me അല്ലെങ്കിൽ Friends ആക്കി മാറ്റുക.
- Who can look you up using the phone number you provided? എന്നതിലും Only Me അല്ലെങ്കിൽ Friends ആയി മാറ്റുക.

കമ്പ്യൂട്ടർ അല്ലെങ്കിൽ ബ്രൗസർ വഴി ഫോൺ നമ്പറും ഇമെയിലും മറയ്ക്കാൻ

ലാപ്ടോപ്പിലോ കമ്പ്യൂട്ടറിലോ ഫെയ്സ്ബുക്ക് വെബ്സൈറ്റ് ഉപയോഗിക്കുന്നവർക്കും ഇത് ലളിതമായി ചെയ്യാം:

- ഫെയ്സ്ബുക്ക് വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് നിങ്ങളുടെ പ്രൊഫൈൽ ചിത്രത്തിൽ ക്ലിക്ക് ചെയ്യുക.
- Settings & Privacy തുറന്ന് Settings തിരഞ്ഞെടുക്കുക.
- ഇടത് വശത്തെ പാനലിൽ നിന്ന് Meta Accounts Center തുറന്ന് Personal Details ക്ലിക്ക് ചെയ്യുക.
- Contact Info എന്നതിൽ നിന്നും നിങ്ങളുടെ ഇമെയിലും നമ്പറും തിരഞ്ഞെടുത്ത് പ്രൈവസി സെറ്റിംഗ്സ് Only Me ലേക്ക് മാറ്റുക.

ഡാറ്റാ സുരക്ഷയും വ്യക്തിഗത വിവരങ്ങളുടെ രഹസ്യസ്വഭാവവും ഉറപ്പുവരുത്താൻ ഇടയ്ക്കിടെ നിങ്ങളുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ പ്രൈവസി ചെക്കപ്പ് നടത്തുന്നത് മികച്ചൊരു ശീലമാണ്.



റോബിൻസ് ആന്റണി

അൻഡ്രോയിഡിൽ ഓഫ്ലൈൻ ഭാഷാ നിർണ്ണയവുമായി ക്രോം 157; 213 സുരക്ഷാ പിഴവുകൾ പരിഹരിച്ചു

പുതിയ ക്രോം 157 സ്റ്റേബിൾ പതിപ്പ് ലഭ്യമായി. ആൻഡ്രോയിഡ് ഉപകരണങ്ങളിൽ ഇനിമുതൽ ഇന്റർനെറ്റ് ഇല്ലാതെയും ഭാഷാ നിർണ്ണയം സാധ്യമാക്കുന്ന 'ലാംഗ്വേജ് ഡിറ്റക്ടർ API' ഈ പതിപ്പിന്റെ പ്രധാന സവിശേഷതയാണ്. 213 സുരക്ഷാ പിഴവുകൾ പരിഹരിച്ചാണ് പുതിയ പതിപ്പ് പുറത്തിറക്കിയിരിക്കുന്നത്.

ഉപകരണത്തിൽ ലഭ്യമായ മെഷീൻ ലേണിംഗ് മോഡൽ ഉപയോഗിച്ച്, ജാവാസ്ക്രിപ്റ്റിൽ നിന്ന് നൽകുന്ന ടെക്സ്റ്റിന്റെ ഭാഷ തിരിച്ചറിയാൻ ഡെവലപ്പർമാർക്ക് കഴിയും. ഇതിലൂടെ, ഉപയോക്താവ് നൽകുന്ന ടെക്സ്റ്റിന്റെ ഭാഷ സ്വയമേവ തിരിച്ചറിഞ്ഞ് വിവർത്തന ഫീച്ചറുകൾ നിർദ്ദേശിക്കാൻ സാധിക്കും. ക്ലൗഡ് വഴിയല്ലാതെ ഉപകരണത്തിൽ തന്നെ പ്രോസസ്സിംഗ് പൂർത്തിയാകുന്നത് നെറ്റ്വർക്ക് ട്രാഫിക് കുറയ്ക്കാനും പ്രതികരണ വേഗത വർദ്ധിപ്പിക്കാനും സഹായിക്കുന്നു.

അതീവ രഹസ്യ സ്വഭാവമുള്ള ടെക്സ്റ്റ് ഉൾപ്പെടുന്ന ബിസിനസ് ആവശ്യങ്ങൾക്കും ഈ ഫീച്ചർ കൂടുതൽ പ്രയോജനകരമാണ്. വെബ് ആപ്പ് ഡെവലപ്പർമാർക്ക് ഇത് വിവർത്തനവും ബഹുഭാഷാ പിന്തുണയും ഉൾപ്പെടുത്താനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നു. 2026 നവംബർ 17ന് ക്രോം 158 പുറത്തിറക്കാനാണ് നിലവിൽ തീരുമാനിച്ചിരിക്കുന്നത്.

CSS-ൽ പുതിയ 'കോർണർ' പ്രോപ്പർട്ടി ചേർത്തിട്ടുണ്ട്. ഇത് ഡെവലപ്പർമാർക്ക് ഒരു ഘടകത്തിന്റെ കോണുകളുടെ ആകൃതി ഒറ്റ പ്രഖ്യാപനത്തിലൂടെ വ്യക്തമാക്കാൻ സഹായിക്കും. മുമ്പ്, കോർണർ വൃത്താകൃതിയിലാക്കാൻ border-radius ഉം ആകൃതിക്കായി corner-shape ഉം പ്രത്യേകം നൽകേണ്ടതുണ്ടായിരുന്നു.



corner-top, corner-bottom തുടങ്ങിയ ഡെറിവേറ്റീവ് പ്രോപ്പർട്ടികളും ലഭ്യമാണ്.

CSSലെ text-overflow പ്രോപ്പർട്ടിക്ക് ഇപ്പോൾ ഇഷ്ടമുള്ള സ്ട്രിംഗുകൾ സ്വീകരിക്കാൻ കഴിയും. ഇത് ഡിസ്പ്ലേ ഏരിയക്ക് പുറത്തേക്ക് പോകുന്ന ഭാഗത്ത് (തുടരുന്നു) പോലുള്ള ഇഷ്ടമുള്ള വാക്കുകൾ പ്രദർശിപ്പിക്കാൻ സഹായിക്കുന്നു. text-decoration-inset ചേർത്തിരിക്കുന്നത് അടിവരകൾ, ഓവർലൈനുകൾ, സ്ട്രൈക്ക്ത്രൂകൾ എന്നിവയുടെ നീളം ക്രമീകരിക്കാനാണ്.

position-visibiltiy എന്ന CSS പ്രോപ്പർട്ടിക്ക് anchor-valid, anchor-visible എന്നിവയെ ഇപ്പോൾ പിന്തുണയ്ക്കുന്നു. HTML Sanitizer APIൽ javascript-tURLs ഓപ്ഷൻ ചേർത്തിരിക്കുന്നത് ജാവാസ്ക്രിപ്റ്റ് URL-കളുടെ ശുദ്ധീകരണം നിയന്ത്രിക്കാൻ ഡെവലപ്പർമാരെ അനുവദിക്കുന്നു. Background Fetch API ഇപ്പോൾ CORS നിയന്ത്രണങ്ങൾക്ക് വിധേയമാണ്.

സർവീസ് വർക്കറുകളിൽ ProgressEvent ലഭ്യമായതിനാൽ lengthComputable, loaded, total പോലുള്ള ആട്രിബ്യൂട്ടുകൾ ഉപയോഗിച്ച് പുരോഗതി ഇവന്റുകൾ സൃഷ്ടിക്കാൻ സാധിക്കും. വെബ് ബ്ലൂടൂത്ത് APIയുടെ BluetoothRemoteGATTServer ഇപ്പോൾ EventTargetൽ നിന്ന് പാരമ്പര്യമായി വരുന്നു. ഇത് addEventListener() പോലുള്ള രീതികൾ ഉപയോഗിക്കാൻ സഹായിക്കുന്നു.

ഡൈനാമിക്കായി ഓങ്ങഘല ചേർക്കുന്ന API-കളിലേക്കും വിപുലീകരണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു ക്യാൻവാസിനുള്ളിൽ HTML റെൻഡർ ചെയ്യുന്നതിനുള്ള HTML-in-canvas, WebGPU-യിലെ atomic-vec2u-min-max എന്നിവയും ഈ പതിപ്പിൽ ഉൾപ്പെടുന്നു. Long Animation Frames APIലേക്ക് tsyleDuration, forcedtSyleDuration എന്നിവ ചേർത്തിട്ടുണ്ട്.

Capabiltiy Elements-ലെ ഐക്കൺ മാത്രം ബട്ടണുകൾ പ്രദർശിപ്പിക്കുന്നതിനുള്ള ഫീച്ചർ ഇപ്പോഴും അവലോകനത്തിലാണ്. Connection Allowlists - Embedded Enforcement, Overscroll Areas എന്നീ രണ്ട് ഒറിജിൻ ട്രയലുകളും റിലീസ് നോട്ടുകളിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്.

ഈ CSS വിപുലീകരണങ്ങൾ ഫ്രണ്ട്എൻഡ് ഡെവലപ്പർമാർക്ക് കോഡിന്റെ അളവ് കുറയ്ക്കാനും ഡിസൈൻ ഫ്ലെക്സിബിലിറ്റി വർദ്ധിപ്പിക്കാനും സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഐഫോൺ 18ന് മികച്ച പ്രകടനവും ബാറ്ററി ശേഷിയും; വില വർധന ഉണ്ടാകുമെന്ന് റിപ്പോർട്ട്

ഐഫോൺ 18 മോഡലുകൾക്ക് പ്രകടനത്തിലും ബാറ്ററി ശേഷിയിലും വലിയ മുന്നേറ്റങ്ങളുണ്ടാകുമെന്ന് റിപ്പോർട്ട്. നിലവിലെ ഐഫോൺ 18 പ്രോ സീരീസിന് സമാനമായ മെച്ചപ്പെടുത്തലുകളാണ് പുതിയ മോഡലുകളിലും പ്രതീക്ഷിക്കുന്നത്. എന്നാൽ പുതിയ ഐഫോൺ 18ന് വില വർധന ഉണ്ടാകുമെന്നും സൂചനയുണ്ട്.

ചൈനീസ് ലീക്കർമാരുടെ വിവരമനുസരിച്ച്, ഐഫോൺ 18ന്റെ ബാറ്ററി ശേഷി ഗണ്യമായി മെച്ചപ്പെടും. 2nm നിർമ്മാണ പ്രക്രിയയിൽ നിർമ്മിച്ച ആപ്പിൾ A20 SoC-യാകും പുതിയ മോഡലിൽ ഉപയോഗിക്കുക. ഇത് ഐഫോൺ 18ന്റെ പ്രകടനവും ബാറ്ററി ലൈഫും വർദ്ധിപ്പിക്കാൻ സഹായിക്കും.

ഈ വർഷം ഐഫോൺ 18 പ്രോ മോഡലുകൾ മാത്രമാണ് ആപ്പിൾ പുറത്തിറക്കിയത്. ഐഫോൺ 18ന്റെ സാധാരണ മോഡലുകൾ 2027ന്റെ തുടക്കത്തിൽ പുറത്തിറക്കുമെന്നാണ് ഇപ്പോൾ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. 2027 വസന്തകാലത്ത് ഐഫോൺ 18 എത്തുമെന്നും Mezha.net റിപ്പോർട്ട് ചെയ്യുന്നു.

ഐഫോൺ 17ൽ ഉണ്ടായിരുന്ന 6.3 ഇഞ്ച് OLED ഡിസ്പ്ലേ, ഡൈനാമിക് ഐലൻഡ്, 120 Hz റിഫ്രഷ് റേറ്റ് എന്നിവ ഐഫോൺ 18ലും ഉണ്ടാകുമെന്ന് Digital Chat Station എന്ന ലീക്കർ പറയുന്നു. രണ്ട് 48 മെഗാപിക്സൽ ക്യാമറകളും ഫേസ് ഐഡിയും പുതിയ മോഡലിൽ പ്രതീക്ഷിക്കുന്നുണ്ട്. ഡൈനാമിക് ഐലൻഡിന്റെ ചെറിയ പതിപ്പ് ഐഫോൺ 18 പ്രോ സീരീസിന് മാത്രമായിരിക്കും.



ഐഫോൺ 17ന് 3,692 mAh ബാറ്ററിയാണ് ഉണ്ടായിരുന്നത്. ഐഫോൺ 18 പ്രോ മോഡലിന് യൂറോപ്പിൽ 4,056 mAh-ഉം യുഎസിൽ 4,288 mAhഉം ബാറ്ററി ശേഷിയുണ്ട്. പുതിയ ഐഫോൺ 18ന്റെ ബാറ്ററി വലുപ്പം കൂടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പുതിയ ഐഫോൺ 18ന്റെ വില അല്പം വർധിക്കാൻ സാധ്യതയുണ്ട്. കഴിഞ്ഞ വർഷം പുറത്തിറക്കിയ ഐഫോൺ 17ന് ഇതിനോടകം 100 ഡോളറിന്റെ വർധനവ് വന്നിരുന്നു. 256 GB സ്റ്റോറേജുള്ള ഐഫോൺ 17ന്റെ വില 799 ഡോളറിൽ നിന്ന് 899 ഡോളറായി ആപ്പിൾ കൂട്ടിയിരുന്നു.

DRAM പ്രതിസന്ധിക്ക് ശേഷം അടിസ്ഥാന ഐഫോൺ മോഡലിന് ഉണ്ടാകുന്ന രണ്ടാമത്തെ വില വർധനവാണിത്.

ഡൽഹി ഡെർബാർ

അണയുമോ അണക്കെട്ടിന്റെ കനത്ത കനലുകൾ? സിയാങ് താഴ്‌വരയും ഹിമാലയത്തിന്റെ കണ്ണീരും

ഇന്ത്യയുടെ കിഴക്കൻ അതിർത്തിയായ അരുണാചൽ പ്രദേശിലെ സിയാങ് താഴ്‌വര ഇന്ന് വൻ ജനകീയ പ്രക്ഷോഭങ്ങളാൽ പ്രകമ്പനം കൊള്ളുകയാണ്. കേന്ദ്ര സർക്കാരിന്റെ 11,200 മെഗാവാട്ട് ശേഷിയുള്ള സിയാങ് അപ്പർ മൾട്ടിപർപ്പസ് ജലവൈദ്യുത പദ്ധതിക്കെതിരെ (എസ്.യു.എം.പി) അവിടുത്തെ ഭൂമിയുടെ അവകാശികളായ ആദി ഗോത്രവിഭാഗങ്ങൾ നടത്തുന്ന പോരാട്ടം കേവലം ഒരു സമരമല്ല, മറിച്ച് തങ്ങളുടെ നിലനിൽപ്പിനും സംസ്കാരത്തിനും വേണ്ടിയുള്ള അതിജീവന ശ്രമമാണ്. ചൈനയുടെ അതിർത്തിയിലെ വെള്ളത്തെ ചൊല്ലിയുള്ള പ്രശ്നങ്ങളെ പ്രതിരോധിക്കാൻ എന്ന പേരിൽ നടപ്പിലാക്കാൻ ഒരുങ്ങുന്ന ഈ മെഗാ പ്രൊജക്റ്റ്, സിയാങ് താഴ്‌വരയെ ഒരു വലിയ ദുരന്തമുഖത്തേക്കാണ് തള്ളിവിടുന്നത്.



വിവിധ പൗരസംഘടനകളിലെയും പരിസ്ഥിതി ഗ്രൂപ്പുകളിലെയും വിദ്യാർത്ഥി സംഘടനകളിലെയും അംഗങ്ങൾ പ്ലക്കാർഡുകളേന്തി മുദ്രാവാക്യം വിളിക്കുന്നു. അരുണാചൽ പ്രദേശിൽ ശക്തമാകുന്ന അണക്കെട്ട് വിരുദ്ധ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അസമിലെ ഗുവാഹത്തിയിൽ നടന്ന പ്രതിഷേധ പ്രകടനത്തിൽ നിന്നുള്ള ദൃശ്യം



സിയാങ് താഴ്വരയിൽ കേന്ദ്ര സുരക്ഷാ സേനയെ വിന്യസിച്ചപ്പോൾ

എന്താണ് സിയാങ് താഴ്‌വരയിലെ ആശങ്ക?

ഈ കൂറ്റൻ അണക്കെട്ട് യാഥാർത്ഥ്യമായാൽ 25ലധികം തദ്ദേശീയ ഗ്രാമങ്ങൾ പൂർണ്ണമായും വെള്ളത്തിനടിയിലാകും. ലക്ഷക്കണക്കിന് ആളുകൾക്ക് തങ്ങളുടെ പൂർവ്വികരുടെ മണ്ണും ഉപജീവനമാർഗ്ഗമായ കൃഷിഭൂമികളും നഷ്ടപ്പെടും. ഹിമാലയൻ മേഖലയിലെ അതീവ ഭൂകമ്പ സാധ്യതയുള്ള ഈ പ്രദേശത്ത് ഇത്രയും വലിയൊരു അണക്കെട്ട് നിർമ്മിക്കുന്നത് വൻ പാരിസ്ഥിതിക ആഘാതങ്ങൾക്ക് കാരണമാകുമെന്ന് ശാസ്ത്രലോകം മുന്നറിയിപ്പ് നൽകുന്നു. 2023ൽ സിക്കിമിലെ തീസ്ത നദിയിലുണ്ടായ അണക്കെട്ട് ദുരന്തം നമ്മുടെ മുന്നിൽ ഒരു വലിയ പാഠമായി അവശേഷിക്കുമ്പോഴാണ് സിയാങ് നദിയെ കെട്ടിയിടാൻ ശ്രമം നടക്കുന്നത്.

അണക്കെട്ടിന്റെ പ്രീഫീസിബിലിറ്റി സർവേയുമായി ബന്ധപ്പെട്ട് വൻതോതിൽ കേന്ദ്ര സായുധ സേനയെ പ്രദേശത്ത് വിന്യസിച്ചതും സമാധാനപരമായി പ്രതിഷേധിച്ച ഗോത്രനേതാക്കളെയും യുവാക്കളെയും തടവിലാക്കിയതും ജനങ്ങൾക്കിടയിൽ വലിയ പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്.

സിയാങ് താഴ്‌വരയിലെ തദ്ദേശീയ ജനതയുടെ ദുരിതങ്ങൾക്കും നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിനും ശക്തമായ പിന്തുണയുമായി പ്രമുഖ പരിസ്ഥിതി പ്രവർത്തകനും ലഡാക്കിലെ പ്രക്ഷോഭങ്ങളുടെ മുൻനിര നേതാവുമായ സോനം വാങ്ചുക് ഇപ്പോൾ രംഗത്തെത്തിയിരിക്കുന്നു. ലഡാക്കിന്റെ പരിസ്ഥിതിയെ സംരക്ഷിക്കാൻ നിരന്തരം പോരാടുന്ന വാങ്ചുക്, സിയാങ് താഴ്‌വരയിൽ നടക്കുന്ന സംഭവങ്ങളിൽ അഗാധമായ ആശങ്ക രേഖപ്പെടുത്തിയിരിക്കുന്നു.

സിയാങ് താഴ്‌വരയിലെ ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ച് അദ്ദേഹം ഇന്ത്യൻ രാഷ്ട്രപതി ദ്രൗപദി മുർമുവിന് അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കത്തയച്ചു.

'തദ്ദേശീയ ഗോത്രവിഭാഗത്തിൽ നിന്നും ഉയർന്നുവന്ന ബഹുമാനപ്പെട്ട രാഷ്ട്രപതിക്ക് പ്രകൃതി എന്നത് ചൂഷണം ചെയ്യാനുള്ള ഒരു വിഭവം മാത്രമല്ല, മറിച്ച് സംരക്ഷിക്കപ്പെടേണ്ട അമ്മയാണെന്ന ഗോത്ര ജനതയുടെ വികാരം ഏറ്റവും നന്നായി മനസ്സിലാക്കാൻ സാധിക്കും. സിയാങ് നദി അവിടുത്തെ ജനങ്ങൾക്ക് 'ആനെ സിയാങ്' (അതായത് അമ്മയെപ്പോലെയാണ് ആ നദി എന്നാണ്.) സോനം വാങ്ചുക് തന്റെ കത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നത്.

തങ്ങളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തുന്ന അതിർത്തി ഗ്രാമങ്ങളിലെ ജനങ്ങളെ 'രാജ്യവിരുദ്ധർ' എന്ന് മുദ്രകുത്താൻ ചില കോണുകളിൽ നിന്ന് നടക്കുന്ന ശ്രമങ്ങളെ വാങ്ചുക് ശക്തമായി അപലപിച്ചു.

യുദ്ധകാലങ്ങളിൽ ഇന്ത്യൻ സൈന്യത്തിനൊപ്പം തോളോടുതോൾ ചേർന്നുനിന്ന ചരിത്രമാണ് ലഡാക്കിലെയും അരുണാചലിലെയും ജനങ്ങൾക്കുള്ളതെന്നും, സ്വന്തം മണ്ണ് സംരക്ഷിക്കാൻ പോരാടുന്നവരെ സംശയദൃഷ്ടിയോടെ കാണരുതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

വാങ്ചുക് രാഷ്ട്രപതിക്ക് മുന്നിൽ വെച്ച പ്രധാന ആവശ്യങ്ങൾ:

1. സേനയെ പിൻവലിക്കുക: സിയാങ് താഴ്‌വരയിലെ സിവിലിയൻ പ്രദേശങ്ങളിൽ വിന്യസിച്ചിരിക്കുന്ന അമിത സുരക്ഷാ സേനയെ പിൻവലിച്ച് അവിടുത്തെ സാധാരണ ജനജീവിതം പുനഃസ്ഥാപിക്കുക.

2. തടവുകാരെ മോചിപ്പിക്കുക: സമാധാനപരമായി പ്രതിഷേധിച്ചതിന് അറസ്റ്റ് ചെയ്ത പ്രാദേശിക പ്രവർത്തകരെ നിബന്ധനകളില്ലാതെ മോചിപ്പിക്കുകയും അവർക്കെതിരെയുള്ള കേസുകൾ പിൻവലിക്കുകയും ചെയ്യുക.

3. ബലപ്രയോഗം നിർത്തുക: പ്രാദേശിക ജനങ്ങളുമായി കൃത്യമായ ചർച്ചകൾ നടത്താതെ അണക്കെട്ടുമായി ബന്ധപ്പെട്ട നിർബന്ധിത നടപടികളുമായി മുന്നോട്ട് പോകരുത്.

4. ശാസ്ത്രീയ പഠനം നടത്തുക: ഹിമാലയൻ മേഖലയിലെ പാരിസ്ഥിതികവും ഭൂകമ്പപരവുമായ ആഘാതങ്ങളെക്കുറിച്ച് സ്വതന്ത്രവും സമഗ്രവുമായ പഠനം ആദ്യം പൂർത്തിയാക്കുക.

ഒരു രാജ്യത്തിന്റെ വികസനം എന്നത് അവിടുത്തെ ജനങ്ങളുടെ കണ്ണീരിലും കുടിയൊഴിപ്പിക്കലിലും പടുത്തുയർത്തേണ്ട ഒന്നല്ല. ഹിമാലയൻ മലനിരകൾ ഇന്ത്യയുടെ ജലസംഭരണികൾ മാത്രമല്ല, രാജ്യത്തിന്റെ സുരക്ഷാ കവചം കൂടിയാണ്. അതിർത്തിയിലെ കാവൽക്കാരായ മനുഷ്യരെയും പ്രകൃതിയെയും സംരക്ഷിച്ചുകൊണ്ട് മാത്രമേ സുസ്ഥിരമായ വികസനം സാധ്യമാകൂ. സിയാങ് താഴ്‌വരയിലെ ജനങ്ങളുടെ ആത്മാഭിമാനത്തിനായുള്ള ഈ പോരാട്ടത്തിൽ സോനം വാങ്ചുക്കിനെപ്പോലുള്ളവരുടെ പിന്തുണ അവിടുത്തെ മനുഷ്യർക്ക് നൽകുന്ന ആത്മവിശ്വാസം ചെറുതല്ല. കേന്ദ്രസംസ്ഥാന സർക്കാരുകൾ ധാർഷ്ട്യം വെടിഞ്ഞ് പ്രാദേശിക ജനതയുമായി തുറന്ന ചർച്ചകൾക്ക് തയ്യാറാകണം. അല്ലാത്തപക്ഷം, വരുംതലമുറകൾക്ക് നമ്മൾ നൽകേണ്ടി വരുന്നത് വലിയൊരു പാരിസ്ഥിതിക ദുരന്തമായിരിക്കും.

വികസന രാഷ്ട്രീയവും ചേരിതിരിവുകളും

സിയാങ് അണക്കെട്ട് പദ്ധതിയെച്ചൊല്ലി അരുണാചൽ പ്രദേശിലെ രാഷ്ട്രീയ രംഗം വൻ ചേരിതിരിവിലാണ്. ഭരണകക്ഷിയായ ഭാരതീയ ജനതാ പാർട്ടിയും അവരുടെ സഖ്യകക്ഷികളായ നാഷണൽ പീപ്പിൾസ് പാർട്ടിയും, പീപ്പിൾസ് പാർട്ടി ഓഫ് അരുണാചലും ദേശീയ സുരക്ഷയും തന്ത്രപ്രധാനമായ ആവശ്യങ്ങളും മുൻനിർത്തി ഈ പദ്ധതിയെ അനുകൂലിക്കുന്നു. ചൈന അതിർത്തിയിൽ നടത്തുന്ന ജലസംഭരണ നീക്കങ്ങളെ പ്രതിരോധിക്കാൻ ഈ അണക്കെട്ട് അനിവാര്യമാണെന്നാണ് മുഖ്യമന്ത്രി പേമ ഖണ്ഡുവിന്റെ നേതൃത്വത്തിലുള്ള ബി.ജെ.പി സർക്കാരിന്റെ വാദം.

എന്നാൽ, കോൺഗ്രസ് അധ്യക്ഷൻ ബോസിറാം സിറാമിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രക്ഷോഭകർക്ക് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ച് രംഗത്തുണ്ട്. പ്രാദേശിക ജനങ്ങളുടെ അനുമതിയില്ലാതെയും ഗോത്ര നിയമങ്ങൾ ലംഘിച്ചും നടത്തുന്ന ഈ ബലപ്രയോഗം ജനാധിപത്യ വിരുദ്ധമാണെന്ന് കോൺഗ്രസ് ആരോപിക്കുന്നു. സമര മേഖലയിലെ ഏഴ് നിയമസഭാ മണ്ഡലങ്ങളും ഭരണകക്ഷിയുടെ കൈവശമാണെങ്കിലും, അവിടുത്തെ പ്രാദേശിക ബി.ജെ.പി നേതാക്കളിലും അണികളിലും വലിയൊരു വിഭാഗം സ്വന്തം മണ്ണ് സംരക്ഷിക്കാനായി പാർട്ടി നിലപാടിനെതിരെ സമരക്കാർക്കൊപ്പം നിൽക്കുന്നു എന്നത് ഈ ജനകീയ പ്രക്ഷോഭത്തിന്റെ രാഷ്ട്രീയ ആഴം വ്യക്തമാക്കുന്നു.

അണക്കെട്ട് പദ്ധതിക്കെതിരെ വളർന്നുവരുന്ന ജനകീയ പ്രക്ഷോഭം കിഴക്കൻ അരുണാചൽ പ്രദേശിലെ ബി.ജെ.പിയുടെ രാഷ്ട്രീയ നിലനിൽപ്പിന് വലിയ വെല്ലുവിളിയായി മാറിയിരിക്കുകയാണ്. സമരത്തിന്റെ കേന്ദ്രബിന്ദുവായി മാറിയ ഏഴ് നിയമസഭാ മണ്ഡലങ്ങളിൽ ഇത് വലിയൊരു രാഷ്ട്രീയ പോരാട്ടത്തിന് വഴിതുറന്നിരിക്കുകയാണ്.

ജനങ്ങളുടെ താല്പര്യത്തിന് വിരുദ്ധമായി സിയാങ്ങിൽ ഒരു അണക്കെട്ടും നിർമ്മിക്കില്ലെന്ന് 2024ലെ നിയമസഭാ തിരഞ്ഞെടുപ്പ് വേളയിൽ മുഖ്യമന്ത്രി പേമ ഖണ്ഡു ഉറപ്പുനൽകിയിരുന്നു. എന്നാൽ പ്രാദേശിക ഗോത്രവിഭാഗത്തിന്റെ സ്വതന്ത്രവും മുൻകൂട്ടിയുള്ളതുമായ അനുമതിയില്ലാതെ സർക്കാർ പദ്ധതിയുടെ പ്രീഫീസിബിലിറ്റി റിപ്പോർട്ട് നടപടികളുമായി മുന്നോട്ട് പോകുകയാണെന്ന് ജനങ്ങൾ ആരോപിക്കുന്നു. 2026 സെപ്തംബർ മുതൽ ഈ നടപടികൾക്കെതിരെയുള്ള പ്രതിഷേധം ശക്തമായി. ജനങ്ങളുമായി സമാധാനപരമായ ചർച്ച നടത്തുന്നതിന് പകരം സർക്കാർ ഭീഷണിയും, സമരക്കാരെ തടവിലാക്കലും, വൻതോതിൽ സുരക്ഷാ സേനയെ വിന്യസിക്കലുമാണ് ചെയ്യുന്നതെന്ന് തദ്ദേശീയ സംഘടനകൾ കുറ്റപ്പെടുത്തുന്നു.


ബി.ജെ.പിയെ സംബന്ധിച്ചിടത്തോളം സിയാങ് താഴ്‌വരയിലെ ജനവികാരം വലിയൊരു വെല്ലുവിളിയാണ്. ഈ ജനകീയ സമരം വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിൽ ഭരണകക്ഷിയെ എങ്ങനെ ബാധിക്കുമെന്ന് ഇപ്പോൾ പ്രവചിക്കാനാകില്ലെങ്കിലും, 2024ൽ തങ്ങളെ പൂർണ്ണമായും പിന്തുണച്ച തദ്ദേശീയ ജനവിഭാഗങ്ങളുമായി ഭരണമുന്നണിക്കുള്ള ബന്ധത്തിൽ വലിയൊരു വിള്ളൽ വീഴ്ത്താൻ ഈ വിവാദം കാരണമായിട്ടുണ്ട്.

▸ *എമ എൽസ എൽവിൻ*

വിശുദ്ധി തിരഞ്ഞെടുത്ത ചിലരുടെ മാത്രം അവകാശമല്ല; ഓരോ മനുഷ്യനുമുള്ള ദൈവവിളിയാണ്: ലെയോ പതിനാലാമൻ പാപ്പാ

വത്തിക്കാൻ: വിശുദ്ധി ഏതാനും വിശിഷ്ട വ്യക്തികൾക്കു മാത്രം അവകാശപ്പെട്ട ആത്മീയ പദവിയല്ല, മറിച്ച് ലോകത്തിന്റെ എല്ലാ കോണുകളിലുമുള്ള ഓരോ മനുഷ്യനും ലഭിച്ചിരിക്കുന്ന സാർവത്രിക ദൈവവിളിയാണെന്ന് ലെയോ പതിനാലാമൻ പാപ്പാ. സകല വിശുദ്ധരുടെയും തിരുനാൾ ദിനത്തിൽ വത്തിക്കാനിലെ അപ്പസ്തോലിക കൊട്ടാരത്തിന്റെ ജാലകത്തിൽനിന്ന് നൽകിയ ആഞ്ചലൂസ് സന്ദേശത്തിലാണ് പാപ്പാ വിശുദ്ധിയുടെ യഥാർഥ അർത്ഥവും പ്രായോഗിക ജീവിതത്തിലെ പ്രസക്തിയും ശക്തമായി ഉയർത്തിക്കാട്ടിയത്.

സ്നേഹവും കരുണയും എളിമയും നീതിബോധവും സമാധാനവും ദൈനംദിന ജീവിതത്തിൽ സാക്ഷാത്കരിക്കുമ്പോഴാണ് ഓരോ വ്യക്തിയും വിശുദ്ധിയിലേക്കുള്ള യാത്ര ആരംഭിക്കുന്നതെന്ന്



അദ്ദേഹം ഓർമിപ്പിച്ചു. അസാധാരണമായ നേട്ടങ്ങളിലല്ല, മറിച്ച് ആരും ശ്രദ്ധിക്കാതെ പോകുന്ന ചെറിയ നന്മകളിലും നിശ്ശബ്ദമായ ത്യാഗങ്ങളിലും സഹജീവികളോടുള്ള കരുതലിലുമാണ് യഥാർഥ വിശുദ്ധി പ്രകടമാകുന്നതെന്നും പാപ്പാ വ്യക്തമാക്കി.

തിന്മയെയും വിദ്വേഷത്തെയും അതിജീവിക്കാനുള്ള ഏറ്റവും ശക്തമായ മാർഗം സ്നേഹമാണെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. അത്യാഗ്രഹത്തിനും അഹങ്കാരത്തിനും സ്വാർത്ഥതയ്ക്കും പകരം സ്നേഹവും എളിമയും സമാധാനവും തിരഞ്ഞെടുക്കാൻ ഓരോ വിശ്വാസിയും തയ്യാറാകണം.


യേശുക്രിസ്തു മലമുകളിൽ നൽകിയ ഭാഗ്യവചനങ്ങളാണ് വിശുദ്ധിയിലേക്കുള്ള പ്രായോഗിക മാർഗരേഖയെന്നും പാപ്പാ ഓർമിപ്പിച്ചു. എളിമയുള്ളവരാകുക, കരുണ കാണിക്കുക, നീതിക്കുവേണ്ടി ദാഹിക്കുക, സമാധാനം സ്ഥാപിക്കുക എന്നിവ കേവലം മതപരമായ ഉപദേശങ്ങളല്ല; മറിച്ച് ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാന മൂല്യങ്ങളാണ്.

ഇന്നത്തെ ലോകം യുദ്ധങ്ങളും സംഘർഷങ്ങളും വിദ്വേഷവും അസഹിഷ്ണുതയും കൊണ്ട് മുറിവേൽക്കുമ്പോൾ സമാധാനം വളർത്തിയെടുക്കാനുള്ള ഉത്തരവാദിത്വം ഓരോ വ്യക്തിയും ഏറ്റെടുക്കണം. വലിയ വേദികളിൽ സമാധാനത്തെക്കുറിച്ച് സംസാരിക്കുന്നതിനൊപ്പം സ്വന്തം കുടുംബത്തിലും അയൽപക്കത്തും സമൂഹത്തിലും സമാധാനത്തിന്റെ സന്ദേശവാഹകരാകാനും പാപ്പാ വിശ്വാസികളെ ആഹ്വാനം ചെയ്തു.

വിശുദ്ധി ദൈവാലയത്തിന്റെ അൾത്താരകളിൽ മാത്രം ഒതുങ്ങേണ്ടതല്ല; അത് നമ്മുടെ ജീവിതത്തിന്റെ ഓരോ മേഖലയിലും പ്രതിഫലിക്കേണ്ടതാണ്. മറ്റുള്ളവരെ വിധിക്കുന്നതിനുപകരം മനസ്സിലാക്കാനും, വെറുക്കുന്നതിനുപകരം സ്നേഹിക്കാനും, പ്രതികാരത്തിനുപകരം ക്ഷമിക്കാനും, ഭിന്നതകൾക്കുപകരം ഐക്യം വളർത്താനും നമുക്ക് കഴിയുമ്പോഴാണ് വിശുദ്ധിയുടെ യഥാർഥ അർത്ഥം ജീവിതത്തിൽ സാക്ഷാത്കരിക്കപ്പെടുന്നത്.

സകല വിശുദ്ധരുടെയും തിരുനാൾ നമ്മെ ഓർമിപ്പിക്കുന്നത്, വിശുദ്ധരായി ജീവിക്കുക എന്നത് അസാധ്യമോ അപ്രാപ്യമോ ആയ ലക്ഷ്യമല്ല, മറിച്ച് ഓരോ ദിവസവും ഓരോ പ്രവൃത്തിയിലൂടെയും നേടിയെടുക്കേണ്ട ജീവിതദൗത്യമാണെന്നതാണ്. ദൈവം നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നത് വലിയ നേട്ടങ്ങളേക്കാൾ സ്നേഹം നിറഞ്ഞ ഹൃദയവും നന്മ ചെയ്യാനുള്ള മനസ്സുമാണ്. മനുഷ്യർ കാണാതെ പോകുന്ന നന്മകളെപ്പോലും ദൈവം കാണുന്നു. മനുഷ്യന് എത്തിച്ചേരാനാകാത്ത ഹൃദയങ്ങളിലേക്കുപോലും ദൈവകൃപയ്ക്ക് കടന്നുചെല്ലാൻ കഴിയും.

▸ *ഡോ. ജോർജ് കാക്കനാട്ട്*



ഗായിക കനികയും ഹത്തിരമാണിയും വേർപിരിയുന്നു


ബോളിവുഡ് ഗായിക കനിക കപൂറും പ്രമുഖ വ്യവസായിയായ ഭർത്താവ് ഗൗതം ഹത്തിരമാണിയും വേർപിരിയുന്നു. 2022-ൽ ലണ്ടനിൽ വെച്ച് നടന്ന ആഡംബര ചടങ്ങിലായിരുന്നു ഇരുവരും വിവാഹിതരായത്. സോഷ്യൽ മീഡിയയിലൂടെ ഗായിക തന്നെയാണ് തങ്ങൾ വേർപിരിയുന്ന വിവരവും ചിത്രങ്ങൾ നീക്കം ചെയ്ത കാര്യവും ആരാധകരുമായി പങ്കുവെച്ചത്.പരസ്പരം സംസാരിച്ച് എടുത്ത തീരുമാനമാണെന്നും വേർപിരിയലിന് പിന്നിൽ മൂന്നാമതൊരു വ്യക്തിയുടെ ഇടപെടലുകളില്ലെന്നും കനിക വ്യക്തമാക്കി. ഗൗതമിന്റെ ജോലിസ്ഥലമായ ലാഗോസിലേക്ക് താമസിക്കാൻ വിസമ്മതിച്ചതാണ് വിവാഹമോചനത്തിന് കാരണമെന്ന പ്രചരണങ്ങളും താരം തള്ളി. ഔദ്യോഗിക കുറിപ്പിൽ തങ്ങളുടെ സ്വകാര്യതയെ മാനിക്കണമെന്ന് കനിക അഭ്യർത്ഥിച്ചു.തുടർച്ചയായ യാത്രകളും തിരക്കുപിടിച്ച കരിയറും ലാഗോസിൽ നിന്ന് മാറാൻ കഴിയാത്ത ഭർത്താവിന്റെ തൊഴിൽ സാഹചര്യങ്ങളുമാണ് ഇരുവരുടെയും പ്രതീക്ഷകളിൽ ഭിന്നതയുണ്ടാക്കിയതെന്നാണ് സൂചന. 2012-ൽ ആദ്യ ഭർത്താവ് ഡോ. ജസ്പ്രീത് സിംഗുമായി വേർപിരിഞ്ഞ കനികയ്ക്ക് മൂന്ന് മക്കളുണ്ട്. 'ബേബി ഡോൾ', 'ചിട്ടിയാൻ കലയാൻ' തുടങ്ങിയ ഹിറ്റ് ഗാനങ്ങളിലൂടെ പ്രശസ്തയായ താരം ഇപ്പോൾ മുംബൈയിൽ പുതിയ പ്രോജക്റ്റുകളിൽ സജീവമാണ്.

അടിമയെപ്പോലെ പണിയെടുത്തു, അപമാനം മാത്രം മിച്ചം: കുടുംബത്തിനെതിരെ ബ്രിട്ടണി സ്പിയേഴ്സ്



പ്രശസ്ത പോപ്പ് സംഗീതജ്ഞ ബ്രിട്ടണി സ്പിയേഴ്സ് തന്റെ കുടുംബത്തിനെതിരെ വീണ്ടും ഗുരുതരമായ ആരോപണങ്ങളുമായി രംഗത്ത്. കുടുംബാംഗങ്ങൾ തന്നോട് ക്രൂരമായി പെരുമാറിയെന്നും അടിമയെപ്പോലെയാണ് അവർ തന്നോട് പെരുമാറിയതെന്നും താരം ഇൻസ്റ്റാഗ്രാമിലൂടെ തുറന്നടിച്ചു.'അപ്ടൗൺ ഗേൾസ്' എന്ന ചിത്രത്തിലെ ഒരു രംഗം പങ്കുവെച്ചുകൊണ്ടാണ് ബ്രിട്ടണി തന്റെ അമർഷം വ്യക്തമാക്കിയത്. കോവിഡ് കാലത്ത് ലൂസിയാന സന്ദർശിച്ചപ്പോൾ ഐവിയെ ഒരു തവണ പോലും കൈകളിൽ എടുക്കാൻ സഹോദരി ജാമി ലിൻ അനുവദിച്ചില്ലെന്നും, മക്കളെ കൂട്ടിക്കൊണ്ടുവരാൻ ചെന്നപ്പോൾ മുൻ ഭർത്താവ് കെവിൻ ഫെഡർലൈൻ വീട്ടിലെ ബാത്ത്റൂം ഉപയോഗിക്കാൻ പോലും സമ്മതിച്ചില്ലെന്നും ബ്രിട്ടണി ആരോപിച്ചു. അവർക്ക് പിന്നിൽ പ്രവർത്തിച്ച പല രഹസ്യ കാര്യങ്ങളും ഉണ്ടെന്നും തനിക്ക് ഇനി പുതിയൊരു കുടുംബത്തെ കണ്ടെത്തേണ്ടതുണ്ടെന്നും പോപ്പ് താരം കുറിച്ചു.ഇതിനുപുറമേ, അടുത്തിടെ പുറത്തുപോയപ്പോൾ തനിക്കെതിരെ വലിയൊരു ഗൂഢാലോചന നടന്നതായും താൻ ഭക്ഷണം കഴിച്ച് പുറത്തിറങ്ങുന്ന സമയം ബോധപൂർവ്വം വൈകിപ്പിച്ച്, പുറത്ത് കാത്തുനിന്ന പപ്പരാസി ഫോട്ടോഗ്രാഫർമാർ മുന്നിലേക്ക് തന്നെ സെക്യൂരിറ്റി ജീവനക്കാർ തുറന്നുകാട്ടുകയായിരുന്നു.സുരക്ഷാ ജീവനക്കാരും കൂടെയുള്ളവരും തനിക്കെതിരെ പ്രവർത്തിക്കുന്നതായി തോന്നുന്നുവെന്ന് പറഞ്ഞ താരം, അമേരിക്കൻ സിസ്റ്റത്തിനെ തിരെയും പരിഹാസരൂപേണ പ്രതികരിച്ചു.

കായികരംഗത്ത് തിളങ്ങേണ്ടിയിരുന്ന താരം; ഷാരൂഖ് നടനാകാൻ കാരണം അപ്രതീക്ഷിത വഴിത്തിരിവ്



1992ൽ അഭിനയം തുടങ്ങി 34 വർഷങ്ങൾക്കിപ്പുറവും വിജയക്കുതിപ്പ് തുടരുകയാണ് ബോളിവുഡിന്റെ 'കിങ് ഖാൻ' ഷാരൂഖ് ഖാൻ. തന്റെ 61-ാം ജന്മദിനം ആഘോഷിച്ച വേളയിൽ, താരം സിനിമയിലേക്ക് എത്തിപ്പെട്ടതിന്റെ അവിശ്വസനീയമായ കഥയാണ് ഇപ്പോൾ വീണ്ടും ശ്രദ്ധ നേടുന്നത്.മൂന്ന് പതിറ്റാണ്ടിലേറെയായി ചലച്ചിത്ര ലോകത്ത് തിളങ്ങിനിൽക്കുന്ന ഷാരൂഖ് ഖാൻ തുടക്കത്തിൽ ഒരു നടനാകാൻ ആഗ്രഹിച്ചിരുന്നില്ലെന്നും, കായികരംഗത്തായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ശ്രദ്ധയെന്നും വ്യക്തമാക്കുന്ന പഴയൊരു അഭിമുഖത്തിലെ വിവരങ്ങളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്.1994-ൽ 'ദി വീക്ക്' മാസികയ്ക്ക് നൽകിയ അഭിമുഖത്തിലാണ് ഷാരൂഖ് തന്റെ ഭൂതകാലത്തെക്കുറിച്ചും അഭിനയത്തിലേക്ക് എത്തിയതിനെക്കുറിച്ചും മനസ്സ് തുറന്നത്. ക്രിക്കറ്റ്, ഫുട്ബോൾ, ഹോക്കി എന്നീ ഗെയിമുകളിൽ സംസ്ഥാന തലത്തിൽ വരെ മികച്ച പ്രകടനം കാഴ്ചവെച്ചിരുന്ന താരം, നടുവിനേറ്റ ഗുരുതരമായ പരിക്കിനെത്തുടർന്നാണ് കായികരംഗത്തെ തന്റെ വലിയ സ്വപ്നങ്ങൾ ഉപേക്ഷിക്കേണ്ടിവന്നത്. സാമ്പത്തികശാസ്ത്രത്തിൽ ബിരുദം നേടിയ ശേഷം എം.ബി.എ ചെയ്യാൻ ആവശ്യമായ മാർക്കുകൾ ഉണ്ടായിരുന്നെങ്കിലും, മാസ് കമ്മ്യൂണിക്കേഷൻ കോഴ്സ് തിരഞ്ഞെടുക്കുകയായിരുന്നു അദ്ദേഹം.സ്കൂൾ കാലഘട്ടം മുതൽ നാടകങ്ങളിൽ സജീവമായിരുന്ന ഷാരൂഖ്, 'രാംലീല' നാടകത്തിൽ ഒരു കുരങ്ങന്റെ വേഷം ചെയ്തുകൊണ്ടാണ് ആദ്യമായി വേദിയിലെത്തുന്നത്. ഏകദേശം ആറ് വർഷത്തോളം സെമി-പ്രൊഫഷണൽ നാടകങ്ങളിൽ പ്രവർത്തിച്ച പരിചയവും അദ്ദേഹത്തിനുണ്ടായിരുന്നു.പരിക്കിനെ തുടർന്ന് സ്പോർട്സ് കരിയർ അവസാനിപ്പിക്കേണ്ടി വന്നതോടെയാണ് അദ്ദേഹം അഭിനയത്തിലേക്ക് തിരിഞ്ഞത്. 'ഒരു നടൻ എന്ന് പറയുന്നത് മുതിർന്ന ഒരു കുട്ടിയെപ്പോലെയാണ്, ഞാൻ ഇപ്പോഴും എന്റെ കുട്ടിക്കാലം ജീവിച്ചുതീർക്കുകയാണ്' എന്ന് ഷാരൂഖ് ആ അഭിമുഖത്തിൽ വിശേഷിപ്പിച്ചത് അദ്ദേഹത്തിന്റെ സിനിമയോടുള്ള അടങ്ങാത്ത ആവേശത്തെയാണ് കാണിക്കുന്നത്.

മൂന്ന് തവണ നിരസിച്ചു, നാലാമത് ഓക്കെ പറഞ്ഞു: നസ്രിയയെക്കുറിച്ച് മനസ്സ് തുറന്ന് സൂര്യ



നടൻ സൂര്യ നായകനാകുന്ന ഏറ്റവും പുതിയ ചിത്രം 'സീൻ' എന്ന സിനിമയിലൂടെ പ്രിയനടി നസ്രിയ നസീം തമിഴ് സിനിമാ ലോകത്തേക്ക് ശക്തമായ തിരിച്ചുവരവ് നടത്തുന്നു. ചിത്രം നവംബർ 6-ന് ദീപാവലി റിലീസായി തിയേറ്ററുകളിൽ എത്താനിരിക്കെ, ഹൈദരാബാദിൽ നടന്ന പ്രൊമോഷൻ പരിപാടിയിൽ നസ്രിയയെക്കുറിച്ച് സൂര്യ പറഞ്ഞ വാക്കുകളാണ് ഇപ്പോൾ ശ്രദ്ധ നേടുന്നത്.തന്റെ മൂന്ന് മുൻ ചിത്രങ്ങളിലേക്ക് നസ്രിയയെ ക്ഷണിച്ചിരുന്നെങ്കിലും താരം അത് നിരസിക്കുകയായിരുന്നു എന്ന് സൂര്യ വെളിപ്പെടുത്തി. നാലാമത്തെ ശ്രമത്തിലാണ് നസ്രിയ ഒടുവിൽ തനിക്കൊപ്പം അഭിനയിക്കാൻ സമ്മതിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതേസമയം, 12 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് നസ്രിയ തമിഴ് സിനിമയിലേക്ക് തിരികെയെത്തുന്നത്. 2014-ൽ പുറത്തിറങ്ങിയ 'തിരുമണം എനും നിക്കാഹ്' ആയിരുന്നു നസ്രിയയുടെ അവസാന തമിഴ് ചിത്രം. സൂര്യ ചിത്രം എന്നതുകൊണ്ടാണ് താൻ വീണ്ടും തമിഴിലേക്ക് വരാൻ തയ്യാറായതെന്നും സൂര്യയ്ക്കൊപ്പം അഭിനയിക്കുക എന്നത് ഒരു സ്വപ്ന സാക്ഷാത്കാരമാണെന്നും നസ്രിയ വ്യക്തമാക്കി. 'ആവേശം' ചിത്രത്തിന് ശേഷം ജിത്തു മാധവൻ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ നസ്ലെനും എത്തുന്നുണ്ട്

'ഇസ്രായേലിന് ഭീഷണിയായി തീവ്ര ഇസ്ലാമിക ശക്തികൾ'

വിശാല സർക്കാരിനായി നെതന്യാഹു

ഇസ്രയേലിന്റെ നിലനിൽപ്പിന് തീവ്ര ഇസ്ലാമിക ശക്തികൾ ഭീഷണി ഉയർത്തുന്നുണ്ടെന്ന് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു മുന്നറിയിപ്പ് നൽകി. പ്രതിപക്ഷ നേതാക്കൾ തീവ്ര ഇസ്ലാമിക പാർട്ടികളെ ആശ്രയിച്ച് ഒരു സർക്കാർ രൂപീകരിക്കാനാണ് ശ്രമിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു. തന്റെ ലിക്കുഡ് പാർട്ടി നയിക്കുന്ന വിശാലമായ ഒരു ദേശീയ സഖ്യം രൂപീകരിക്കണമെന്ന് നെതന്യാഹു ആവശ്യപ്പെട്ടു.

ഇറാനും അവരുടെ അനുബന്ധ സംഘടനകളും പുറമെ നിന്നും, തീവ്രവാദത്തെ പിന്തുണയ്ക്കുന്നതായി ആരോപിക്കപ്പെടുന്ന ഇസ്ലാമിക പാർട്ടികൾ രാജ്യത്തിനകത്തും ഇസ്രായേലിന് ഭീഷണിയാണെന്ന് അദ്ദേഹം പറഞ്ഞു. ഈ പാർട്ടികൾ ഇസ്രായേലിന്റെ ജൂത സ്വത്വം ഇല്ലാതാക്കാനും പ്രതിരോധശേഷി ദുർബലപ്പെടുത്താനും ശ്രമിക്കുന്നതായും നെതന്യാഹു ആരോപിച്ചു.ഇത്തരം പാർട്ടികളെ ആശ്രയിക്കുന്ന ഒരു സർക്കാരിന് രാജ്യത്തിന്റെ സുരക്ഷാ വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ കഴിയുമോ എന്നും അദ്ദേഹം ചോദ്യം ചെയ്തു. ഹമാസിനും അതിന്റെ നുഖ്ബ യൂണിറ്റിലെ തടവിലാക്കപ്പെട്ട അംഗങ്ങൾക്കും ഈ പാർട്ടികളുടെ പ്രതിനിധികൾ പിന്തുണ പ്രകടിപ്പിച്ചതായും നെതന്യാഹു കുറ്റപ്പെടുത്തി. ഈ പാർട്ടികളുടെ സഖ്യത്തിലെ പങ്കാളിത്തം രാജ്യത്തെ അകത്ത് നിന്ന് ദുർബലപ്പെടുത്തുമെന്നും അദ്ദേഹം



വാദിച്ചു.ലിക്കുഡിന്റെ നേതൃത്വത്തിൽ, ദേശീയ ബ്ലോക്കിലെ എല്ലാ ഘടകങ്ങളും സയണിസ്റ്റ് പാർട്ടികളും ചേർന്ന ഒരു വിശാല ദേശീയ സർക്കാർ വേണമെന്നും നെതന്യാഹു വാദിച്ചു. ഇടതുപക്ഷ ബ്ലോക്കിലെ നേതാക്കൾ തീവ്രവാദികളെ പിന്തുണയ്ക്കുന്ന പാർട്ടികളെ ആശ്രയിച്ച് ഒരു ന്യൂനപക്ഷ സർക്കാർ രൂപീകരിക്കാൻ ശ്രമിക്കുകയാണെന്ന് അദ്ദേഹം ആരോപിച്ചു. അവർ ദേശീയ താൽപ്പര്യങ്ങളെക്കാൾ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കാണ് പ്രാധാന്യം നൽകുന്നതെന്നും നെതന്യാഹു പറഞ്ഞു.ഇസ്രായേലിലെ സമീപകാല തിരഞ്ഞെടുപ്പിന് ശേഷമുള്ള രാഷ്ട്രീയ തർക്കങ്ങൾക്കിടയിലാണ് നെതന്യാഹുവിന്റെ ഈ പരാമർശങ്ങൾ.

പ്രതിപക്ഷ പാർട്ടികൾ സർക്കാർ രൂപീകരിക്കാൻ ശ്രമിക്കുമ്പോൾ നെതന്യാഹു ഒരു വിശാല സഖ്യത്തിനായി സമ്മർദ്ദം ചെലുത്തുകയാണ്. ഇസ്രായേൽ തിരഞ്ഞെടുപ്പിൽ നടന്ന വിദേശ ഇടപെടലുകളെക്കുറിച്ച് സമഗ്രമായ അന്വേഷണം വേണമെന്നും നെതന്യാഹു ആവശ്യപ്പെട്ടു.ഫലങ്ങളെ സ്വാധീനിക്കാൻ വിദേശ രാജ്യങ്ങൾ വലിയ തുക ചെലവഴിച്ചിരിക്കാമെന്നും അദ്ദേഹം അവകാശപ്പെട്ടു. ഇസ്രായേൽ സംസ്ഥാനത്തെ തിരഞ്ഞെടുപ്പ് ഫലങ്ങളെ സ്വാധീനിക്കാൻ വിദേശ രാജ്യങ്ങൾക്ക് വലിയ തോതിലുള്ള പണമിടപാടുകളുമായി ബന്ധമുണ്ടെന്ന് ഗുരുതരമായ സംശയങ്ങളുണ്ടെന്നും നെതന്യാഹു ചൂണ്ടിക്കാട്ടി.

ലണ്ടനിൽ ഫലസ്തീൻ അനുകൂല പ്രതിഷേധം; നിരവധി പേർ അറസ്റ്റിൽ,

യുകെ സുപ്രീം കോടതിക്ക് പുറത്ത് ആക്ടിവിസ്റ്റ് ഗ്രൂപ്പായ പാലസ്തീൻ ആക്ഷന്റെ രണ്ട് ഡസനിലധികം വരുന്ന പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തു. പാലസ്തീൻ ആക്ഷനെ ഒരു ഭീകര സംഘടനയായി പ്രഖ്യാപിച്ചതിനെ ചോദ്യം ചെയ്തുകൊണ്ടുള്ള ഹർജി പരിഗണിക്കുന്നതിനിടെയാണ് ബുധനാഴ്ച ഈ അറസ്റ്റുകൾ നടന്നത്. ഭീകരവിരുദ്ധ നിയമങ്ങൾ പ്രകാരമുള്ള സർക്കാർ നിരോധനത്തിനെതിരെയാണ് പാലസ്തീൻ ആക്ഷൻ നിയമപോരാട്ടം നടത്തുന്നത്.കഴിഞ്ഞ ഒരു വർഷത്തിനിടെ പാലസ്തീൻ ആക്ഷന്റെ മൂവായിരത്തിലധികം പ്രവർത്തകർ നിരോധനവുമായി ബന്ധപ്പെട്ട് അറസ്റ്റിലായിട്ടുണ്ട്. 2025 ജൂണിൽ ആക്ടിവിസ്റ്റുകൾ ഒരു റോയൽ എയർഫോഴ്സ് താവളത്തിൽ അതിക്രമിച്ചു കയറിയതിനെ തുടർന്നാണ് സർക്കാർ പാലസ്തീൻ ആക്ഷനെ നിരോധിച്ചത്. ഇസ്രായേലിന്റെ ഗാസയിലെ ആക്രമണങ്ങൾക്ക് ബ്രിട്ടീഷ്



സൈന്യം നൽകുന്ന പിന്തുണയിൽ പ്രതിഷേധിച്ചായിരുന്നു ഇത്. ഗാസയിലെ ഇസ്രായേൽ ആക്രമണത്തിൽ പതിനായിരക്കണക്കിന് ഫലസ്തീനികളാണ് കൊല്ലപ്പെട്ടത്. ഈ നിരോധനം പാലസ്തീൻ ആക്ഷനെ അൽ-ഖയ്ദ, ഹമാസ് എന്നിവയുടെ അതേ നിയമപരമായ വിഭാഗത്തിൽ ഉൾപ്പെടുത്തി. പാലസ്തീൻ ആക്ഷനിലെ അംഗത്വത്തിനോ പിന്തുണ നൽകുന്നതിനോ 14 വർഷം വരെ തടവ് ശിക്ഷ ലഭിക്കാം.സമാധാനപരമായി പ്രതിഷേധിച്ചവരെ അറസ്റ്റ് ചെയ്തത് തങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങളെ ലംഘിക്കുന്നതായി പാലസ്തീൻ ആക്ഷൻ അനുകൂലികളും പൗരാവകാശ ഗ്രൂപ്പുകളും പറയുന്നു. പാലസ്തീൻ ആക്ഷനെ നിരോധിച്ച സർക്കാരിന്റെ നടപടി നിയമവിരുദ്ധമാണെന്ന് ഒരു കീഴ്ക്കോടതി നേരത്തെ വിധിച്ചിരുന്നു. എന്നാൽ, ജൂണിൽ അഞ്ച് അപ്പീൽ കോടതി ജഡ്ജിമാർ ഈ കീഴ്ക്കോടതി വിധി റദ്ദാക്കി.പാലസ്തീൻ ആക്ഷന് വേണ്ടി ഹാജരായ അഭിഭാഷകൻ ബുധനാഴ്ച കോടതിയിൽ പറഞ്ഞത്, അഞ്ച് വർഷത്തിനിടെ തങ്ങളുടെ 385 പ്രവർത്തനങ്ങളിൽ മൂന്നെണ്ണം മാത്രമാണ് ഭീകരതയുടെ നിയമപരമായ നിർവചനം പാലിച്ചത് എന്നാണ്. സ്വത്തുക്കൾക്ക് നാശനഷ്ടം വരുത്തിയതുകൊണ്ട് മാത്രമാണ് ഈ മൂന്ന് പ്രവർത്തനങ്ങൾ ഭീകരതയുടെ നിർവചനത്തിൽ ഉൾപ്പെട്ടതെന്നും അഭിഭാഷകൻ വ്യക്തമാക്കി. റാസ ഹുസൈൻ പറയുന്നതനുസരിച്ച്, നൂറോളം നിരോധിത സംഘടനകളിൽ, ഗുരുതരമായ സ്വത്ത് നാശത്തിന്റെ പേരിൽ മാത്രം നിരോധിക്കപ്പെട്ട ആദ്യത്തെ സംഘടനയാണ് പാലസ്തീൻ ആക്ഷൻ.

ജർമ്മൻ രാഷ്ട്രീയ നേതാവ് ഹ്യൂബർട്ട് ഐവാംഗറെ ഹോട്ടലിൽ മരിച്ച നിലയിൽ കണ്ടെത്തി

ജർമ്മനിയിലെ പ്രമുഖ രാഷ്ട്രീയ നേതാവും പോപ്പുലിസ്റ്റ് ഫ്രീ വോട്ടേഴ്സ് പാർട്ടിയുടെ നേതാവുമായ ഹ്യൂബർട്ട് ഐവാംഗറെ ബെർലിനിലെ ഹോട്ടൽ മുറിയിൽ മരിച്ച നിലയിൽ കണ്ടെത്തി. 55 വയസ്സുകാരനായ ബവേറിയൻ സംസ്ഥാന ഉപനേതാവിന്റെ മരണത്തിൽ പോലീസും പ്രോസിക്യൂട്ടർമാരും അന്വേഷണം ആരംഭിച്ചു. ബെർലിൻ-മിറ്റെ ജില്ലയിലെ അദ്ദേഹത്തിന്റെ ഹോട്ടൽ മുറിയിലാണ് മൃതദേഹം കണ്ടെത്തിയത്. അന്വേഷണം ആരംഭിച്ചതായി പോലീസ് പ്രസ്താവനയിൽ അറിയിച്ചു. 2006 മുതൽ ഫ്രീ വോട്ടേഴ്സ് പാർട്ടിയുടെ ബവേറിയൻ ശാഖയുടെ തലവനായിരുന്നു അദ്ദേഹം.പാർട്ടിയുടെ ഓഫീസ് ഉദ്ഘാടനത്തിൽ പങ്കെടുക്കാൻ ഐവാംഗർ ബെർലിനിൽ എത്തിയതായിരുന്നു. എന്നാൽ, ശാരീരിക അസ്വസ്ഥതകൾ കാരണം അദ്ദേഹം ചടങ്ങിൽ പങ്കെടുത്തില്ലെന്ന് ബിൽഡ് ദിനപത്രം റിപ്പോർട്ട് ചെയ്തു. പിന്നീട് പോലീസ് ഹോട്ടലിൽ വെച്ച് അദ്ദേഹത്തിന്റെ മൃതദേഹം കണ്ടെത്തുകയായിരുന്നു.ഐവാംഗറുടെ നേതൃത്വത്തിൽ 2018-ൽ പാർട്ടി ആദ്യമായി സംസ്ഥാന സർക്കാരിലേക്ക് പ്രവേശിച്ചു. എന്നിരുന്നാലും, ഫ്രീ വോട്ടേഴ്സ് പാർട്ടിക്ക് ജർമ്മൻ ഫെഡറൽ പാർലമെന്റിലേക്ക് യോ



ഗ്യത നേടാൻ ആവശ്യമായ സീറ്റുകൾ ഒരിക്കലും ലഭിച്ചിരുന്നില്ല. ഔഷ്വിറ്റ്സിനെ വിനോദ കേന്ദ്രം എന്ന് വിശേഷിപ്പിക്കുന്ന ഒരു ജൂത വിരുദ്ധ ലഘുലേഖ 17 വയസ്സുള്ളപ്പോൾ എഴുതിയെന്ന ആരോപണത്തിൽ 2023-ൽ ഐവാംഗർ ദേശീയ തലത്തിൽ വിവാദങ്ങൾ നേരിട്ടിരുന്നു.ഈ ലഘുലേഖ എഴുതിയെന്ന ആരോപണം അദ്ദേഹം നിഷേധിച്ചെങ്കിലും, തന്റെ സ്കൂൾ ബാഗിൽ അതിന്റെ ഒന്നോ അതിലധികമോ പകർപ്പുകൾ ഉണ്ടായിരുന്നു എന്ന് സമ്മതിച്ചിരുന്നു. വിവാദങ്ങളിൽ അദ്ദേഹം ക്ഷമ ചോദിച്ചെങ്കിലും സ്ഥാനമൊഴിയാൻ വിസമ്മതിച്ചു. ഐവാംഗറിന് രണ്ട് കുട്ടികളുണ്ടെന്നും പങ്കാളിയോടൊപ്പം താമസിക്കുകയായിരുന്നു എന്നും ജർമ്മൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

പുതിയ വ്യോമ പ്രതിരോധ മിസൈൽ സംവിധാനം പരീക്ഷിച്ച് ഉത്തര കൊറിയ



വടക്കൻ കൊറിയ പുതിയ വ്യോമ പ്രതിരോധ മിസൈൽ സംവിധാനം വിജയകരമായി പരീക്ഷിച്ചതായി ഔദ്യോഗിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. അടുത്തിടെ നടന്ന ആയുധ പ്രകടനങ്ങളുടെ ഭാഗമായാണ് ഈ പരീക്ഷണം നടന്നതെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ബുധനാഴ്ച പുതിയ വ്യോമ പ്രതിരോധ മിസൈൽ സംവിധാനം പരീക്ഷിക്കുകയും ക്രൂയിസ് മിസൈൽ ആക്രമണ പരിശീലനം നടത്തുകയും ചെയ്തതായി വ്യാഴാഴ്ച കെസിഎൻഎ അറിയിച്ചു.പുതിയ മിസൈലിൽ ഉപയോഗിച്ച സാങ്കേതിക സവിശേഷതകളും പുതിയ വസ്തുക്കളും ഒന്നിലധികം മാർഗ്ഗനിർദ്ദേശ രീതികളും ഈ പരീക്ഷണത്തിലൂടെ സ്ഥിരീകരിച്ചതായി കെസിഎൻഎ വ്യക്തമാക്കി. ലക്ഷ്യങ്ങളെ തിരിച്ചറിയാനും ട്രാക്ക് ചെയ്യാനുമുള്ള സംവിധാനത്തിന്റെ കഴിവും ഇത് ഉറപ്പിച്ചു. കിഴക്കൻ മേഖലയിലെ വടക്കൻ കൊറിയയുടെ ദീർഘദൂര തന്ത്രപരമായ ക്രൂയിസ് മിസൈൽ യൂണിറ്റിന്റെ ഒരു ഉപവിഭാഗം ബുധനാഴ്ച ഒരു വെർച്വൽ വിമാനത്താവള ലക്ഷ്യത്തെ ആക്രമിക്കുന്ന പരിശീലനവും നടത്തി.പിയോങ്യാങ് കിഴക്കൻ തീരത്തെ സോണ്ടോക് മേഖലയിൽ നിന്ന് കടലിലേക്ക് നിരവധി മിസൈലുകൾ തൊടുത്തുവിട്ടെന്ന ദക്ഷിണ കൊറിയൻ പ്രതിരോധ മന്ത്രാലയത്തിന്റെ ബുധനാഴ്ചത്തെ പ്രസ്താവന കെസിഎൻഎയുടെ റിപ്പോർട്ട് ശരിവെക്കുന്നതായിരുന്നു.

മിഡ്ടേം തിരഞ്ഞെടുപ്പ് ഫലം ട്രംപിന്റെ വിദേശ ആഭ്യന്തര നയങ്ങളെ എങ്ങനെ ബാധിക്കും?

അമേരിക്കൻ കാപിറ്റോൾ കുന്നുകളിൽ രാഷ്ട്രീയ തരംഗങ്ങൾ സൃഷ്ടിച്ചുകൊണ്ട് വാഷിംഗ്ടണിലെ നിയമനിർമ്മാണ കേന്ദ്രങ്ങളിൽ വൻ അധികാര മാറ്റിപ്രതിഷ്ഠകൾ നടന്നു കഴിഞ്ഞു!

2026 നവംബർ ആദ്യവാരത്തിൽ പൂർത്തിയായ യുഎസ് മിഡ്ടേം തെരഞ്ഞെടുപ്പിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനും റിപ്പബ്ലിക്കൻ പാർട്ടിക്കും കനത്ത തിരിച്ചടി നൽകിക്കൊണ്ട് പ്രതിപക്ഷമായ ഡെമോക്രാറ്റിക് പാർട്ടി യുഎസ് ഹൗസ് ഓഫ് റെപ്രസന്റേറ്റീവ്സിലും സെനറ്റിലും പൂർണ്ണനിയന്ത്രണം പിടിച്ചെടുത്തു. സാമ്പത്തിക പണപ്പെരുപ്പവും വിദേശയുദ്ധങ്ങളിലെ സൈനിക ഇടപെടലുകളും സാധാരണക്കാരായ പൗരന്മാരെയും ബാധിച്ചതാണ് ഈ ജനവിധിയുടെ പ്രധാന ചാലകശക്തിയായി വിലയിരുത്തപ്പെടുന്നത്. ഇന്ത്യൻ വംശജയായ പിയ ദാന്ധി യയുടെ വിപ്ലവകരമായ വിജയം മുതൽ അന്താരാഷ്ട്ര തലത്തിൽ ഇറാനും ചൈനയും നൽകിയ നയതന്ത്ര പ്രതികരണങ്ങൾ വരെ ആഗോള രാഷ്ട്രീയത്തിൽ വരുത്തുന്ന ചലനങ്ങൾ താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്തുന്നു...

യുഎസ് കോൺഗ്രസിലെ ഡെമോക്രാറ്റിക് അധിപത്യവും ട്രംപ് ഭരണകൂടത്തിനുള്ള പ്രതിബന്ധങ്ങളും

വാഷിംഗ്ടണിൽ അധികാര സമവാക്യങ്ങൾ മാറിയതോടെ ട്രംപ് ഭരണകൂടത്തിന്റെ ആഭ്യന്തര വിദേശ നയങ്ങൾക്ക് സഭയിൽ കനത്ത പരിശോധനകൾ നേരിടേണ്ടി വരും.

സഭകളിൽ നിയന്ത്രണം പിടിച്ചെടുത്ത് ഡെമോക്രാറ്റുകൾ



റിപ്പബ്ലിക്കൻ കോട്ടകളായിരുന്ന പല സംസ്ഥാനങ്ങളിലും അട്ടിമറി വിജയങ്ങൾ നേടിക്കൊണ്ടാണ് ഡെമോക്രാറ്റിക് പാർട്ടി ഇരുസഭകളിലും ഭൂരിപക്ഷം തിരിച്ചുപിടിച്ചത്. ടെക്സസ്, കാൻസസ് തുടങ്ങിയ പരമ്പരാഗത ട്രെൻഡുകളെ മറികടന്നാണ് പാർട്ടി വിജയം ആഘോഷിക്കുന്നത്.

ബജറ്റ് വിഹിതങ്ങളിലും വിദേശ ഫണ്ടുകളിലും വരുന്ന പരിശോധനകൾ

ഹൗസിലും സെനറ്റിലും ഭൂരിപക്ഷം ലഭിച്ചതോടെ വിദേശ രാജ്യങ്ങളിലേക്കുള്ള യുഎസ് പ്രതിരോധ ബജറ്റ് വിഹിതങ്ങൾ പാസാക്കിയെടുക്കാൻ ട്രംപ് ഭരണകൂടത്തിന് ഡെമോക്രാറ്റുകളുടെ പിന്തുണ അത്യാവശ്യമായി മാറും. തന്നിഷ്ടപ്രകാരമുള്ള ബജറ്റ് പ്രഖ്യാപനങ്ങൾ സഭയിൽ തടസ്സപ്പെടും.

പ്രസിഡൻഷ്യൽ തീരുമാനങ്ങളിലെ കോൺഗ്രഷണൽ മേൽനോട്ടങ്ങൾ

വൈറ്റ് ഹൗസിന്റെ അഡ്മിനിസ്ട്രേറ്റീവ് നീക്കങ്ങൾക്കും വിദേശനയങ്ങൾക്കുമേൽ ജനപ്രതിനിധി സഭയുടെ അന്വേഷണ കമ്മറ്റികൾ അടിയന്തിര നിരീക്ഷണങ്ങൾ ഏർപ്പെടുത്തും. ട്രംപിന്റെ രണ്ടാം ഊഴത്തിലെ പ്രധാന ബില്ലുകൾക്ക് മേൽ നിർണ്ണായക തടസ്സങ്ങൾ ഉണ്ടാകും.

നിയമനിർമ്മാണ പോരുകളും അടുത്ത രണ്ട് വർഷത്തെ രാഷ്ട്രീയ ദിശകളും

പ്രസിഡന്റിന്റെ എക്സിക്യൂട്ടീവ് ഓർഡറുകൾക്ക് മേൽ പാർലമെന്ററി പൂട്ടുകൾ വീഴുന്നതോടെ വാഷിംഗ്ടൺ രാഷ്ട്രീയത്തിൽ വീണ്ടും ഉഭയകക്ഷി തർക്കങ്ങൾ മുറുകും. ഇത് വരാനിരിക്കുന്ന അമേരിക്കൻ സാമ്പത്തിക നയങ്ങളിൽ പ്രതിഫലിക്കും.

ഫ്ളോറിഡയിലെ പിയ ദാന്ധിയയുടെ വിജയം; 'സാമോസ കോക്കസിന് പുതിയ വീര്യം

യുഎസ് സഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഇന്ത്യൻ വംശജരുടെ എണ്ണം വർദ്ധിക്കുന്നത് ഇന്ത്യൻ സമൂഹത്തിന്റെ വലിയ വിജയമാണ്.

ഫ്ളോറിഡയിലെ 22ാം ഡിസ്ട്രിക്റ്റിൽ പിയ ദാന്ധിയയുടെ തിളക്കമാർന്ന ജയം

പൂർവ്വകാല അധ്യാപികയും സ്കൂൾ പ്രിൻസിപ്പലുമായിരുന്ന ഇന്ത്യൻ വംശജ പിയ ദാന്ധിയ ഫ്ളോറിഡയിലെ ക്ലോസ് മത്സരത്തിൽ എതിരാളിയായ മറൈൻ വെറ്ററൻ കേസി അസ്കറിനെ 51.9 ശതമാനം വോട്ടുകൾ നേടി പരാജയപ്പെടുത്തി. ഇന്ത്യൻ വംശജരിൽ നിന്നും ജനപ്രതിനിധി സഭയിലേക്ക് എത്തുന്ന ഏറ്റവും പുതിയ വനിതയാണ് ഇവർ.

ഇന്ത്യൻ കുടിയേറ്റക്കാരായ മാതാപിതാക്കളും ആദ്യ തലമുറയുടെ വളർച്ചയും

ഇന്ത്യയിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിയ മാതാപിതാക്കളുടെ മകളായ പിയ ദാന്ധിയ വിദ്യാഭ്യാസം, കമ്മ്യൂണിറ്റി സേവനം എന്നിവ മുൻനിർത്തിയാണ് പ്രചാരണം നടത്തിയത്. റിപ്പബ്ലിക്കൻ സ്വാധീന മേഖലയായിരുന്ന 22ാം മണ്ഡലത്തെ ബ്ലൂ കളറിലേക്ക് മാറ്റാൻ ഇവർക്ക് സാധിച്ചു.

യുഎസ് കോൺഗ്രസിലെ ഭാരതീയ പ്രതിനിധികളുടെ മുന്നേറ്റം

അമേരിക്കൻ പാർലമെന്റിലെ ഇന്ത്യൻ വംശജരായ കോൺഗ്രസ് അംഗങ്ങളുടെ കൂട്ടായ്മയായ 'സാമോസ കോക്കസിന്' പിയ ദാന്ധിയയുടെ വിജയം പുതിയ കരുത്ത് പകരും. ഇന്ത്യൻ വംശജരുടെ ശബ്ദമായി മാറും ഇവർ.

ഇന്ത്യൻ സമൂഹത്തിന്റെ ആഗോള രാഷ്ട്രീയ സ്വാധീനങ്ങൾ

വടക്കൻ അമേരിക്കയിലെ രാഷ്ട്രീയ ഭൂപടത്തിൽ ഭാരതീയരുടെ സ്ഥാനവും പങ്കാളിത്തവും അതിവേഗമാണ് വളരുന്നത്. തദ്ദേശീയ തീരുമാനങ്ങളിൽ ഇന്ത്യൻ നേതാക്കൾ നിർണ്ണായക സ്വാധീനമാകുന്നു.

ഇറാന്റെയും ചൈനയുടെയും പ്രതികരണങ്ങളും ആഗോള നയതന്ത്ര മാറ്റിപ്രതിഷ്ഠകളും

വാഷിംഗ്ടണിൽ ഡെമോക്രാറ്റുകൾ ഭൂരിപക്ഷം നേടിയതോടെ അന്താരാഷ്ട്ര വിദേശനയങ്ങളിൽ പുതിയ വഴിത്തിരിവുകൾ പ്രതീക്ഷിക്കപ്പെടുന്നു.

തെരഞ്ഞെടുപ്പ് ഫലങ്ങളെ 'യുദ്ധത്തിനെതിരായ സന്ദേശമായി' കണ്ട് ഇറാൻ

മിഡ്ടേം തെരഞ്ഞെടുപ്പിലെ ട്രംപിന്റെ തിരിച്ചടിയെ അമേരിക്കൻ ജനത യുദ്ധത്തെ എതിർക്കുന്നതിന്റെ തെളിവായി ഇറാനിയൻ പാർലമെന്റ് സ്പീക്കർ വിശേഷിപ്പിച്ചു. പേർഷ്യൻ ഉൾക്കടലിലെ സൈനിക പിരിമുറുക്കങ്ങൾ കുറയ്ക്കാൻ ഇത് സഹായിക്കുമെന്ന് ടെഹ്റാൻ കരുതുന്നു.

ഉഭയകക്ഷി സഹകരണ സന്നദ്ധത പ്രഖ്യാപിച്ച് ബീജിംഗ്


യുഎസ് ജനവിധിയെ ആഭ്യന്തര കാര്യമായി വിശേഷിപ്പിക്കുമ്പോഴും, പുതിയ ജനപ്രതിനിധികളുമായി നയതന്ത്ര ചർച്ചകൾ തുടരാൻ തയാറാണെന്ന് ചൈനീസ് വിദേശകാര്യ മന്ത്രാലയം പ്രഖ്യാപിച്ചു. വ്യാപാര വാണിജ്യ തർക്കങ്ങളിൽ അയവുണ്ടാകുമെന്നാണ് ബീജിംഗിന്റെ കണക്കുകൂട്ടൽ.

അന്താരാഷ്ട്ര ഉപരോധങ്ങളിലെ പുതിയ നയതന്ത്ര അയവുകൾ

പശ്ചിമേഷ്യൻ, യൂറോപ്യൻ രാജ്യങ്ങൾക്കുമേൽ ട്രംപ് ഭരണകൂടം ഏർപ്പെടുത്തിയ കടുത്ത സാമ്പത്തിക ഉപരോധങ്ങളിൽ അയവുകൾ കൊണ്ടുവരാൻ ഡെമോക്രാറ്റുകൾ കോൺഗ്രസിൽ സമ്മർദ്ദം ചെലുത്തും. ഇത് ആഗോള എണ്ണ വിപണിക്ക് അനുകൂലമാകും.

യൂറോപ്യൻ സഖ്യരാഷ്ട്രങ്ങളുടെയും യുക്രൈന്റെയും പ്രതീക്ഷകൾ

നാറ്റോ സഖ്യത്തെ ശക്തിപ്പെടുത്തുന്നതിനും യുക്രൈനിലേക്കുള്ള സാമ്പത്തിക സഹായങ്ങൾ പുനഃസ്ഥാപിക്കുന്നതിനും ഡെമോക്രാറ്റുകളുടെ വിജയം ആക്കം കൂട്ടുമെന്ന് യൂറോപ്യൻ യൂണിയൻ നേതാക്കൾ വിലയിരുത്തുന്നു.



NEXT GEN
The Future is New

Dear friends, let your imagination soar!

You can send in your creations too! Your age or grade doesn't matter at all. If you need a helping hand, you can team up with your parents, relatives, or friends.

Don't forget to include your full address and a passport-size photo along with your entry. Don't hold back—get ready and send them in right away! Send your creations via

WhatsApp to:

Mob: 9895922316

BRISTOL DENTAL CLINIC

Family, Cosmetic & Specialty Dentistry



Dr. Annie Thomas, Family, Cosmetic & Laser
Dr. Laura Minea, Family & Cosmetic
Dr. Roshini Gopal, Family & Cosmetic
Dr. Mahima Mahima, Family & Cosmetic
Dr. James Chacko, Oral Surgery & Implants
Dr. Shakti Singh, Orthodontist
Dr. Manav Nayyar, Endo
Dr. Mehrdad Radvar, Perio
Dr. Saurabh Chhabra, Prosthodontist

• Informed Dentistry • New Patients & Emergencies Welcome
• Comprehensive Dental Services Provided Under One Roof

SPECIALITY SERVICES


• Laser Dentistry • Cosmetic Dentistry • Orthodontics • Endodontics
• Periodontics • Oral Surgery • Implants • Dentures & Snap-On Smiles

We Accept CDCP (Canadian Dental Care Plan)

1-512 Bristol Road West,
Mississauga, ON L5R 3Z1
info@bristoldental.ca

(905) 712-3409
@ Bristol Road West & McLaughlin Road

CALL US FOR
Smile Contouring, Braces, Invisalgn, Perio & Gum Surgery, Root Canals, Oral Surgery, Wisdom Teeth, Implants, Dentures - all types



www.bristoldental.ca

THE CANADIAN HOME

നിങ്ങളുടെ ജീവിതത്തിലെ
വലിയൊരു INVESTMENT
അല്ലേ വീട്?

ഒരു SECOND
OPINION വേണ്ടേ?
ഞാൻ
കൂടെയുണ്ട്!

Scan & watch the video



MANOJ KARATHA
Broker of Record
+1 (647) 226 2665
The Canadian Home Realty Inc.

* This information is not intended to solicit